# യൂണിറ്റ് ഒന്ന് -പറവകൾ പാറി
## തീം: പറവകൾ

**പഠന ലക്ഷ്യങ്ങൾ**

**ഭാഷാവികാസം**

1. തീമിനെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, കഥകൾ, കഥാഗാനങ്ങൾ എന്നിവ കേട്ട് അവയെക്കുറിച്ച് വാചിക പ്രതികരണങ്ങൾ നടത്തുന്നു.
2. കഥാവേളകളിൽ ചെറു സദസിനു മുൻപിൽ കഥ ഭാവാത്മകമായി പറയുന്നതിന് .
3. കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയ ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
4. പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകി ഒറ്റയ്ക്കും കൂട്ടായും സദസ്സിനു മുൻപാകെ ഭാവാത്മകമായി അവതരിപ്പിക്കുന്നു
5. പലഘട്ടങ്ങളിലുള്ള പ്രവർത്തനം ആവശ്യപ്പെടുന്ന ലളിതമായ നിർദ്ദേശങ്ങൾ വായിച്ചും കേട്ടും മനസ്സിലാക്കി പ്രവർത്തിക്കുന്നു.
6. വസ്തുക്കൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രധാനവിവരങ്ങൾ വാചികമായി അവതരിപ്പിക്കുന്നു.
7. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം അക്ഷരങ്ങൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.
8. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.
9. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു
10. ശബ്ദഭംഗി ഉളവാക്കുന്ന വിധത്തിലുള്ള അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.
11. കടങ്കഥകേളികളിൽ ഏർപ്പെടുന്നു

**കലാ വിദ്യാഭ്യാസം, സൗന്ദര്യാത്മക സർഗാത്മക വികാസം (അരങ്ങനുഭവം)**

12. വിവിധതരം തീയേറ്റർ ഗെയിമുകളിലൂടെ വിവിധ സന്ദർഭങ്ങളെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുന്നു
13. പക്ഷികളുടെ ശബ്ദം അനുകരിച്ച് അവതരിപ്പിക്കുന്നു
14. കേട്ട /വായിച്ച കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ റോൾപ്ലേയിലൂടെ അവതരിപ്പിക്കുന്നു
15. പാട്ടിനും ആശയത്തിനും താളാത്മകമായ ശബ്ദത്തിനും അനുസൃതമായി താളത്തിൽ ചുവടുവെക്കുന്നു

**കലാ വിദ്യാഭ്യാസം, സൗന്ദര്യാത്മക സർഗാത്മക വികാസം (വരയനുഭവം)**

16. പ്രകൃതിയെ നിരീക്ഷിച്ച് സ്വതന്ത്രമായി ചിത്രരചന നടത്തുന്നു
17. വിവിധ പ്രതലങ്ങളിൽ വരച്ച് നിറം നൽകുന്നു.
18. ചിത്രങ്ങൾ നിരീക്ഷിച്ച് വ്യാഖ്യാനിക്കുന്നു.

**കലാ വിദ്യാഭ്യാസം, സൗന്ദര്യാത്മക സർഗാത്മക വികാസം (നിർമാണാനുഭവം)**

19. നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മപേശി വികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
20. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

**ആരോഗ്യ കായിക ചാലക വികാസം**

21. അടിസ്ഥാന ചലനനൈപുണികൾ വികസിപ്പിക്കുന്നതിനുള്ള ബഹുവിധപ്രവർത്തനങ്ങളിൽ ഏർപ്പെടുക ( പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, ഏറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവ)
22. ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ പ്രവർത്തനങ്ങൾ ചെയ്യുന്നു.
23. ശരീരാവയവങ്ങളുടെ ഏകോപനം ആവശ്യമുള്ള പ്രവർത്തനത്തിൽ ഏർപ്പെടുക ( സ്കിപ്പിംഗ്, ബാസ്കറ്റ് ബോൾ, ലക്ഷ്യത്തിലുന്നം പിടിച്ചു പന്തെറിയൽ, താളാത്മക ചലനം മുതലായവ)
24. വ്യത്യസ്ത രീതികളിൽ കൈകൊണ്ട് താളമടിച്ച് ആശയവമനിമയം നടത്തുന്നു.
25. ആരോഗ്യം സംരക്ഷിക്കാൻ വേണ്ട കാര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു

**സാമൂഹിക വൈകാരിക വികാസം**

26. കൂട്ടായ്മ വളർത്തുന്ന പരിപാടികളിൽ പങ്കാളിയാകുന്നു

**വൈജ്ഞാനിക വികാസം ( പരിസരപഠനം)**

| രൂപീകരിക്കേണ്ട ആശയംങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
|---|---|---|---|
| ചുറ്റുപാടും പലതരം പക്ഷികൾ ഉണ്ട്. ശബ്ദം, നിറം, വലുപ്പം, ശരീരത്തിന്റെ പ്രത്യേകതകൾ എന്നിവ പക്ഷികളെ വേർ തിരിച്ചറിയാൻ സഹായിക്കുന്നു. | 23. ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. നിറങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു. നിഗമനങ്ങളിൽ എത്തിച്ചേരുന്നു. തൂവലുകൾ കണ്ടാൽ പക്ഷി ഏതാണെന്ന് ഊഹിക്കാൻ കഴിയുന്നു. | നിരീക്ഷണം, തരംതിരിക്കൽ, താരതമ്യം ചെയ്യൽ | ജീവജാതികളിലെ വൈവിധ്യം മാനിക്കാനുള്ള മനോഭാവം |
| പക്ഷികളുടെ തൂവലുകൾക്ക് ഭാരംകുറവാണ്. അതിൽ എണ്ണമയം ഉണ്ട്. തൂവലുകൾ ശരീരത്തെ പൊതിഞ്ഞുസംരക്ഷിക്കുന്നു. | 24. നിരീക്ഷണപരീക്ഷണങ്ങളിലൂടെ പക്ഷികളുടെ തൂവലുകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. പക്ഷികൾക്ക് തൂവലുകൾ എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് അന്വേഷിച്ച് കണ്ടെത്തുന്നു. | പരീക്ഷണം, നിരീക്ഷണം, അപഗ്രഥനം, നിഗമനം | പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള മനോഭാവം വളരുന്നു |
| പക്ഷികളുടെ കാലുകൾ മറ്റുള്ളവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നിവ പക്ഷികളെ പറക്കാൻ സഹായിക്കുന്നു | 25. പരിചിത പക്ഷികളുടെ കാലുകൾ നിരീക്ഷിച്ച് പ്രത്യേകതകൾ ചിത്രീകരിക്കുന്നു. കാൽപ്പാടുകൾ നിരീക്ഷിച്ച് പക്ഷികളുടേത് തിരിച്ചറിയുന്നു. | നിരീക്ഷണം, താരതമ്യം | |
| പക്ഷികൾ മുട്ടയിടുന്നവയാണ്. പക്ഷികളുടെ മുട്ടകൾ വലുപ്പത്തിലും നിറത്തിലും വ്യത്യസ്തമാണ്. | 26. പക്ഷിമുട്ടകൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. മുട്ടകൾ ഉപയോഗിച്ചുള്ള പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | നിരീക്ഷണം, നിഗമനരൂപീകരണം | നിരീക്ഷണകൗതുകം വളരുന്നു |
| പക്ഷികൾ ശബ്ദത്തിലൂടെ ആശയവിനിമയം നടത്തുന്നു | 27. പരിചിതമായ പക്ഷികളുടെ ശബ്ദം കേട്ട് പക്ഷികളെ തിരിച്ചറിയുന്നു. പക്ഷികളുടെ ശബ്ദം അനുകരിക്കുന്നു. | നിരീക്ഷണം, താരതമ്യം | പ്രകൃതിയിലെ ശബ്ദം ആസ്വദിക്കുന്നു |
| സാധാരണയായി കാണുന്ന പക്ഷികളും വല്ലപ്പോഴും കാണുന്ന പക്ഷികളും നാട്ടിലുണ്ട് | 28. കാക്ക, തത്ത, മൈന, കുയിൽ, പരുന്ത്, വവ്വാൽ, തുടങ്ങി നാട്ടുപക്ഷികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. | വിവരശേഖരണം, ആശയവിനിമയം | പക്ഷിനിരീക്ഷണതാല്പര്യം വളരുന്നു |
| പക്ഷികൾ പഴങ്ങൾ ധാന്യമണികൾ, ചെറുജീവികൾ എന്നിവയെ ആഹാരമാക്കുന്നു | 29. പക്ഷികളെ നിരക്ഷിച്ചും മറ്റുള്ളവരോട് അന്വേഷിച്ചും പക്ഷികളുടെ ആഹാരത്തെക്കുറിച്ച് വിവരം ശേഖരിക്കുന്നു. | വിവരശേഖരണം | അന്വേഷണതൃഷ്ണ വളരുന്നു |
| പക്ഷികൾ ജീവജാലങ്ങൾക്ക് പലവിധത്തിൽ പ്രയോജനം ചെയ്യുന്നു. | 30 പക്ഷികൾ ജീവജാലങ്ങൾക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നുവെന്ന് അന്വേഷിച്ചറിയുന്നു. | വിവരശേഖരണം | പക്ഷികളെ സ്നേഹിക്കുന്നതിനുള്ള മനോഭാവം |

**ക്ലാസ് ക്രമീകരണം-**

- എല്ലാ കുട്ടികൾക്കും ബോർഡും ചാർട്ടും വ്യക്തമായി കാണാൻ കഴിയുന്ന രീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചും ക്ലാസിൽ ഇടതുവശത്തായി ഇരിക്കുന്ന കുട്ടികൾക്ക് ബോർഡ്, ചാർട്ട് എന്നിവയിൽ ടീച്ചർ എഴുതുന്ന രീതി കാണാൻ കഴിയാതെ വരാം. അതിനാൽ ആ കുട്ടികൾക്ക് മറയില്ലാത്ത വിധം ക്രമീകരിക്കണം.
- ടീച്ചർ പിന്തുണാബുക്കുമായി പോകുമ്പോൾ ഓരോ കുട്ടിക്കും ഒപ്പം ഇരിക്കേണ്ടിവരും. അതിനു കഴിയുന്ന വിധത്തിൽ ബെഞ്ചിൽ സ്ഥലം വേണ്ടിവരും. രണ്ടു ബഞ്ചുകളുടെ ഇടയിലൂടെ നടന്നു പോകാനും കഴിയണം. അതിനാൽ ചതുരാകൃതിയിലോ അർധവൃത്താകൃതിയിലോ ഇംഗ്ളീഷ് അക്ഷരം യു ആകൃതിയിലോ ക്ലാസ് ക്രമീകരിക്കണം.
- ഓരോ ബെഞ്ചിനും പഠനോപകരണ കിറ്റ് ലഭ്യമാക്കണം. പെൻസിൽ, ക്രയോൺസ്, കട്ടർ, റബ്ബർ, കത്രിക, പശ എന്നിവയും അന്നേ ദിവസം ആവശ്യമായ ചിത്രങ്ങൾ, കട്ടൗട്ടുകൾ തുടങ്ങിയവയും കിറ്റിൽ ഉണ്ടാകണം. സമയം ലാഭിക്കാൻ ഇത് ആവശ്യമാണ്.
- ചാർട്ടുകൾ സ്ഥിരമായി പ്രദർശിപ്പിക്കേണ്ടതാണ്. അതിനാൽ അതിനുള്ള സംവിധാനവും ഒരുക്കണം.
- കുട്ടികൾ വന്ന് ബോർഡിൽ എഴുതേണ്ടതുണ്ട്. കുട്ടികളുടെ ഉയരം പരിഗണിച്ചല്ല ബോർഡ് എങ്കിൽ അവർ എഴുതാൻ വരുന്ന സമയത്ത് ചെറു ബഞ്ചുകൾ ഭിത്തിയോട് ചേർന്ന് ക്രമീകരിക്കാവുന്നതാണ്,

**സമയാസൂത്രണം**

- മുപ്പത് കുട്ടികളുള്ള ക്ലാസിനെ കണ്ടുകൊണ്ടാണ് സമയാസൂത്രണം. കുട്ടികളുടെ എണ്ണം കുറവുള്ള ക്ലാസുകളിൽ അനുയോജ്യമായ മാറ്റം അതത് സഹചര്യം അനുസരിച്ച് അധ്യാപകർ വരുത്തേണ്ടതാണ്.
- വികാസമേഖലകൾ പരിഗണിച്ചാണ് പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളതെങ്കിലും പിരീഡ് അലോട്ട്മെന്റ് വിഷയാടിസ്ഥാനത്തിലാകയാൽ അതനുസരിച്ചാണ് അയവുള്ള സമയാസൂത്രണം
- ഭാഷയ്ക്ക് ഒരാഴ്ചയിൽ പത്തുപിരീഡും പരിസരപഠനത്തിന് അഞ്ച് പിരീഡും കലാ കായികപ്രവൃത്തിപരിചയവിദ്യാഭ്യാസത്തിന് മൂന്നു പിരീഡ് വീതവുമാണുള്ളത്. അതായത് ഇരുപത്തിനാല് പിരീഡ്. 35 മിനിറ്റ് ഒരു പിരീഡിന് എന്ന തോതിൽ കണക്കാക്കിയാൽ പതിനാല് മണിക്കൂർ. ഒരുദിവസം രണ്ടു മണിക്കൂറും നാല്പത്തെട്ട് മിനിറ്റും കിട്ടും. ബാക്കിയുള്ള സമയമാണ് ഇംഗ്ലീഷ്, ഗണിതം, ഇതരഭാഷ എന്നിവയുടെ പഠനത്തിനായി നീക്കിവെക്കേണ്ടത്. ഓരോ ദിവസവും ആദ്യത്തെ മൂന്ന് പിരീഡ് നാല്പത് മിനിറ്റ് വീതമാണ്. അതിൽ രണ്ടു പിരീഡ് മലയാളത്തിനാണ് മാറ്റിവെക്കുന്നതെങ്കിൽ ആഴ്ചയിൽ അമ്പത് മിനിറ്റുകൂടി കിട്ടും. അതായത് പതിനാല് മണിക്കൂർ 55 മിനിറ്റ്.
- ഒരേ പ്രവർത്തനം തന്നെ ഒന്നിലധികം വികാസമേഖലകൾക്ക് പരിഗണന ലഭിക്കത്തക്കവിധം നിർദേശിക്കുന്ന സന്ദർഭങ്ങളുണ്ട്. അവിടെയും പഠനലക്ഷ്യങ്ങൾ വേറിട്ടതായിരിക്കുമെന്ന കാര്യം ശ്രദ്ധിക്കണം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരിടത്ത് മാത്രമേ സമയസൂചന പട്ടികയിൽ കാണൂ.
- പരസ്പരം കണ്ണിചേർത്തും അല്ലാതെയും പ്രവർത്തനങ്ങൾ നിർദേശിച്ചിട്ടുണ്ട്. തീമിന്റെ ആശയപരിസരത്തിനാണ് പ്രാധാന്യം നൽകേണ്ടത്.
- പരിസരപഠനത്തിന്റെ പ്രവർത്തനങ്ങൾ എപ്പോഴും കഥയുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കണമെന്നില്ല. കഥയുടെ ഒഴുക്കിനെ ബാധിക്കാത്ത വിധം കണ്ണിചേർക്കുന്നതിനുള്ള സാധ്യതയുണ്ടെങ്കിൽ അത് പ്രയോജനപ്പെടുത്തണം.
- പൊതുപ്രവർത്തനങ്ങളായി സൂചിപ്പിക്കുന്ന കഥാവേള, സംയുക്തഡയറി, വായനോത്സവം, രചനോത്സവം തുടങ്ങിയവയുടെ പ്രക്രിയ ഓരോ യൂണിറ്റിലും വിശദീകരിക്കുന്നില്ല. കൈപ്പുസ്തകത്തിന്റെ ആദ്യഭാഗത്തെ സൂചനകൾ പ്രയോജനപ്പെടുത്തണം.
- സവിശേഷ സഹായസമയം എന്ന് കാണിക്കുന്നത് പലകാരണങ്ങളാൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്കു വേണ്ടി സമയം കണ്ടെത്തലാണ്. ആ സമയം മറ്റു കുട്ടികൾക്ക് സ്വയം നിയന്ത്രിത പ്രവർത്തനങ്ങൾ നല്കേണ്ടതാണ്.

LPSAH



## സമയാസൂത്രണ പട്ടിക – യൂണിറ്റ് ഒന്ന്

| ആഴ്ച | ദിവസം | ഭാഷ | പരിസരപഠനം | പ്രവൃത്തിപരിചയം | കലാവിദ്യാഭ്യാസം | കായികവിദ്യാഭ്യാസം |
|---|---|---|---|---|---|---|
| 1 | 1 | **1.കഥാവേള** (40 മിനിറ്റ്) 2.1 ചിറകടിയൊച്ച ( എഴുത്ത്) 2.2 ചിറകടിയൊച്ച (വായന) 2.3 ബോർഡെഴുത്തും എഡിറ്റിംഗും ( 40 മിനിറ്റ്) | 3.കിളിനാദം 4.പക്ഷിച്ചിത്ര ആൽബം, നിരീക്ഷണം (35 മിനിറ്റ്) | 5.കിളിയെ ഉണ്ടാക്കാം - മഞ്ഞക്കിളികൾ (35 മിനിറ്റ്) | കിളിനാദം 6. പാട്ടനുഭവം | 7.താളവും ചുവടും ( പാട്ടനുഭവത്തിൽ വരുന്നത്. (35 മിനിറ്റ്) |
| | 2 | 8.താനതനതനാ എഴുത്തനുഭവം 9. തനതന താന വായനാനുഭവം എഡിറ്റിംഗ് (80 മിനിറ്റ്) | 10.ചിത്രപ്രദർ ശനം (35 മിനിറ്റ്) | | ചിത്രപ്രദർശനം (35 മിനിറ്റ്) | 11. സ്വതന്ത്രകളികൾ (35 മിനിറ്റ്) |
| | 3 | 12.1 പറവകൾ പാറി ( എഴുത്തനുഭവം) 2.1 പുസ്തകവുമായി പൊരുത്തപ്പെടുത്തൽ (വായനാനുഭവം), പാവം മഞ്ഞക്കിളി (80 മിനിറ്റ്) | | | 13.പാവം മഞ്ഞക്കിളി | 14. പക്ഷിക്കൂട്ടിൽ മുട്ടകൾ വെക്കാം. (35 മിനിറ്റ്) |
| | 4 | 15. പാട്ടരങ്ങ് (40 മിനിറ്റ്) 16. സവിശേഷ സഹായസമയം (40 മിനിറ്റ്) | 17. മുട്ടനിരീക്ഷണം (35 മിനിറ്റ്) 18. മുട്ടത്തോട് പരീക്ഷണം (35 മിനിറ്റ്) | 19.മുട്ടത്തോടിൽ നിന്നും കിളി (35 മിനിറ്റ്) | 20 പാട്ടരങ്ങ് 21. മുട്ടത്തോടിൽ പടം (35 മിനിറ്റ്) | |
| | 5 | 22.പാഠപുസ്തകത്തിലേക്ക് (40 മിനിറ്റ്) 23.സവിശേഷസഹായ സമയം (40 മിനിറ്റ്) | 24. തൂവൽ നിരീക്ഷണം(35 മിനിറ്റ്) 25. തൂവൽ പരീക്ഷണം (35 മിനിറ്റ്) | 26 തൂവൽമയിൽ നിർമാണം (35 മിനിറ്റ്) | | |
| | **ആകെ** | **10 പിരീഡ്** | **5 പിരീഡ്** | **3 പിരീഡ്** | **3 പിരീഡ്** | **3 പിരീഡ്** |
| 2 | 6 | 27.1 വായിക്കാം കണ്ടെത്താം 27.2 എഴുത്തനുഭവം (80 മിനിറ്റ്) | 28.വരൂ പറവകളേ | | വർഷാദ്യ ക്ലാസ് പി ടി എ കുട്ടികളുടെ തത്സമയ പ്രകടനങ്ങൾ, വീഡിയോ പ്രദർശനം (വായന, അരങ്ങ്,പക്ഷിച്ചിത്രവിവരണം) | |
| | 7 | 29. കടങ്കഥകേളി 30. പാട്ടരങ്ങ് 31. വായനയും ആവിഷ്കാരവും (80 മിനിറ്റ്) | 32. പക്ഷികളുടെ കാൽപ്പാടുകൾ ( നിരീക്ഷണം) | | 33. നിറം നൽകാം. (35 മിനിറ്റ്) | |
| | 8 | പഠനലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി ഓരോ കുട്ടിയുടെയും നില വിലയിരുത്തുന്നതിനുള്ള തത്സമയപ്രവർത്തനങ്ങൾ നടത്തുന്നതിനും പിന്തുണയ്ക്കും സവിശേഷ സഹായം നൽകുന്നതിനും | | | | |

**അക്ഷരങ്ങളും ചിഹ്നങ്ങളും അവയുടെ പുനരനുഭവവും**

ഒന്നാം യൂണിറ്റിൽ പരിചയപ്പെടുത്തുന്ന അക്ഷരങ്ങളെല്ലാം എല്ലാ കുട്ടികളും യൂണിറ്റിന്റെ വിനിമയകാലയളവിൽ സ്വായത്തമാക്കണമെന്നില്ല. തുടർന്നു വരുന്ന യൂണിറ്റുകളിൽ ഇതേ അക്ഷരങ്ങളുടെ പുനരനുഭവം ഒരുക്കിയിട്ടുണ്ട്. പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ഗ്രഫെഴുത്ത്, ഗ്രാഫ് വായന എന്നീ തലങ്ങളിൽ നിന്നും അക്ഷരബോധ്യത്തോടെയുള്ള വായനയും എഴുത്തും രണ്ടാമത്തെയോ മൂന്നാമത്തെയോ യൂണിറ്റുകൾ കഴിയുമ്പോഴാണ് സാധ്യമാവുക. അതിനാൽ പരിചയപ്പെടുത്തുന്ന എല്ലാ അക്ഷരങ്ങളുടെയും ഊന്നൽ തൊട്ടടുത്ത മൂന്നു യൂണിറ്റുകളിൽ ഉണ്ടാകും വിധമാണ് ക്രമീകരണം. ഓരോ യൂണിറ്റിലും ഏതെല്ലാം അക്ഷരങ്ങൾക്കാണ് ഊന്നൽ നൽകുന്നത് എന്ന് അധ്യാപകർ അറിയേണ്ടതുണ്ട്. പുനരനുഭവം ആ പാഠത്തിനുള്ളിലും തുടർന്നുള്ള പാഠങ്ങളിലും എപ്രകാരമെന്നും ധാരണ വേണം.

**ഒന്നാം യൂണിറ്റിൽ പരിചയപ്പെടുത്തുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും**

| അക്ഷരങ്ങൾ | ഊന്നൽ നൽകുന്ന അക്ഷരങ്ങൾ വരുന്ന വാക്കുകൾ | ചിഹ്നങ്ങൾ | ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ വരുന്ന വാക്കുകൾ |
|---|---|---|---|
| 1. പ | പട, പറവകൾ, പാറി, പാടി, കലപില | ാ | പാടി, പാറി, താന |
| 2. ട | പട, പാടി | ി | പാടി, പാറി, കലപില, തനതിന |
| 3. റ | പറവകൾ, പാറി, നിറം | | |
| 4. വ | പറവകൾ, തൂവലുകൾ | ു | തനതിന |
| 5. ക | പറവകൾ, കലപില, | | |
| 6. ൾ | പറവകൾ, തൂവലുകൾ, തൂവല് | ൂ | തൂവലുകൾ, തൂവലു താ |
| 7. ത | തന, താന, തൂവലുകൾ, താ, തനതിന | | |
| 8. ല | കലപില, തൂവലുകൾ, തൂവലു താ | | |
| 9. ന | തന, താന, നിറം | | |

- ഈ പട്ടികയിലുള്ള വാക്കുകൾ പലതവണ വരുന്നുണ്ട്. ഉദാഹരണം പട എന്നത് നാലുതവണ പാഠപുസ്തകത്തിൽ വരുന്നു. പ്രവർത്തനപുസ്തകത്തിൽ അതെഴുതാനും രണ്ടു തവണ വരുന്നുണ്ട്. നിറം താ എന്ന വാക്യം കുട്ടികൾ എഴുതുന്നതടക്കം സചിത്രപ്രവർത്തനപുസ്തകത്തിൽ മൂന്നുതവണ സ്വാഭാവികമായി വരുന്നു. ഒരേ പാഠത്തിൽ ഒന്നിലധികം തവണ അക്ഷരങ്ങളും വാക്കുകളും ആവർത്തിക്കുന്നത് എല്ലാകുട്ടികളെയും പരിഗണിച്ച് പിന്തുണ നൽകുന്നതിനുള്ള സന്ദർഭങ്ങൾ ലഭിക്കുന്നതിനും കുട്ടികൾക്ക് തെളിവെടുത്തെഴുതുന്നതിനും സഹായകമാണ്.
- ചിഹ്നങ്ങളുടെ കാര്യത്തിൽ ആദ്യം ചിഹ്നംചേർത്ത അക്ഷരം വരാത്ത രീതിയിലുള്ള വാക്കുകളാണ് പരിചയപ്പെടുത്തുന്നത്. ഉദാ- പട. പിന്നീടാണ്താണ് പാ എന്ന് ( പാറി, പാടി) വരുന്നത്. പറവകൾ, പാറി എന്നതിലെ റയും അങ്ങനെ തന്നെയാണ് ക്രമീകരിച്ചത്. തന, തിന, തനു, താന എന്നതിൽ തയുടെയും നയുടെയും കൂടെ വരുന്ന ചിഹ്നങ്ങൾ എന്നിവ ഒക്കെ ഉദാഹരണം.
- പ്രതിദിന സ്വതന്ത്രവായനാപാഠങ്ങൾ അക്ഷരപുനരനുഭവത്തിന്റെ മറ്റൊരു സാധ്യതയാണ്. അങ്ങനെ വായനാപാഠങ്ങൾ തയ്യാറാക്കുമ്പോൾ പരിചയിച്ച അക്ഷരങ്ങളും ചിഹ്നങ്ങളും മാത്രമാകണം പ്രയോജനപ്പെടുത്തേണ്ടത്.

**പഠനലക്ഷ്യങ്ങളും പഠനപ്രവർത്തനങ്ങളും**

- ഒന്നാം ക്ലാസിൽ കേരളപാഠാവലിക്ക് രണ്ടുഭാഗങ്ങൾ ഉണ്ട്. ഓരോ ടേമിലേക്കും നിശ്ചയിച്ച പഠനലക്ഷ്യങ്ങളും തീമുകളും മുൻനിറുത്തിയാണ് പാഠങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.
- പഠനലക്ഷ്യങ്ങൾ നേടുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ മാത്രമേ അധ്യാപകർക്കുള്ള കൈപ്പുസ്തകത്തിൽ നിർദേശിക്കുന്നുള്ളൂ.
- അധ്യാപകർക്കുള്ള കൈപ്പുസ്തകം, കേരളപാഠാവലി, സചിത്രപ്രവർത്തനപുസ്തകം എന്നിവയിലെ പ്രവർത്തനങ്ങൾ യുക്തിപൂർവമായ ക്രമത്തിൽ അവതരിപ്പിക്കുകയാണ് വേണ്ടത്. ആസൂത്രക്കുറിപ്പുകളുടെ ഉള്ളടക്ക ക്രമീകരണംത്തിൽ ഇനി പറയുന്ന ഘടകങ്ങൾ ഉണ്ടാകും.

1. പ്രവർത്തനത്തിന്റെ പേര് , വികാസമേഖല/വിഷയം
2. പഠനലക്ഷ്യങ്ങൾ
3. കരുതേണ്ട സാമഗ്രികൾ
4. പ്രതീക്ഷിത സമയം
5. ഊന്നൽ നൽകുന്ന അക്ഷരങ്ങൾ , ചിഹ്നങ്ങൾ ( ഭാഷാപ്രവർത്തനങ്ങൾക്ക് മാത്രം)
6. പ്രക്രിയാ വിശദാംശം
7. പ്രതീക്ഷിത ഉല്പന്നം
8. വിലയിരുത്തൽ

ഓരോ ദിവസത്തെയും പരിഗണിച്ച് ഏകദേശ സമയവിന്യാസം നൽകുന്നത് ആസൂത്രണസൗകര്യത്തിനു വേണ്ടിയാണ്. അതിൽ ക്ലാസ് സാഹചര്യമനുസരിച്ച് മാറ്റം വരാം. ചിലപ്പോൾ പ്രവർത്തനങ്ങൾ നേരത്തെ തീരാം. പൊതുവായ പ്രവർത്തനങ്ങളും സ്വതന്ത്രകളികളും അപ്പോൾ നൽകണം. ചിലപ്പോൾ പ്രവർത്തനം അടുത്ത ദിവസത്തേക്ക് നീളാം. അതനുസരിച്ച് മൊത്തം പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം വേണ്ടിവരാം.

| |
|---|
| **പ്രവർത്തനത്തിന്റെ പേര്- കഥാവേള** |
| **പഠനലക്ഷ്യങ്ങൾ**<br>**1. കഥാ വേളകളിൽ ചെറു സദസിനു മുൻപിൽ കഥ ഭാവാത്മകമായി പറയുന്നു.**<br>**2. കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയ ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.** |

പൊതു പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണഭാഗത്ത് കഥവേള നടത്തേണ്ടതിന്റെ നിർദേശങ്ങളുണ്ട്. അത് നോക്കുക.

| |
|---|
| **പ്രവർത്തനത്തിന്റെ പേര് - കിളിനാദം ( പരിസരപഠനം, കലാവിദ്യാഭ്യാസം,)** |
| **പഠനലക്ഷ്യങ്ങൾ.**<br>**1. പക്ഷികളുടെ ശബ്ദം അനുകരിച്ച് അവതരിപ്പിക്കുന്നു**<br>**2. ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. ( പരിസരപഠനം)** |

**കരുതേണ്ട സാമഗ്രികൾ**- ഒറിഗാമിക്കിളി, പേപ്പർ കൂട്, പശ, എ ഫോർ പേപ്പർ. പക്ഷികളുടെ ചിത്രങ്ങൾ
**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ-**

- നിങ്ങളെയൊക്കെ കാണാനായി ഇന്ന് എന്നോടൊപ്പം ഒരാൾ കൂടി എത്തിയിട്ടുണ്ട്. ഈ കവറിനുള്ളിലാണ് ആൾ. ആരാണെന്ന് ഊഹിക്കാമോ? ( സ്വതന്ത്ര പ്രതികരണം). അതാരാണെന്ന് നോക്കിയാലോ? ടീച്ചർ കവറിനുള്ളിലേക്ക് കൈ കടത്തി ഉള്ളിലേക്ക് നോക്കി കവറിനുളളിലുള്ള പറവയോടായി പറയുന്നു.

വരൂ വരൂ ദേ ഇവരെല്ലാം കാത്തിരിക്കുകയാണ്.
പതിയെ കിളിയെ കവറിനുള്ളിൽ നിന്ന് ഇറക്കുന്നു. എല്ലാവരും കിളിക്ക് ഹായ് പറയൂ. ഓരോരുത്തരുടെയും അരികെ ചെന്ന് ഹായ് പറയിക്കുന്നു.
ഈ കിളിയുടെ കൂട്ടുകാരായ മറ്റു പക്ഷികളും നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നുണ്ട്. അവർ ടീച്ചറിന്റെ മൊബൈലിൽ നിങ്ങൾക്കായി ഒരു മെസ്സേജ് അയച്ചിട്ടുണ്ട്. എന്താണെന്നോ നിങ്ങൾക്ക് കേൾക്കണോ?
ഘട്ടം ഒന്ന്- കിളിനാദം കേട്ട് കിളിയെത്തിരിച്ചറിയൽ

- ഐസിടി സാധ്യതയോടെ വിവിധപക്ഷികളുടെ ശബ്ദം ഓഡിയോ കേൾപ്പിക്കുന്നു. ഇത് ഏതൊക്കെ കിളികൾ ആണെന്ന് മനസ്സിലായോ? ചില കളികളെ അറിയാം, അല്ലേ? ചിലരെ മനസ്സിലാകുന്നില്ല. സാരമില്ല നമുക്ക് മറ്റൊരു കിളിയുടെ ശബ്ദം കൂടി കേൾക്കാം. പക്ഷേ കണ്ണടച്ചിരിക്കണം. ആളെ തിരിച്ചറിഞ്ഞവർ പേര് പറയണ്ട. അതേപോലെ ശബ്ദം കേൾപ്പിക്കണം. എല്ലാവരും റെഡി അല്ലേ? എഴുന്നേറ്റ് നിന്നാണ് നിങ്ങൾ ശബ്ദം കേൾപ്പിക്കേണ്ടത്. തുടർന്ന് ടീച്ചർ ഒരു കുയിലിന്റെ ശബ്ദം ഓഡിയോ കേൾപ്പിക്കുന്നു. കുയിലിന്റെ ശബ്ദം തിരിച്ചറിഞ്ഞ കുട്ടികൾ എഴുന്നേറ്റ് നിന്ന് കുയിലിനെ പോലെ ശബ്ദം കേൾപ്പിക്കണം. എന്നിട്ട് പേരു പറയണം.

രണ്ടാം ഘട്ടം. കിളിയുടെ പേരു പറഞ്ഞാൽ ശബ്ദം ഉണ്ടാക്കൽ

- എല്ലാവരും കണ്ണടയ്ക്കുക. ഞാൻ കിളിയുടെ പേരു പറയുമ്പോൾ അതിന്റെ ശബ്ദം ഉണ്ടാക്കണം.

കാക്ക, പ്രാവ്, കോഴി, താറാവ്, കുയിൽ എന്നിവയുടെ ശബ്ദം അനുകരിക്കാൻ അവസരം ഒരുക്കുന്നു.
തുടർന്ന് സ്ക്രീനിൽ കിളികളെ കാണിക്കണം. എല്ലാവരും ശബ്ദം അനുകരിക്കണം.
നാട്ടു പക്ഷികളുടെ ചിത്രം പ്രദർശിപ്പിച്ച് പേരു അറിയാവുന്നവർക്ക് പറയാൻ അവസരം നൽകാം.

- മൈന, മയിൽ, കുയിൽ, തത്ത, മഞ്ഞക്കിളി, മണ്ണാത്തിപ്പുള്ള്, കുട്ടുറു, മരംകൊത്തി, ഉപ്പൻ,

- വേഴാമ്പൽ, കാക്കത്തമ്പുരാട്ടി, മൂങ്ങ, വവ്വാൽ, പ്രാവ്, പരുന്ത്, ചങ്ങാലി പ്രാവ്,
- കുളക്കോഴി, കൊക്ക്, കുരുവി, ഇരട്ടത്തലച്ചി, തേൻകിളി. വാലുകുലുക്കി
- നാകമോഹൻ, ആറ്റക്കറുപ്പൻ. ഓലേഞ്ഞാലി.....

എന്നിവയയിൽ നിന്നും എട്ടോപത്തോ പക്ഷികളെ തെരഞ്ഞെടുത്താൽ മതിയാകും.
ഇടവേളകളിൽ സ്കൂൾ പരസരത്ത്  എത്ര പക്ഷികളെ കാണാനായി?
അവയുടെ ശബ്ദം ശ്രദ്ധിച്ചുകേട്ട് ക്ലാസിൽ മിമിക്രി രൂപത്തിൽ അവതരിപ്പിക്കണം.
പക്ഷികളിലെ വൈവിധ്യം ബോധ്യപ്പെടാനും പക്ഷികളെ നിരീക്ഷിക്കാൻ താല്പര്യമുണർത്താനും കഴിയണം.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- വീട്ടുവളപ്പിലും സ്കൂൾ വളപ്പിലും നാട്ടുപക്ഷികളുടെ ശബ്ദം ശ്രദ്ധിച്ച എത്ര കുട്ടികളുണ്ട്?
- പക്ഷികളുടെ ശബ്ദം കേട്ട് കൂടുതൽ പക്ഷികളെ തിരിച്ചറിഞ്ഞവരാരെല്ലാം?
- പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക് എന്ത് അനുരൂപീകരണാനുഭവമാണ് ഒരുക്കിയത്?

| **പ്രവർത്തനത്തിന്റെ പേര് - താളവും ചുവടും ( കലാവിദ്യാഭ്യാസം- അഭിനയം, താളം)** |
|---|
| **പഠനലക്ഷ്യം**<br>**1. പാട്ടിനും ആശയത്തിനും താളാത്മകമായ ശബ്ദത്തിനും അനുസൃതമായി താളത്തിൽ ചുവടുവെക്കുന്നു** |

**കരുതേണ്ട സാമഗ്രികൾ-** കുട്ടികളുടെ ഇരുകൈകളിലും പക്ഷിച്ചിറകുകളായി പാറാൻ പറ്റുന്ന വിധം രണ്ടോ മൂന്നോ കളറിലുളള റിബ്ബൺ കഷണങ്ങൾ, ടീച്ചർക്ക് ചിറകായി ചലിപ്പിക്കാൻ ഷാൾ കരുതണം.

**പ്രതീക്ഷിത സമയം** - ഇരുപത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ-**

കുയിലിനെപ്പോലെ നമ്മൾ പാടി. ഇനി നമുക്ക് പാട്ടു പാടി പറന്നാലോ. നമ്മളെല്ലാം പക്ഷികളായി മാറുകയാണ്. പക്ഷേ  ചിറക് വേണം. റിബ്ബൺ ചുറ്റിയ കൈകൾ ചിറകുകളാക്കി നമുക്ക് പറക്കാം. വെറുതെ പറന്നാൽ പോര പാട്ടുപാടി പറക്കണം. ടീച്ചർ പാട്ടിന്റെ വരികൾ ചെല്ലുന്നു. കുട്ടികൾക്ക് ഏറ്റു ചൊല്ലാൻ അവസരം നൽകുന്നു. വരികളിലെ ആശയം അനുസരിച്ച് വലത്തോട്ടും ഇടത്തോട്ടും ഉയർന്നും താഴ്ന്നും പറക്കുന്നതായി അഭിനയിക്കണം.

ചിറകടിച്ച് ചിറകടിച്ച് വരികയാണ് പറവകൾ.
ഇടത്തോട്ട് ചിറകടിച്ച് വരികയാണ് പറവകൾ
വലത്തോട്ട് ചിറകടിച്ച് വരികയാണ് പറവകൾ
ഉയർന്നുയർന്നു ചിറകടിച്ച് വരികയാണ് പറവകൾ
താഴ്ന്നു താഴ്ന്നു ചിറകടിച്ച് വരികയാണ് പറവകൾ
മലകടന്ന് പുഴകടന്ന് വരികയാണ് പറവകൾ.

എല്ലാവരും ചേർന്ന് പാടി ചലിച്ച് പറവകളായി അഭിനയിക്കുന്നു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.

**പ്രതീക്ഷിത ഉല്പന്നം-** ഡിജിറ്റൽ പോർട്ട് ഫോളിയോ . പാട്ടിനനുസരിച്ച് ചുവടുവെക്കുന്ന ഈ രംഗത്തിന്റെ ഫോട്ടോ, വീഡിയോ എടുത്ത് ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടണം

**വിലയിരുത്തൽ-**

- എല്ലാവരും നിർദേശങ്ങൾ കേട്ടു മനസ്സിലാക്കി പ്രവർത്തിച്ചിരുന്നുവോ? പ്രയാസം നേരിട്ടവരാരെല്ലാം?
- ഇടത്, വലത് എന്നിവ സംബന്ധിച്ച് ആശയക്കുഴപ്പമുള്ള കുട്ടികളുണ്ടോ? ചോറുണ്ണുന്ന കൈ വലതുകൈ, ആ ഭാഗം വലതുഭാഗം എന്നു പറഞ്ഞിട്ടും വ്യക്തമായ ധാരണ ലഭിക്കാത്തവരുണ്ടോ? അവർക്ക് എന്തു പിന്തുണ നൽകും?
- പാട്ട് ഏറ്റുപാടുന്നതിൽ എല്ലാവരും പങ്കാളികളായോ? താളം പാലിച്ചുവോ? ശരീരചലനങ്ങൾ ഉചിതമായോ?

| **പ്രവർത്തനത്തിന്റെ പേര് -  മഞ്ഞക്കിളികൾ ( കലാവിദ്യാഭ്യാസം- വര)** |
|---|
| **പഠനലക്ഷ്യങ്ങൾ**<br>**1- വിവിധ പ്രതലങ്ങളിൽ വരച്ച് നിറം നൽകുന്നു**<br>**2. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു**<br>**3- പഠനോപകരണങ്ങൾ ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന്** |

**കരുതേണ്ട സാമഗ്രികൾ-** ക്രയോൺസ് , സ്കെച്ച് , പശ. മഞ്ഞ വൃത്തങ്ങൾ ഒരാൾക്ക് നാലെണ്ണം വീതം കിട്ടത്തക്ക വിധം.

**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

- നമ്മൾ ചിറകടിച്ച് പറന്നില്ലേ? അതുപോലെ  ദൂരെ ഒരു നാട്ടിൽ നിന്നും മലകടന്ന് പുഴകടന്ന്  കുറേ മഞ്ഞക്കിളികൾ കൂട്ടമായി പറന്നു വന്നു. വിശന്നു വരികയാണ് അവർ. മരമായ മരമെല്ലാം നോക്കി വരികയാണ് കിളികൾ. ആ കിളികളെ കാണണ്ടേ. അവരെ കാണാൻ എന്തൊരു ഭംഗിയാണെന്നോ.. നമുക്ക് അവരെ ക്ലാസിലേക്ക് വരുത്തിയാലോ? ഉണ്ടാക്കി നോക്കിയാലോ?

ടീച്ചർ  മഞ്ഞ വൃത്തങ്ങൾ കുട്ടികൾക്ക് നൽകുന്നു. മുകൾഭാഗം അല്പം മടക്കി ഒട്ടിക്കുന്ന വിധം പരിചയപ്പെടുത്തുന്നു. അധ്യാപിക മാതൃക കാട്ടുന്നു. മരത്തിലേക്ക് നോക്കി വരുന്ന രീതിയിൽ കിളികളെ സചിത്രപ്രവർത്തനപുസ്തകത്തിൽ ഒട്ടിക്കാൻ നിർദ്ദേശം നൽകുന്നു.

*സമയാസൂത്രണം*

ആവശ്യമായ സാധനങ്ങളുടെ കിറ്റ് കുട്ടികൾ ഇരിക്കുന്നിടത്ത് മുൻകൂട്ടി ക്രമികരിക്കണം. ഇല്ലെങ്കിൽ ഓരോന്നിന്റെയും വിതരണത്തിന് സമയം കൂടുതൽ വേണ്ടി വരാം. കൃത്യമായ നിർദേശവും രീതിയും പിന്തുടർന്നില്ലെങ്കിൽ സമയം ഏറെ എടുക്കും, പശ തേക്കുന്നതിന് കുട്ടികൾക്ക് പ്രയാസം വരാം. ടീച്ചറും കുട്ടികളും ഒപ്പം ചെയ്യുന്ന രീതി സ്വീകരിക്കണം. ടീച്ചർ ചാർട്ടിലും കുട്ടികൾ സചിത്രപുസ്തകത്തിലും.

- കിളിയെ ഒട്ടിക്കേണ്ട സ്ഥാനത്ത് പെൻസിൽ വെച്ച് ദേ ഇതുപോലെ ഓരോ കുത്തിടണം ( എല്ലാവരും കുത്തിട്ടോ? )
- അവിടെ ഒരു തുള്ളി പശ തൊടുവിക്കണം. ( മാതൃകകാട്ടുന്നു. കുട്ടികൾ അതുപോലെ ചെയ്യുവെന്നുറപ്പാക്കുന്നു)
- എന്നിട്ട് അതിന്മേൽ മഞ്ഞ വൃത്തത്തിന്റെ മധ്യഭാഗം വരത്തക്കവിധം ഇതുപോലെ വെയ്ക്കണം.
- എന്നിട്ട് പതിയെ അമർത്തുക. കണ്ടോ ഒട്ടി. കുറച്ചു സമയം അങ്ങനെ ഇരുന്നാൽ ശരിക്കും ഒട്ടും.
- ഒരു കിളിയെ എല്ലാവരും ശരിയായി ഒട്ടിച്ചു എന്നുറപ്പു വരുത്തുക
- ഇനി  അടുത്ത വൃത്തമെടുത്ത് ഒട്ടിക്കാമോ?
- എല്ലാ വൃത്തങ്ങളും ഒട്ടിച്ചോ?
- ഇനി ഓരോ വൃത്തത്തിന്റെയും മുകൾ ഭാഗത്തു നിന്നും അല്പം ഇതുപോലെ മടക്കണം. മാതൃക ടീച്ചർ കാണിച്ചുകൊടുക്കണം. ( ഒരു വലിയ വൃത്തമെടുത്ത് കാണിക്കുന്നത് നന്നായിരിക്കും)
- ഓരോരുത്തരും മടക്കി എന്നുറപ്പാക്കണം
- കിളിക്ക് ചിറകുമാത്രം മതിയോ? മറ്റെന്തെല്ലാം വേണം?
- അതിനു ചുണ്ടും  വരയ്ക്കണം. ഒരേ ദിശയിലേക്കാണ് പറക്കുന്നത്. അതിനാൽ ചുണ്ടെല്ലാം ഒരേ വശത്താകണം. ഏതു നിറമുള്ള ചുണ്ടാണ് വേണ്ടത്? കുട്ടികൾക്ക് ഇഷ്ടമുള്ള നിറം തെരഞ്ഞെടുക്കാം. പക്ഷേ എല്ലാ മഞ്ഞക്കിളികൾക്കും ഒരേ നിറമുള്ള ചുണ്ടാണ് നല്ലത്. ചുണ്ടിന്റെ ആകൃതി എങ്ങനെയാ? എവിടെയാണ് ചുണ്ട് വരയ്ക്കേണ്ടത്?
- എവിടെയാണ് കാല് വരയ്ക്കേണ്ടത്? കാലിന് എന്തു നിറമാകാം? കളിക്ക് കണ്ണ് വേണ്ടേ? എവിടെ വരയ്ക്കും? ഇനി ചിറക് വരയ്ക്കണോ? എങ്ങനെ? ചർച്ചയിലൂടെ ധാരണ എത്തിയതിനു ശേഷമാണ് വരയ്ക്കേണ്ടത്. ആവശ്യമെങ്കിൽ മാതൃകകാട്ടണം.
- സചിത്രപ്രവർത്തനപുസ്തകത്തിലെ മേഘത്തിനും മരത്തിനും നിറം നൽകണം. എന്തു നിറമാണ് മേഘത്തിന് നൽകേണ്ടത്? മരത്തിനോ?
- ക്രയോൺസ് ഉപയോഗിച്ച് നിറം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
  - ആദ്യം അതിരുവരയിൽകൂടി ക്രയോൺസ് ഉപയോഗിച്ച് വര പുറത്തുചാടാത്ത വിധം വരയ്ക്കുകത്തു നിന്നും നിറച്ചു പോകുന്നതാണ് നല്ലത്. ( സൂക്ഷ്മപേശീചലനം)
  - ടീച്ചർ പറയാത്ത കാര്യവും കുട്ടി വരച്ചെന്നിരിക്കും. അതാണ് തനിമ. ഉദാഹരണത്തിന് ഒരു കുട്ടി മരത്തിൽ ചുവപ്പ് നിറമാകാം നൽകിയത് എന്നു കരുതൂ. ഉടൻ തിരുത്തി പച്ചയാക്കാൻ പറയരുത്. എന്തുകൊണ്ടാണ് ചുവപ്പുനിറം നൽകിയത് എന്ന് ചോദിക്കണം. പൂത്ത വാകയാകാം കുട്ടി മനസ്സിൽ കണ്ടത്. മറ്റൊരാൾക്ക് ചുവപ്പ് വട്ടങ്ങൾ പച്ചക്കിടയിൽ വരയ്ക്കാൻ തോന്നി. അത് പഴങ്ങളാകാം.  ഒരു മേഘത്തിന് നിറം നൽകാത്ത കുട്ടിയെ കണ്ടാലുടൻ നിറം നൽകാൻ നിർബന്ധിക്കരുത്. വെള്ളമേഘത്തെയാകാം കുട്ടി ഉദ്ദേശിച്ചത്. കുട്ടിയുടെ യുക്തിയെ വിലമതിക്കണം.
- സചിത്രപുസ്തകത്തിൽ മഞ്ഞക്കിളികളെ ഒട്ടിച്ച് മരത്തിനും മേഘത്തിനും നിറം നൽകിക്കഴിഞ്ഞാൽ കുട്ടികൾ ചിത്രങ്ങൾ ഉയർത്തി പരസ്പരം കാണിക്കുന്നു.
- എന്നിട്ട് മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായം പറയുന്നു. ( ഇത് പരസ്പര വിലയിരുത്തലിന്റെ പ്രാഥമിക അനുഭവമാണ് )
- ടീച്ചർ എല്ലാവരുടെയും ബുക്കിൽ  സ്റ്റാർ നൽകുന്നു.
- ബുക്ക് ഉയർത്തിപ്പിടിച്ച് സാവധാനം ചലിപ്പിച്ച് നേരത്തെ പാടിയ പാട്ട് വീണ്ടും പാടുന്നു. ( ചിറകടിച്ച് ചിറകടിച്ച് വരികയാണ് പറവകൾ.)

LPSAH



**പ്രതീക്ഷിത ഉല്പന്നം**

- സചിത്ര പ്രവർത്തനപുസ്തകത്തിൽ ഒരേ ദിശയിലേക്ക് പറക്കുന്ന മഞ്ഞക്കിളികളെ ആകർഷകമായി ഒട്ടിച്ച പേജ്
- മേഘങ്ങൾക്കും മരത്തിനും അനുയോജ്യമായ നിറം ക്രയോൺസ് വെച്ച് നൽകിയ പേജ്

**വിലയിരുത്തൽ-**

- എല്ലാ കുട്ടികളും ക്രയോൺസ് ഉപയോഗിച്ച് നിറം നൽകുന്നതിൽ സൂക്ഷ്മപേശീനിയന്ത്രണശേഷി നേടിയിട്ടുണ്ടോ? ഇല്ലാത്തവരാരെല്ലാം? അവർക്ക് എന്ത് തുടരനുഭവം നൽകും?
- അനുയോജ്യമായ നിറം തെരഞ്ഞെടുക്കുന്നതിൽ, നിറം തിരിച്ചറിയുന്നതിൽ എല്ലാ കുട്ടികൾക്കും കഴിയുന്നുണ്ടോ? ആർക്കാണ് കൂടുതൽ പിന്തുണ വേണ്ടത്?
- ഒട്ടിക്കുന്നതിൽ കൂടുതൽ സഹായം വേണ്ടിവന്നവരാരാണ്? എന്തായിരുന്നു അവർ നേരിട്ട പ്രശ്നം? എന്താണ് അവർക്കുവേണ്ടി ചെയ്യാനാവുക?

| **പ്രവർത്തനത്തിന്റെ പേര് - ചിറകടിയൊച്ച ( എഴുത്ത്)** |
|---|
| പഠനലക്ഷ്യങ്ങൾ<br>**1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം) മലയാളം അക്ഷരങ്ങൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു. (പ, ട, റ എന്നീ അക്ഷരങ്ങളും ആ, ഇ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങളുമുള്ള പദങ്ങൾ, വാക്യങ്ങൾ, പാട്ടുകൾ എന്നിവയും)** |

**കരുതേണ്ട സാമഗ്രികൾ**- മാർക്കർ, ചാർട്ട്, പിന്തുണ ബുക്ക്, ഹൈലൈറ്റർ, സ്റ്റാർ സ്റ്റിക്കർ.
**പ്രതീക്ഷിത സമയം** - 40 മിനിറ്റ്
**ഊന്നൽ നൽകുന്ന അക്ഷരങ്ങൾ** – പ, ട,
**പ്രക്രിയാവിശദാംശങ്ങൾ-**
കിളികൾ പറക്കുന്നത് പോലെ നമുക്കൊന്നു പറന്നു നോക്കിയാലോ. കുട്ടികൾ പറന്നു കാണിക്കുന്നു.
പറക്കുമ്പോൾ എന്ത് ശബ്ദമാണ് കേൾക്കുന്നത്.?
**പട പട പട...**
കുട്ടികൾക്കും പറയാൻ അവസരം നൽകുന്നു നമുക്ക് ഇതൊന്ന് എഴുതി നോക്കിയാലോ.

***ചാർട്ടെഴുത്ത്*** ( 3 മിനിറ്റ്)

- **നിറം നൽകിയ മരവും മേഘവും മഞ്ഞക്കിളികളെ ഒട്ടിച്ചതുമായ ചാർട്ടിൽ ടീച്ചർ ഉച്ചത്തിൽ ഓരോ വാക്കും സാവധാനം പറഞ്ഞ് എഴുതുന്നു പട പട പട പട .**
- വടിവും വാക്കകലവും പാലിച്ച് എല്ലാവരും കാണും വിധത്തിൽ എഴുതുന്നു. ( ചാർട്ടിൽ പെൻസിൽ വെച്ച് തെളിച്ചത്തോടെ വരയിട്ട് എഴുതിയാൽ കുട്ടികൾക്ക് ലവൽ പാലിച്ച് എഴുതുന്നതിനും അക്ഷരങ്ങളുടെ തുടക്കവും ഒടുക്കവും താഴെയുള്ള ലവലും ബോധ്യപ്പെടും.

***ബോർഡിൽ പുനരെഴുത്ത്*** ( 3 മിനിറ്റ്)

- ഞാൻ ചാർട്ടിൽ എഴുതിയതെന്താ? പട പട പട പട. നിങ്ങളുടെ സചിത്രബുക്കിലും നിറം നൽകി മഞ്ഞക്കിളികളെ ഒട്ടിച്ചില്ലേ? അവ പറക്കുകയല്ലേ? പടപട എന്നെഴുതണ്ടേ? ടീച്ചർ ഒന്നു കൂടി എഴുതിക്കാണിക്കാം.
- ബോർഡിന്റെ വലതു ഭാഗത്ത് ഓരോ അക്ഷരവും ഘടന പറഞ്ഞ് (ചുവട്ടിൽ നിന്നും തുടങ്ങി ചെറിയൊരു തല വരച്ച് ഇതുപോലെ ഉടൽ നീട്ടി കുത്തനെ മേലേക്ക് ഉയർന്നാൽ പ ആയി. പ, ട എന്നിവ വേറിട്ടും എഴുതിക്കാണിക്കണം. വലുതായി രണ്ടു തവണകൂടി എഴുതുന്നു. )

***സചിത്രപുസ്തകത്തിലെഴുത്ത്***

- സചിത്രപുസ്തകത്തിൽ വലതുപേജിൽ എത്ര തവണ പട എന്ന് എഴുതിയിട്ടുണ്ട്? ആ വരിയിൽ ആണ് എഴുതേണ്ടത്? എല്ലാവരും പട എന്ന് ഒരു തവണ എഴുതിക്കേ? ഓരോ വാക്കും കഴിഞ്ഞാൽ കുട്ടികൾ എഴുതണം . കുട്ടികൾ ഏഴുതേണ്ട സ്ഥാനം ഒരു സചിത്രബുക്ക് ഉപയോഗിച്ച് വ്യക്തമാക്കണം.
- **എഴുത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**
    - കുട്ടികൾ പ എഴുതുമ്പോൾ തലയുടെ വലുപ്പം കൂടുകയും ഉടലിന്റെ നീളം കുറയുകയും മുകളിലേക്കുള്ള വാലിന്റെ കുത്തനെയുള്ള ഉയർച്ച വളഞ്ഞു പോവുകയും മുകളിലേക്ക് ആവശ്യമായ ഉയരത്തിലെത്താതിരിക്കുകയും ചെയ്യാം.
    - ട എഴുതുമ്പോൾ ചിലർക്ക് തിരിഞ്ഞു പോകാം. ട മുകളിൽ നിന്നും തുടങ്ങി ഇടത്തോട്ട് വന്ന താഴേക്ക് വളയുകയാണ്.

LPSAH


- ചില കുട്ടികളെങ്കിലും പ എന്ന അക്ഷരം എഴുതുമ്പോൾ 1 എന്ന് കുറിയ വരയിട്ടശേഷം അതിൽ നിന്നും അക്ഷരം ആരംഭിക്കാം. ഇതെല്ലാം മനസ്സിൽ വെച്ചാകണം അധ്യാപികയുടെ എഴുത്തും പിന്തുണയും.
- വാക്കകലവും ശ്രദ്ധിക്കണം. അക്ഷരം തമ്മിൽ ചേർന്നു പോകാതെ നോക്കുകയും വേണം.
- ഇടതുവശത്തിരിക്കുന്ന കുട്ടികൾക്ക് ടീച്ചറുടെ എഴുത്ത് കാണാനാകുമോ എന്നു നോക്കണം.
- എഴുതിയവർക്ക് ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ശരി അടയാളം നൽകണം.

**തത്സമയ വിലയിരുത്തൽ** ( കുട്ടികൾ എഴുതുന്ന സമയത്ത് തന്നെ നടക്കുന്നതിനാൽ പ്രത്യേകം സമയം കാണിക്കുന്നില്ല)

- ടീച്ചർ എല്ലാവരുടെയും നോട്ടുബുക്ക് വിലയിരുത്തുന്നു.
- കൂടുതൽ പേർക്ക് എഴുതാൻ വിഷമമുണ്ടെങ്കിൽ പൊതുവിൽ ഒന്നുകൂടി ബോർഡിൽ എഴുതി കാണിക്കുന്നു. പ, ട, പട -ഘടന പാലിച്ച് ഉറക്കെ പറഞ്ഞ് വടിവിൽ ) വീണ്ടും എഴുതുന്നു.

***പിന്തുണാബുക്കിലെഴുത്ത്* (5 മിനിറ്റ്)**

- പ്രയാസം അനുഭവിക്കുകയോ ഘടന ശരിയാകാതെയോ വാക്കകലം പാലിക്കാതിരിക്കുകയോ വടിവിൽ എഴുതാതിരിക്കുകയോ ചെയ്യുന്നവരുടെ അടുത്ത് ടീച്ചർ പിന്തുണബുക്കുമായി ചെന്ന് കുട്ടിക്ക് നേരെ കാണും വിധത്തിൽ വടിവിൽ ഘടന പറഞ്ഞ് ഹൈലൈററർ പേന ഉപയോഗിച്ച് എഴുതി കാണിക്കുന്നു. അതിനു മുകളിൽക്കൂടിയും അല്ലാതെയും കുട്ടി എഴുതുന്നു. ഹൈലൈറ്റർ പേന ഉപയോഗിക്കുമ്പോൾ അക്ഷരങ്ങൾ തമ്മിൽ ചേർന്നു പോകാൻ സാധ്യതയുണ്ട്. അധ്യാപിക ശ്രദ്ധിക്കണം. കുട്ടിക്ക് പിന്തുണ നൽകാനായി ഒപ്പം ഇരിക്കുകയാണ് അഭികാമ്യം. കുട്ടിയുടെ മുന്നിൽ ചെന്ന് കുനിഞ്ഞ് നിന്ന് എഴുതിയാൽ കുട്ടി തലതിരിഞ്ഞാകും കാണുക
- കുട്ടി എഴുതിയത് മാറ്റിയെഴുതാൻ സചിത്രബുക്കിൽ ആദ്യം എഴുതിയതിന്റെ മുകളിൽ ഒരു വെട്ട് കൊടുത്ത് തൊട്ടു താഴെ/മുകളിൽ മാറ്റി എഴുതാൻ പറയുന്നു. കുട്ടി ശരിയായി എഴുതിക്കഴിഞ്ഞാൽ ടിക് മാർക്ക് (അംഗീകാരമുദ്ര ) നൽകുന്നു.

**ബോർഡിലെ കട്ടിയെഴുത്ത്** (കൂടുതൽ പ്രയാസം അനുഭവപ്പെടുന്നവർക്ക് )

- മുറിച്ചോക്ക് ചരിച്ചു പിടിച്ച് ബോർഡിൽ ടീച്ചർ കട്ടിക്ക് അക്ഷരം എഴുതുന്നു. പ്രശ്നമുള്ള കുട്ടികൾ വന്ന് ആ അക്ഷരത്തിന്റെ മുകളിലൂടെ മറ്റൊരു നിറമുള്ള ചോക്ക് വെച്ച് എഴുതുന്നു. തുടർന്ന് അതേ അക്ഷരം ബോർഡിൽ മറ്റൊരിടത്തും എഴുതുന്നു.

**അമ്പടയാളത്തിലൂടെ വിരലോടിക്കൽ ( കൂടുതൽ പ്രയാസം അനുഭവപ്പെടുന്നവർക്ക് )**

- അക്ഷരത്തിന്റെ എഴുത്തുരീതി ബോധ്യപ്പെടുന്നതിനായി അമ്പടയാളം ഇട്ട അക്ഷരത്തിലൂടെ എഴുതൽ,
- കുത്തുകളിലൂടെ അക്ഷര ഘടന യോജിപ്പിച്ച് എഴുതൽ ,
- അക്ഷരത്തിന്റെ ഉള്ളിലൂടെ, രണ്ട് ലെയർ ഉള്ള അക്ഷര ഫ്രെയിമിലൂടെ പല നിറങ്ങളിലുള്ള സ്കെച്ച് പേന ഉപയോഗിച്ചെഴുതിക്കൽ,

ഒത്തെഴുത്ത് **( കൂടുതൽ പ്രയാസം അനുഭവപ്പെടുന്നവർക്ക് )**

- ടീച്ചർ കുട്ടിയുടെ കൈ പിടിച്ച് എഴുതൽ,
- ടീച്ചർ കുട്ടിയുടെ നോട്ടുബുക്കിൽ എഴുതിക്കൊടുക്കൽ

ഇവ കുട്ടിയുടെ ആവശ്യത്തിന്റെ തോത് അനുസരിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

- പിന്തുണാരചന നടക്കുന്ന സമയം, നേരത്തെ എഴുത്ത് പൂർത്തീകരിച്ച കുട്ടികൾക്ക് ചിത്രത്തിലെ മരത്തിനു ചുവട്ടിൽ ചെടികൾ വരച്ചു ചേർക്കാൻ നിർദേശം നൽകാം. പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ പിന്നെ വരച്ചാൽ മതി)
- മൂന്നോ നാലോ കുട്ടികൾക്ക് മാത്രമേ ഒരു സമയം പിന്തുണ നൽകാൻ സമയം അനുവദിക്കൂ. കുടുതൽ സമയം എടുത്താൽ മറ്റു കുട്ടികൾ വെറുതേ ഇരിക്കേണ്ടി വരാം.

**തെളിവെടുത്തെഴുതൽ ( 5 മിനിറ്റ്)**

- ഒന്നാം വരയിലെ നാലാമതായി വരുന്ന **പട** എന്നത് തെളിവെടുത്ത് എഴുതണം.(പുസ്തകം,ചാർട്ട്, മുമ്പെഴുതിയ വാക്ക്)
- പ്രവർത്തനപുസ്തകത്തിലെ രണ്ടാം വരിയിലും പട എന്ന് രണ്ടു തവണ തെളിവെടുത്ത് എഴുതണം.

LPSAH


പട എന്ന് നമ്മൾ മുന്നേ എഴുതിയിട്ടുണ്ട്. നിങ്ങൾക്ക് അത് കണ്ടെത്തി എഴുതാം. കുറച്ചുപേർ തനിയെ എഴുതിയെന്നിരിക്കാം. കൂടുതൽ സഹായം ആവശ്യമുള്ളവർക്ക് തെളിവെടുത്തെഴുതാൻ കൂടുതൽ വ്യക്തത നൽകണം. തെളിവെടുക്കൽ ഗ്രാഫിക് റീഡിംഗിന്റെ തലത്തിൽ നടക്കുന്നതിനാൽ കുട്ടികൾക്ക് പ്രയാസം സ്വാഭാവികമായും ഉണ്ടാകാം.

- മഞ്ഞക്കിളികൾ പാറി വരുന്ന രംഗം ഒട്ടിച്ചും നിറം നൽകിയും ആകർഷമാക്കിയ പേജിലെ ആശയങ്ങൾക്ക് കുട്ടി സഹായത്തോടെ എഴുതിയ, അനുയോജ്യമായതും പദങ്ങൾ ആവർത്തിച്ചു വരുന്നതുമായ വരികൾ

**വിലയിരുത്തൽ**

- വാക്കകലം പാലിച്ച് എഴുതിയവരെത്ര?
- അക്ഷരങ്ങൾ എഴുതുമ്പോൾ സൂക്ഷ്മപേശീനിയന്ത്രണത്തിൽ പ്രശ്നം നേരിടുന്നവരാരെങ്കിലും ഉണ്ടോ?
- എഴുത്തിനോട് വിമുഖത പ്രകടിപ്പിച്ചവരാരെങ്കിലും ഉണ്ടോ?
- എത്രപേർക്ക് പിന്തുണാബുക്കിൽ സഹായം നൽകി?
- പിന്തുണാനടത്തം പ്രശ്നങ്ങൾ കണ്ടെത്താൻ സഹായകമായോ?
- അക്ഷരങ്ങൾ പരസ്പരം തൊടുവിച്ച് എഴുതുന്ന കുട്ടികൾക്ക് സഹായം നൽകിയോ?
- വ്യക്തിഗത ശ്രദ്ധ നൽകി പിന്തുണാബുക്കിലെഴുതിച്ച നേരം മറ്റു കുട്ടികൾക്ക് നൽകിയ ചിത്രംവര പ്രവർത്തനത്തിന് അംഗീകാരം നൽകിയോ?
- കുട്ടികൾ എഴുതിയ ശരിയായ/ സഹായത്തോടെ ശരിയാക്കിയ ഓരോ വാക്കിനും ശരിയും പേജിൽ സ്റ്റാറും നൽകിയിരുന്നുവോ?
- എത്രപേർക്ക് തെളിവെടുത്തെഴുത്ത് സാധ്യമായി?

| **പ്രവർത്തനത്തിന്റെ പേര്- ചിറകടിയൊച്ച (വായന)** |
|---|
| **പഠനലക്ഷ്യങ്ങൾ**<br>**1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു (പ, ട, റ എന്നീ അക്ഷരങ്ങളും ആ, ഇ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങളുമുള്ള പദങ്ങൾ, വാക്യങ്ങൾ, പാട്ടുകൾ എന്നിവ)**<br>**2. താളബോധത്തോടെ വരികൾ ചൊല്ലുന്നു** |

**കരുതേണ്ട സാമഗ്രികൾ:** ചാർട്ട്

**പ്രതീക്ഷിത സമയം : 40** മിനിറ്റ്

**ഊന്നൽ നൽകുന്ന അക്ഷരങ്ങൾ** – പ, ട, റ

**പ്രക്രിയാവിശദാംശങ്ങൾ**

കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് തുടക്കം മുതൽ പ്രവർത്തനം രൂപപ്പെടുത്തേണ്ടത്. ഏറ്റുവായന നടത്തി മനപ്പാഠമാക്കിയവ ഓർത്തു പറയുന്ന ശീലം വളർത്തരുത്. അത് വായനയല്ല. ഇവിടെ വായനയുടെ പല തലങ്ങളിലൂടെ കുട്ടി കടന്നു പോകണം.

- ഒരേ വാക്കുകൾ ആവർത്തിക്കുന്ന വാക്യമാണ് എഴുതിയിരിക്കുന്നത്. എല്ലാവരും എഴുതിയ ശേഷമാണ് കണ്ടെത്തൽ വായന നടത്തേണ്ടത്.
- വായന നടത്തുമ്പോൾ ഒന്നോ രണ്ടോ കുട്ടികൾ ആദ്യം വിളിച്ചു പറയുകയും മറ്റുള്ളവർക്ക് അവസരം ലഭിക്കാതെ പോവുകയും ചെയ്യാം. അതിനാൽ വിളിച്ചു പറയൽ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കരുത്.
  - കണ്ടെത്തിയവർ കൈ പൊക്കുക,
  - എഴുന്നേറ്റ് നിൽക്കുക,
  - എത്രതവണയെന്ന് വിരലുയർത്തിക്കാട്ടുക,
  - എത്രാമതാണ് എന്ന് കൈവിരൽകൊണ്ട് വ്യക്തമാക്കുക,
  - കണ്ടെത്തിയവർ ബോർഡിന് അടുത്തേക്ക് വരിക തുടങ്ങിയ നിർദേശങ്ങൾ നൽകാം.
- ചുവടെയുള്ള വായനാഘട്ടങ്ങളിലും ഇതാണ് സ്വീകരിക്കേണ്ടത്

***കണ്ടെത്തൽ വായന (വാക്യം കണ്ടെത്തൽ )***

- ഒന്നിലധികം വാക്യങ്ങൾ ഇല്ലാത്തതിനാൽ ഈ പ്രവർത്തനം ഇപ്പോൾ വേണ്ടതില്ല.

***കണ്ടെത്തൽ വായന (വാക്ക് കണ്ടെത്തൽ )***

**പട** എന്ന് എത്ര തവണ എഴുതിയിട്ടുണ്ട്?

(വാക്കുകൾ തൊട്ടുവായിക്കാൻ അവസരം. അതു പോലെ ടീച്ചർ തൊട്ടുകാണിക്കുന്നതും വായിക്കണം.)

***കണ്ടെത്തൽ വായന (അക്ഷരം കണ്ടെത്തൽ)***

പ എന്ന അക്ഷരമുള്ള എത്ര വാക്കുകളുണ്ട്?

പ ആണോ ട ആണോ കൂടുതൽ?

പാഠത്തിന്റെ തലക്കെട്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇതാ ഈ എഴുതിയിരിക്കുന്നതിൽ നമ്മൾ പരിചയിച്ച പ, ട എന്നീ അക്ഷരങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ അടിവരയിടുക. പറവകൾ പാറി എന്നതിൽ നിന്നും പ കണ്ടെത്തുന്നു. ചില കുട്ടികൾ പാ എന്നതിനും അടിവര ഇട്ടിട്ടുണ്ടാകാം. പ, പാ എന്നിവയുടെ ഉച്ചാരണം വ്യക്തമാക്കണം. പട എന്ന് എഴുതുമ്പോൾ കുട്ടികൾ അറിയാതെ പയ്ക്ക് പകരം പാ എന്ന് നീട്ടി ഉച്ചരിക്കാറുണ്ട്. പാ, ടാ എന്നിങ്ങനെ. പലപ്പോഴും തെറ്റായ സ്ഥാനത്ത് ദീർഘസ്വരചിഹ്നം ചേർക്കുന്നതിന് കാരണങ്ങളിലൊന്നിതാണ്. പ, ട എന്ന് കുറുക്കി ഉച്ചരിച്ച് ശീലിക്കണം.

നിർദിഷ്ട അക്ഷരം കണ്ടെത്തിയവരെ അഭിനന്ദിക്കുന്നു.

എന്താ പാഠത്തിന്റെ പേര്? ടീച്ചർ വായിച്ചു കേൾപ്പിക്കാം

പ റ വ ക ൾ പാ റി ഓരോ അക്ഷരത്തിലും തൊട്ട് നിറുത്തി നിറുത്തി വായിക്കണം. കൂട്ടി വായിക്കണം. ബോർഡിൽ പാഠത്തിന്റെ പേര് എഴുതണം. സാവധാനമുള്ള പറഞ്ഞെഴുത്ത്. പറവകൾ എന്നതിൽ റ എന്ന അക്ഷരം എത്രാമതാണ്? കൈവിരൽ ഉയർത്തി ഉത്തരം കാണിക്കുക.

സന്നദ്ധരായവർ വന്ന് റ ചൂണ്ടിക്കാട്ടുന്നു.

**വാക്കു കണ്ടെത്തൽ.**

പാറി എന്ന വാക്ക് എവിടെയാണ്? പ്രവർത്തന പുസ്തകത്തിലെ തലക്കെട്ടിൽ പാറി എന്ന വാക്കിന് മാത്രം അടിവരയിടുക.

**വരികൾ പൂർണമാക്കൽ ( ലേഖനം)**

പട പട പട പട

പട പട പാറി

എന്ന് താളത്തിൽ ചൊല്ലുന്നു. നമ്മൾ സചിത്രപുസ്തകത്തിൽ എഴുതിയതിൽ പട പട പട പട പട പട എന്നല്ലേ ഉള്ളൂ. പാട്ട് മുഴുവനുണ്ടോ? ഇനി എന്താ എഴുതേണ്ടത്? പാറി. പാറി എന്നെഴുതാനറിയാമോ?

- ടീച്ചർ ബോർഡിൽ സാവധാനം പാറി എന്ന് എഴുതുന്നു.
- പാ, റി എന്നിവ പ്രത്യേകമായും എഴുതി ഉച്ചരിക്കുന്നു.
- വീണ്ടും കൂട്ടിയെഴുത്തു നടത്തുന്നു.
- കുട്ടികൾ സചിത്രപുസ്തകത്തിൽ പാറി എന്ന് എഴുതി വരി പൂർണമാക്കുന്നു.
- പിന്തുണാബുക്കുമായി ചെന്ന് ആവശ്യക്കാർക്ക് സഹായം നൽകുന്നു.

***ക്രമത്തിൽ വായിക്കൽ***

രണ്ടു വരികളും വായിക്കാൻ സന്നദ്ധതയുള്ളവർ വരിക

***നിർദേശിക്കുന്ന ക്രമത്തിൽ വായിക്കൽ***

രണ്ടാമത്തെ വരി ആദ്യം വായിക്കുക. എന്നിട്ട് ഒന്നാമത്തെ വരി

**താളാത്മക വായന ( വാക്കിൽ തൊട്ട് )**

- പട പട പട പട പട പട പാറി
- സാവധാനം പറക്കാം എന്നു പറയുമ്പോൾ സാവധാനം വായിക്കണം
- വേഗത്തിൽ പറക്കാം എന്നു പറയുമ്പോൾ വേഗത്തിൽ വാക്കുകൾ ചൂണ്ടി വായിക്കണം

**പ്രതീക്ഷിത ഉല്പന്നം**

- പട പട പട പട പട പട പാറി എന്നെഴുതിയ ചാർട്ട്, കുട്ടികളുടെ ബുക്കിലും രേഖപ്പെടുത്തൽ

**വിലയിരുത്തൽ**

- പുതിയ സന്ദർഭത്തിൽ നിന്ന് (പാഠത്തിന്റെ തലക്കെട്ട്) പരിചിതാക്ഷരങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് കഴിഞ്ഞോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്- ക്ലാസ് എഡിറ്റിംഗ്** |
| **പഠനലക്ഷ്യങ്ങൾ**<br>**1. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും** |

**ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.**

**കുട്ടികളുടെ ബോർഡെഴുത്ത് (ക്ലാസ് എഡിറ്റിംഗ്)**

കുട്ടികൾ എഴുതിക്കഴിഞ്ഞാൽ സാവധാനം രണ്ടാം വായന നടത്തുന്ന ശീലം വളർത്തണം. തുടക്കം മുതൽ തിരുത്തൽ നടത്താനുള്ള കഴിവ് വികസിപ്പിക്കാൻ ശ്രമിക്കണം. ബോർഡ് എഡിറ്റിംഗ് അതിനുള്ള പരിശീലനമാണ്. എല്ലാവരും വന്ന് ബോർഡിൽ എഴുതി എന്നുറപ്പാക്കണം. അതിനു ശേഷമാണ് എഡിറ്റിംഗിനുള്ള ചോദ്യങ്ങൾ ഉന്നയിക്കേണ്ടത്. എന്തെല്ലാമാണ് പരിഗണിക്കുക? ചുവടെയുള്ള ക്രമം സ്വീകരിക്കാം.

1. വാക്കകലം പാലിച്ചിട്ടുണ്ടോ?
2. അക്ഷരങ്ങൾ തമ്മിൽ ചേർന്നിരിക്കുന്നുണ്ടോ?
3. വാക്കിൽ അക്ഷരം വിട്ടുപോയിട്ടുണ്ടോ?
4. വാക്കിൽ ചിഹ്നം വിട്ടുപോയിട്ടുണ്ടോ?
5. അക്ഷരം മാറിപ്പോയിട്ടുണ്ടോ?
6. ചിഹ്നം മാറിപ്പോയിട്ടുണ്ടോ?
7. അക്ഷരമോ ചിഹ്നമോ കൂടുതലായി ചേർത്തിട്ടുണ്ടോ?
8. അക്ഷരത്തിന്റെ ഘടന പാലിച്ചിട്ടുണ്ടോ?
9. ഉച്ചരിക്കുന്നതും എഴുതിയതും തമ്മിൽ വ്യത്യാസമുണ്ടോ?
10. വാക്കുകൾ അധികമായി വന്നിട്ടുണ്ടോ? (ഒരേ വാക്യത്തിൽ )
11. വാക്കുകളുടെ ക്രമം മാറേണ്ടതുണ്ടോ? ( വാക്യത്തിൽ)

ഇവയെല്ലാം എല്ലായ്പോഴും ചോദിക്കേണ്ടി വരില്ല. കുട്ടികൾ എഴുതുന്നതിനെ ആശ്രയിച്ചിരിക്കും. ഇവിടെ എങ്ങനെയാണ് ബോർഡെഴുത്തും എഡിറ്റിംഗും നടത്തേണ്ടതെന്നു പരിശോധിക്കാം.

- പക്ഷിയുടെ പടം വരച്ച് അതിന്റെ ചിറകടി ശബ്ദം എഴുതാമോ?
- എല്ലാവർക്കും മുറിച്ചോക്കുകൾ നൽകുന്നു.
- കൈ ബോർഡിൽ തൊടാതെ ചോക്കു മാത്രം മുട്ടിച്ച് വലുപ്പത്തിൽ എഴുതാനുള്ള പരിശീലനം കൂടിയാണ്. ഒരേ സമയം നാലോ അഞ്ചോ കുട്ടികൾക്കെഴുതാം.
- ബഞ്ചിൽ കയറി നിന്ന് ഏഴുതാനും അവസരം,
- മറ്റു കുട്ടികൾ എഴുതിയത് മായാതെ വേണം എഴുതേണ്ടത്.

**എഡിറ്റിംഗ്.**

1. വരച്ച ചിത്രത്തെക്കുറിച്ച് വിലയിരുത്തൽ, പ്രോത്സാഹനം .
2. വാക്കകലം പാലിച്ചിട്ടുണ്ടോ?
3. അക്ഷരങ്ങൾ ചേർന്നു പോയിട്ടുണ്ടോ?
4. അക്ഷരങ്ങൾ ശരിയായ രീതിയിലാണോ എഴുതിയിട്ടുള്ളത്? ( പ ചെറിയ തലയാണോ? ഉടൽ നീണ്ടിട്ടുണ്ടോ? കുത്തനെ ഉയർന്നാണോ അവസാനഭാഗം എന്നിങ്ങനെ? )
5. എഴുതിയ വാക്കിൽ എന്തെങ്കിലും മെച്ചപ്പെടുത്തൽ വരുത്തേണ്ടതുണ്ടോ?

കുട്ടികളിൽ സന്നദ്ധരായി വരുന്നവരെക്കൊണ്ട് മെച്ചപ്പെടുത്തി എഴുതിക്കണം. എല്ലാവരുടെയും ബുക്കിൽ ഓരോ വാക്യത്തിനും നേരെ ശരി നൽകുകയും രണ്ടു സ്റ്റാറുകൾ തെളിവെടുത്തെഴുതിയതിന് കൊടുക്കുകയും വേണം.

**പ്രതീക്ഷിത ഉല്പന്നം**

- ബോർഡിൽ കുട്ടികൾ എഴുതിയതും മെച്ചപ്പെടുത്തിയതും
- ബുക്കിൽ ഓരോ വാക്കിനും വാക്യത്തിനും ശരിയടയാളം ലഭിക്കും വിധം മെച്ചപ്പെടുത്തിയെഴുതിയത്.

**വിലയിരുത്തൽ**

- ബോർഡ് എഴുത്തിലേക്ക് എല്ലാ കുട്ടികളും വരാൻ സന്നദ്ധത പ്രകടിപ്പിച്ചുവോ?
- എല്ലാവർക്കും എഴുതാൻ സഹായകമായ വിധം എന്തു ക്രമീകരണമാണ് ഒരുക്കിയത് ( ബോർഡിന്റെ ഉയരം, കുട്ടികളുടെ ഉയരം ഇവ പരിഗണിച്ച്)
- കുട്ടികൾ ബോർഡിൽ കൈമുട്ടിച്ചെഴുതിയത് അക്ഷരവലുപ്പത്തെയും വായനയെയും ബാധിച്ചുവോ? എങ്ങനെ പരിഹരിച്ചു?
- എത്ര കുട്ടികൾ എഴുതിയതാണ് മെച്ചപ്പെടുത്തേണ്ടി വന്നത്?
- താരതമ്യം ചെയ്ത് പ്രശ്നം കണ്ടെത്തുന്നതിന് എല്ലാ കുട്ടികളും ശ്രദ്ധാലുക്കളായോ?

- ബോർഡ് എഡിറ്റിംഗിന്റെ അനുഭവം പരിഗണിച്ച് സ്വന്തം ബുക്കിലെ രേഖപ്പെടുത്തൽ വിലയിരുത്താൻ അവസരം നൽകിയോ?

## രണ്ടാം ദിവസം

| **പ്രവർത്തനത്തിന്റെ പേര്** ചിത്രപ്രദർശനം ( പരിസരപഠനം) |
|---|
| **പഠനലക്ഷ്യങ്ങൾ**<br>1. ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. നിറങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.<br>2. വസ്തുക്കൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രധാനവിവരങ്ങൾ വാചികമായി അവതരിപ്പിക്കുന്നു. |

**കരുതേണ്ട സാമഗ്രികൾ**- ക്രയോൺസ് ,
**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**
പറവകളെപ്പറ്റിയുള്ള പാട്ടുകൾ അറിയാമോ?
അറിയാവുന്ന പാട്ടുകൾ കുട്ടികൾ പങ്കിടുന്നു. അതിനെ അംഗീകരിക്കുകയും ആവശ്യമെങ്കിൽ വീണ്ടും പാടിച്ച് കൂട്ടപ്പാട്ടായി മാറ്റുകയും ചെയ്യാം.
കാക്കയ്ക്കുണ്ടൊരു കുപ്പായം
കറുത്ത കുപ്പായം എന്ന പാട്ട് അറിയാമോ?
അറിയാവുന്നവർ ചൊല്ലട്ടെ. അറിയില്ലെങ്കിൽ ടീച്ചർ ചൊല്ലിക്കേൾപ്പിക്കണം. ചോദ്യോത്തരപ്പാട്ടുപോലെയാകാം.
തത്തയ്ക്കുണ്ടൊരു കുപ്പായം? ............കുപ്പായം.
കിളികൾക്കെല്ലാം പല നിറമാണ്. കിളികളുടെ ചിത്രം കണ്ടാൽ കിളികളേതെന്നു പറയാൻ കഴിയുന്നവർ കൈ ഉയർത്തൂ.
സചിത്രപുസ്തകത്തിലെ കിളികൾ പാറുന്ന ചിത്രപേജുകൾ എല്ലാവരും എടുക്കുക ( പേജ് കാണിച്ചുകൊടുക്കണം)
നിങ്ങൾക്ക് പരിചയമുള്ള ഏതെല്ലാം കിളികളുണ്ട്?
കുട്ടികൾ പറയുന്നു. ചൂണ്ടിക്കാട്ടുന്നു.
ഈ കിളികൾക്കൊന്നും നിറമില്ലല്ലോ? എന്തു ചെയ്യും? കുട്ടികളുടെ പ്രതികരണങ്ങൾ.
**നിറം നൽകാം.**
ആദ്യം പച്ചക്കുപ്പായക്കാർക്ക് ( തത്തയ്ക്ക് നിറം നൽകുന്നു. പച്ച വേണ്ടാത്ത അവയവങ്ങളേതെല്ലാമാണ്?
ചുണ്ടുകൾക്ക് ചുവപ്പ്. കണ്ണിൽ പച്ചയടിക്കരുത്. കാലിനും പച്ച വേണ്ട.)
നിറം നൽകിയശേഷം പാടുന്നു
തത്തയ്ക്കുണ്ടൊരു കുപ്പായം
പച്ചക്കുപ്പായം
ഇനി ഏതു നിറമാണ് നൽകേണ്ടത്? ഏതു കിളിക്ക്?
പൊന്മാനുണ്ടൊരു കുപ്പായം
.........ക്കുപ്പായം.
പൊന്മാനെവിടെയാണ് ചിത്രത്തിൽ? ആരാണ് കണ്ടു പിടിച്ചത്?
പൊന്മാനെ കണ്ടിട്ടുള്ളവരുണ്ടോ? വിശേഷങ്ങൾ പറയിക്കുന്നു.
മരക്കുറ്റിയിൽ ഇരിക്കുന്ന പൊന്മാന് നിറം നൽകുന്നു.
മൈനയെ കണ്ടിട്ടുണ്ടോ? മഞ്ഞനിറം വെച്ച് കണ്ണെഴുതിയ പോലുള്ള കിളി?
മൈനയുടെ നിറമെന്താ? ചിത്രം കാണിക്കണം.
മൈനയ്ക്കുണ്ടൊരു കുപ്പായം
........ക്കുപ്പായം.
മൂങ്ങയ്ക്കുണ്ടൊരു കുപ്പായം ? ചർച്ച, ചിത്രം കാണിക്കൽ
മൂങ്ങയ്ക്കുണ്ടൊരു കുപ്പായം
പുള്ളിക്കുപ്പായം.
മൂങ്ങയെ കണ്ടുപിടിച്ചവരാരെല്ലാം?
പൂവിൽ നിന്നും തേൻ കുടിക്കുന്ന കിളിയെക്കണ്ടോ? കേരളപാഠാവലി പൂവ് ചിരിച്ചു എന്ന പാഠത്തിലെ ചിത്രം കാണിക്കുന്നു. അത് നോക്കി നിറം നൽകുന്നു.
തലയിൽ ചുവന്ന തൊപ്പിവെച്ച ഒരു കിളിയുണ്ട്. കണ്ടിട്ടുണ്ടോ? സൂചനകൾ നൽകുന്നു.
മരംകൊത്തിക്ക് നിറം മഞ്ഞ നിറം നൽകുന്നു
ബാക്കി പക്ഷികൾ മഞ്ഞക്കിളികളാണ്. നിറം നൽകാം.

ഇന്ന് നമ്മൾക്ക് ചിത്ര പ്രദർശനം നടത്തിയാലോ?

എങ്കിൽ ഈ പേജിലുള്ള എല്ലാത്തിനും നിറം നൽകണം. ചുവപ്പ് നിറം കൊടുക്കേണ്ട എന്തെങ്കിലും ഉണ്ടോ? തവിട്ട് നിറം നൽകേണ്ടത്? എന്നിങ്ങനെ ചോദിച്ച് ഓരോന്നിനും നിറം നൽകിക്കുക.

ടീച്ചറും ഈ സമയം നിറം നൽകണം. ഏതെങ്കിലും കുട്ടി വ്യത്യസ്തമായി നിറം നൽകിയാൽ അതിനെ തെറ്റായി ചിത്രീകരിക്കരുത്. എന്തുകൊണ്ട് ആ നിറം നൽകി എന്ന് കുട്ടി പറയും. മറ്റുള്ളവരുടെ ചിത്രങ്ങളുമായി താരതമ്യം ചെയ്ത് ധാരണ വികസിപ്പിക്കും.

**പക്ഷിച്ചിത്ര ആൽബം**

- ക്ലാസിനൊരു പങ്കാളിത്ത പക്ഷിച്ചിത്രയാൽബം നിർമിക്കാം. കുറെ പക്ഷിച്ചിത്രങ്ങൾ കരുതാമെങ്കിൽ ഗ്രൂപ്പിൽ നൽകി തത്സമയം എ ഫോർ വലുപ്പത്തിലുള്ള പേപ്പറിൽ ഒട്ടിച്ചെടുക്കാം.
- കുട്ടികൾ ഒരാഴ്ചകൊണ്ട് ശേഖരിക്കുന്ന പക്ഷിച്ചിത്രങ്ങൾ ഒട്ടിച്ച് ഓരോരുത്തരും ഓരോ പേജ് സ്വന്തമായും തയ്യാറാക്കണം.
- എ ഫോർ വലുപ്പത്തിലുള്ള പേപ്പറിൽ ഒട്ടിച്ചവ ബയന്റ് ചെയ്ത് ആൽബമാക്കാം. ഇതിന്റെ പി ഡി എഫ് കോപ്പി ഗ്രൂപ്പിൽ പങ്കിടാം.
- കുട്ടികൾ തയ്യാറാക്കുന്ന പേജിൽ ആ പക്ഷിയെക്കുറിച്ച് ഒന്നോ രണ്ടോ വാക്യങ്ങൾ രക്ഷിതാക്കൾക്ക് എഴുതുകയുമാകാം. കുട്ടികളെക്കൊണ്ട് പറയിച്ച ശേഷമാണ് അത് എഴുതേണ്ടത് എന്നു മാത്രം. ക്ലാസിൽ ടീച്ചർ ഈ കുറിപ്പുകൾ വായിക്കണം.

**ചിത്രം വരയ്ക്കാം.**

വീട്ടുവളപ്പിലോ സ്കൂൾ വളപ്പിലോ കണ്ട ഒരു പക്ഷിയെ വരച്ച് നിറം നൽകി വരാമോ എന്നു ചോദിക്കുക. അറിയാവുന്ന പോലെ വരച്ചാൽ മതി. എല്ലാവർക്കും എ ഫോർ ഷീറ്റ് നൽകുക. വലുപ്പത്തിൽ വരയ്ക്കാൻ പറയണം. ക്രയോൺസോ വാട്ടർകളറോ ഉപയോഗിച്ച് നിറം നൽകാം.

**ചിത്രപ്രദർശനം**

കുട്ടികൾ നിറം നൽകിയ സചിത്രപുസ്തകത്തിലെ പേജ്, പക്ഷിച്ചിത്ര ആൽബത്തിനായി എ ഫോർ സൈസ് പേപ്പറിൽ ഒട്ടിച്ച പക്ഷിച്ചിത്രങ്ങൾ, കുട്ടികൾ വരച്ച പക്ഷിച്ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം ഒരുക്കാം. പ്രദർശനത്തിന്റെ ഉദ്ഘാടനം ഒക്കെയാകാം. പ്രദർശനം കാണാൻ മുതിർന്ന ക്ലാസിലെ കുട്ടികളെ ക്ഷണിക്കുക. അവരുടെ പ്രതികരണം എങ്ങനെ? അധ്യാപകരും കാണട്ടെ, പ്രതികരിക്കട്ടെ. ചിത്രത്തിലെ പക്ഷിയെക്കുറിച്ച് വിവരിക്കാനും അവസരം നൽകാം. *ഒന്നാം ക്ലാസുകാരുടെ പക്ഷിച്ചിത്ര പ്രദർശനം എന്ന പേരിൽ ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പരസ്യം നൽകണം.*

**പ്രതീക്ഷിത ഉല്പന്നം**

- ആനുയോജ്യമായി നിറങ്ങൾ നൽകിയ ചിത്രം
- വീട്ടുവളപ്പിലോ സ്കൂൾ വളപ്പിലോ കണ്ട ഒരു പക്ഷിയെ വരച്ച് നിറം നൽകിയത്.
- പക്ഷിച്ചിത്ര ആൽബം

**വിലയിരുത്തൽ**

- മറ്റുള്ളവരോട് അന്വേഷിച്ച് നാട്ടുപക്ഷികളെ നിറങ്ങൾ കണ്ട് തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങൾ ശേഖരിച്ച് വരാൻ പറഞ്ഞതിന്റെ ഫലം എന്തായിരുന്നു?
- ഏതെല്ലാം പക്ഷികളെ നിറത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞു?
- സ്കൂൾ വളപ്പിലെയും വീട്ടുവളപ്പിലെയും പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തി ചിത്രീകരണം നടത്തി വന്നവരെത്രപേരുണ്ട്?
- ആൽബ നിർമിതിയിൽ എല്ലാവരുടെയും പങ്കാളിത്തം എങ്ങനെ ഉറപ്പാക്കി?
- ചിത്രം ശേഖരിക്കുന്നതിലും ഒട്ടിക്കുന്നതിലുമുള്ള കുട്ടികളുടെ പങ്കാളിത്തം എങ്ങനെയായിരുന്നു? വീട്ടിൽ നിന്നും സഹായം കിട്ടാതെ പോയത് ആർക്കൊക്കെയാണ് ? അവർക്ക് എന്തു പിന്തുണയാണ് വേണ്ടത്?
- ചിത്രപ്രദർശനത്തെക്കുറിച്ച് മുതിർന്ന ക്ലാസിലെ കുട്ടികളുടെ പ്രതികരണം റിക്കാർഡ് ചെയ്ത് കുട്ടികളെ കേൾപ്പിച്ചുവോ?
- ചിത്രപ്രദർശനം വീഡിയോ ഡോക്യുമെന്റാക്കി പങ്കിട്ടുവോ? അധ്യാപകരുടെ പ്രതികരണമെന്താണ്?
- മറ്റുള്ളവർ നിറം നൽകിയതിനെക്കുറിച്ചുള്ള കുട്ടികളുടെ പ്രതികരണങ്ങൾ ക്ഷണിച്ച് പരസ്പരവിലയിരുത്തലിൽ പരിശീലനം നൽകിയോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്**- തന തന താന (എഴുത്തനുഭവം) |
| **പഠനശേഷികൾ**<br>**1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം അക്ഷരങ്ങൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു. (ത, ന എന്നീ അക്ഷരങ്ങളും ആ, ഇ,** |

**ഉ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങളുമുള്ള പദങ്ങൾ, വാക്യങ്ങൾ, പാട്ടുകൾ എന്നിവ)**
**2- താളബോധത്തോടെ വരികൾ ചൊല്ലുന്നു**
3. പാട്ടിനും ആശയത്തിനും താളാത്മകമായശബ്ദത്തിനും അനുസൃതമായി താളത്തിൽ ചുവടുവെക്കുന്നു

**കരുതേണ്ട സാമഗ്രികൾ-**
**പ്രതീക്ഷിത സമയം -**
**പ്രക്രിയാവിശദാംശങ്ങൾ**
എല്ലാവരും പക്ഷികൾ. കുട്ടികൾ വൃത്താകൃതിയിൽ നിന്ന് ചാഞ്ഞും ചരിഞ്ഞും തന തന തന തന എന്ന വായ്ത്താരിയുടെ താളത്തിൽ ചുവടുവെച്ച് പറക്കുന്നു.
തന തന തന തന
തന തിന താനാ
ഒരു കൂട്ടർ എപ്പോഴും ഈ വായ്ത്താരി മാത്രം. മറ്റു കുട്ടികൾ ടീച്ചറെ ഏറ്റുചൊല്ലണം.
പട പട പട പട
പറവകൾ പാറി
തന തന തന തന
തന തിന താനാ
(നിന്നിടത്ത് നിന്ന് വട്ടംചുറ്റി പറക്കുന്നു) ചുവടെയുള്ള വിശദീകരണം കേട്ട് അഭിനയിക്കണം.

- ദൂരെ ദേശത്തു നിന്നു വരുന്ന വിശന്ന മഞ്ഞക്കിളികൾ മരമായ മരമെല്ലാം നോക്കി നോക്കി പറക്കുകയാണ്.
- വലത്തുവശത്തുള്ള ആ മരത്തിൽ നോക്കി.
- ഇടതുവശത്തുള്ള ഈ മരത്തിൽ നോക്കി.

പട പട പട പട ഇടത്തോട്ടു പറന്നു
പട പട പട പട വലത്തോട്ടു പറന്നു
പട പട പട പട ഇടംവലം നോക്കി
പട പട പട പട ചിറകുകൾ വീശി
പട പട പട പട ചാഞ്ഞു പറന്നു
പട പട പട പട താണുപറന്നു
പട പട പട പട വേഗം പറന്നു
പട പട പട പട പതിയെ പറന്നു

- ......................

പട പട പട പട
പറവകൾ പാറി (2)
തന തന തന തന
തന തിന താനാ (2)
നമ്മൾ ചൊല്ലിയ പാട്ട് എഴുതിയാലോ?
തന തന തന തന
തന തിന താന
എന്ന് ഓരോ വാക്കായി പറഞ്ഞ് ചാർട്ടിൽ എഴുതി ചൊല്ലുന്നു. (ഈ സന്ദർഭത്തിൽ ഘടന പറഞ്ഞ് എഴുതേണ്ടതില്ല) തന തന തന തന, തനതിന താന എന്ന് ടീച്ചർ സാവധാനം ചൂണ്ടി വായിക്കണം
ചാർട്ടിൽ എഴുതിയതു പോലെ നിങ്ങൾക്ക് സചിത്രബുക്കിൽ എഴുതാമോ?
സചിത്രപുസ്തകം പേജ് 10 ൽ തന എന്ന് എഴുതിയത് ശ്രദ്ധയിൽപ്പെടുത്തി അതിനു തുടർച്ചയായി എങ്ങനെ അക്ഷരങ്ങളുടെ ചുവടുഭാഗം വരയിൽ മുട്ടിച്ച് എഴുതണമെന്ന് വ്യക്തമാക്കുന്നു. വാക്കകലത്തിന്റെ കാര്യം പ്രത്യേകം സൂചിപ്പിക്കണം. ത, ന എന്നിവയുടെ ലിപിസവിശേഷതകൾ കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയും വിധം ടീച്ചർ ബോർഡിൽ ഘടന പറഞ്ഞ് എഴുതണം.
എല്ലാവരും ഒരു തവണ തന എന്ന് എഴുതിക്കേ.
പിന്തുണാ നടത്തം. തനിയെ എഴുതിയവർക്ക് അടുത്ത തന എഴുതാം. സഹായം വേണ്ടവർക്ക് പിന്തുണബുക്കുപയോഗിച്ച് സഹയം.
ഒന്നാം വരി ( നാലു തവണ തന) എഴുതിയവർക്കെല്ലാം ഓരോ വാക്കിനും ശരി അടയാളം നൽകുന്നു.
ഇനി അടുത്ത ഭാഗം എഴുതാം.
ബോർഡിൽ ടീച്ചർ തന തിന താന എന്ന് എഴുതുന്നു. തി, താ , ന എന്നിവ ചിഹ്നം ചേർത്ത് ഒരു യൂണിറ്റായി എഴുതുകയാണ് വേണ്ടത്. താ-ന, താന എന്നിങ്ങനെ കൂട്ടിവായിക്കുകയും വേണം

തുടർന്ന് കുട്ടികളുടെ എഴുത്ത്. തത്സമയ വിലയിരുത്തലും ശരി അടയാളം നൽകലും.
പിന്തുണരചന
എല്ലാവരുടെയും ബുക്കിൽ രണ്ടു വരിയും ആയി എന്ന് ഉറപ്പാക്കണം
**പ്രതീക്ഷിത ഉല്പന്നം**

- പ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ ( ചെറുവാക്യങ്ങൾ)

**വിലയിരുത്തൽ**

- എത്രപേർ തെളിവെടുത്തെഴുതി?
- ഉകാരത്തിന്റെ ചിഹ്നം എഴുതാൻ എത്രപേരെ സഹായിക്കേണ്ടി വന്നു?
- പിന്തുണനടത്തം ഫലപ്രദമായോ?
- ചിഹ്നങ്ങൾ വേർതിരിച്ച് പറയാതെ അക്ഷരങ്ങളുമായി ചേർത്ത് എഴുത്തുസന്ദർഭത്തിൽ അവതരിപ്പിച്ചത്എന്തെങ്കിലും പ്രയാസം സൃഷ്ടിച്ചുവോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്**- തന തന താന (വായനാനുഭവം) |
| **പഠനലക്ഷ്യങ്ങൾ:**<br>1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു<br>2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു. |

**കരുതേണ്ട സാമഗ്രികൾ**- പാട്ടിന്റെ വരികളെഴുതിയ ചാർട്ട്
**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**
**സന്നദ്ധ വായന**
തന തന തന തന
തന്ന തിന താന
എന്നത് ചാർട്ടിലെ ഓരോ വാക്കിലും ചൂണ്ടി ആർക്കെല്ലാം വായിക്കാൻ കഴിയും?
**പൊതുക്ലാസ് വായന ( വാക്യതലം)**

- ഞാൻ ചൂണ്ടാം നിങ്ങൾക്ക് വായിക്കാമോ? ( ടീച്ചർ സാവധാനം വരികളിലൂടെ പോയന്റർ ചലിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു)
- ഞാൻ വായിക്കാം നിങ്ങൾക്ക് ചൂണ്ടാമോ? ( ഓരോ വാക്കും താളത്തിൽ സാവധാനം പാടുമ്പോൾ കുട്ടികൾ ചൂണ്ടിക്കാട്ടണം.

**കണ്ടെത്തൽ വായന** ( വാക്ക്)

- തന എന്നും താന എന്നും എഴുതിയിട്ടുണ്ട്. താന എന്നത് ഏതുവരിയിലാണെന്ന് അറിയാവുന്നവർ കൈ ഉയർത്തുക.
- തന്ന എന്ന് ഏത് വരിയിൽ എവിടെ?
- തിന എന്ന് ഏത് വരയിൽ എവിടെ?

**കണ്ടെത്തൽ വായന** ( അക്ഷരം)

- എല്ലാ വാക്കുകളും ഒരേ അക്ഷരത്തിലാണ് അവസാനിക്കുന്നത്. ഏതാണ് ആ അക്ഷരം എന്ന് അറിയാവുന്നവർ ബോർഡിനടുത്തേക്ക് വരൂ. ചൂണ്ടിക്കാട്ടൂ.
- ഒരു വരിയിൽ നീട്ടിപ്പാടുന്ന ഒരു വാക്കുണ്ട്. ഏതാണത്? ഏതക്ഷരമാണ് നീട്ടിയത്?
- ന എന്ന് എത്ര തവണ എഴുതി?

**കണ്ടെത്തൽ വായന** ( ചിഹ്നം ചേർന്ന അക്ഷരം)

- തി എന്ന് എവിടെയാണ് എഴുതിയത്?
- ന്ന എന്ന് എവിടെ എഴുതിയിരിക്കുന്നു
- താ എന്ന് എഴുതിയതിന് അടിയിൽ വരയിടാമോ?

**പ്രതീക്ഷിത ഉല്പന്നം**

- ...........................

**വിലയിരുത്തൽ**

- കണ്ടെത്തൽ വായനയിൽ എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞുവോ?
- മുൻ ചാർട്ടുകളുടെ വായനയ്ക്ക് അവസരം നൽകിയപ്പോൾ എത്രപേർക്ക് തനിയെ വായിക്കാനായി?
- ചിഹ്നം ചേർത്ത് ഉച്ചരിച്ചപ്പോൾ തി, താ, ന്ന, എന്നിവ എത്രപേർക്ക് കണ്ടെത്താനായി?

| |
|---|
| ***box- ചാർട്ടെഴുത്ത് എന്തിന്?*** |

*എന്തിനാണ് ചാർട്ടെഴുത്ത്? ബോർഡിൽ എഴുതിയാൽ പോരെ? പോര.*

- *ആശയാവതരണരീതിയിൽ പുനർവായന ക്ലാസിൽ നടക്കേണ്ടതുണ്ട്. കുട്ടിക്ക് ഇഷ്ടമുള്ളപ്പോൾ ഒറ്റയ്ക്കും കൂട്ടായും വായന പരിശീലനത്തിന്*
- *ലിപിസവിശേഷതകൾ സംബന്ധിച്ച ധാരണ ശക്തിപ്പെടുത്തുന്നതിന്.*
- *കുട്ടിക്ക് തെളിവെടുത്തെഴുതാൻ സ്ഥിരമായി മാതൃകാസാമഗ്രി ക്ലാസിൽ വേണം*
- *മുൻ ഫ്രെയിമുമായി കണ്ണി ചേർത്ത് വായിക്കാൻ ചാർട്ട് ആവശ്യമാണ്*
- *ഒഴിവു സമയം ചങ്ങല വായനക്ക്, ആസ്വാദ്യ വായനയ്ക്ക്, ഉച്ചത്തിലുള്ള വായനക്ക്, താളാത്മക ഭാവാത്മക വായനയ്ക്ക്.*
- *ഓരോ ഫ്രയിമും ആരംഭിക്കുമ്പോൾ മുൻഫ്രെയിമിലെ വായന നടത്തി കണ്ണിചേർക്കേണ്ടതുണ്ട്.*
- *പാഠാവസാന പൂർണവായനക്ക് എല്ലാ ചാർട്ടുകളെ ഒന്നിച്ച് വായിക്കേണ്ടതുണ്ട്.*
- *മാതൃകാപരമായ എഴുത്ത് കാഴ്ചപ്പുറത്ത് ലഭ്യമാക്കാൻ*
- *ആശയാവതരണ രീതിയിൽ ആദ്യം ആശയം എഴുതി പരിചയപ്പെടുത്തേണ്ടതുണ്ട്. അതിന് ചാർട്ടാണ് ഉത്തമം.*
- *രൂപീകരണപാഠമല്ലാത്ത ചെറുവായനാസാമഗ്രികളും ചാർട്ടിലെഴുതിയാണ് പരിചയപ്പെടുത്തേണ്ടത്.*
- *അച്ചടിസമൃദ്ധമായ ഭാഷാപഠനാന്തരീക്ഷം എന്ന ആശയത്തെ മറ്റൊരു വിധത്തിൽ സാക്ഷാത്കരിക്കുകയാണ് ചാർട്ടുകളുടെ പ്രദർശനത്തിലൂടെ.*
- *അധ്യാപികയുടെ ചാർട്ടെഴുത്തും കുട്ടികളുടെ ബോർഡെഴുത്തും രൂപീകരണപാഠവും അനുഭവങ്ങളുടെ രേഖപ്പെടുത്തലും ബാലസാഹിത്യരചനകളുടെ വായനയും ഈ പ്രക്രിയയുടെ നട്ടെല്ലാണ്.*

**പ്രവർത്തനത്തിന്റെ പേര്- ക്ലാസ് എഡിറ്റിംഗ്**

**പഠനലക്ഷ്യങ്ങൾ**

1. **അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.**

**കുട്ടികളുടെ ബോർഡെഴുത്ത് (ക്ലാസ് എഡിറ്റിംഗ്)**

ഇന്നു പരിചയിച്ച വാക്കുകളും വരികളും ബോർഡിൽ എഴുതാമോ? എല്ലാവരും എഴുതിയ ശേഷം വിശകലനം.

1. എല്ലാവരും വാക്കകലം പാലിച്ചിട്ടുണ്ടോ?
2. ആരെങ്കിലും എഴുതിയപ്പോൾ അക്ഷരങ്ങൾ തമ്മിൽ ചേർന്നിരിക്കുന്നുണ്ടോ?
3. ഏതെങ്കിലും വാക്കിൽ അക്ഷരം വിട്ടുപോയിട്ടുണ്ടോ?
4. ഏതെങ്കിലും വാക്കിൽ ചിഹ്നം വിട്ടുപോയിട്ടുണ്ടോ?
5. എവിടെയെങ്കിലും അക്ഷരം മാറിപ്പോയിട്ടുണ്ടോ?
6. ഏതെങ്കിലും വാക്കിൽ ചിഹ്നം മാറിപ്പോയിട്ടുണ്ടോ?
7. അക്ഷരമോ ചിഹ്നമോ കൂടുതലായി ചേർത്തിട്ടുണ്ടോ?
8. അക്ഷരത്തിന്റെ ഘടന പാലിച്ചിട്ടുണ്ടോ? ( അക്ഷരം ശരിയായ രീതിയിലാണോ എഴുതിയത്?)
9. ഉച്ചരിക്കുന്നതും എഴുതിയതും തമ്മിൽ വ്യത്യാസമുണ്ടോ?
10. വാക്കുകൾ അധികമായി വന്നിട്ടുണ്ടോ? (ഒരേ വാക്യത്തിൽ )
11. വാക്കുകളുടെ ക്രമം മാറേണ്ടതുണ്ടോ? ( വാക്യത്തിൽ)

കുട്ടികളിൽ സന്നദ്ധരായി വരുന്നവരെക്കൊണ്ട് മെച്ചപ്പെടുത്തി എഴുതിക്കണം.

## മൂന്നാം ദിവസം

**പ്രവർത്തനത്തിന്റെ പേര്-** പറവകൾ പാറി (എഴുത്തനുഭവം)

**പഠനലക്ഷ്യങ്ങൾ:**

1. വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ടു കേട്ട പാട്ടുകൾ, കഥാ ഗാനങ്ങൾ എന്നിവയെക്കുറിച്ച്

വാചിക പ്രതികരണങ്ങൾ നടത്തുന്നു.
2. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം,) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.

**കരുതേണ്ട സാമഗ്രികൾ**- പ്രവർത്തനപുസ്തകത്തിലെ പേജ്

**പ്രതീക്ഷിത സമയം** -

**പ്രക്രിയാവിശദാംശങ്ങൾ**

**മരം, പറവ, മരം (കളി)**

- നമ്മൾ നിറംകൊടുത്ത ചിത്രത്തിൽ എന്തെല്ലാമുണ്ട്? കുട്ടികളുടെ പ്രതികരണങ്ങൾ (മരം, പറവ, പഴം, പൂവ്, ചെടി. ) ഇതിൽ ഏതെല്ലാം സഞ്ചരിക്കും?
- മരം, പറവ, മരം പറവ, മരം എന്നിങ്ങനെ പറയും. അവസാനം പറഞ്ഞു നിറുത്തന്നത് പറവയാണെങ്കിൽ കുട്ടികൾ ചിറകടിക്കണം. മരമാണെങ്കിൽ അനങ്ങാതെ നിൽക്കണം.

മരം, പറവ, മരം പറവ, മരം പറവ
മരം, പറവ, മരം പറവ, മരം മരം
മരം, പറവ, മരം പറവ, പറവ

**പാട്ട്**

- മഞ്ഞ നിറമുള്ള പറവകൾ വന്നപ്പോൾ ചിറകടി ശബ്ദം എങ്ങനെയായിരുന്നു? (പട പട പട പട)
- ആരാണ് പട പട ശബ്ദം കേൾപ്പിച്ചത് ? (പറവകൾ)
- പറവകൾ പട പട കേൾപ്പിക്കുന്നത് എപ്പോഴാണ്? (പറക്കുമ്പോൾ പാറുമ്പോൾ)

ടീച്ചർ താളത്തിൽ പാടുന്നു, കുട്ടികൾ ഏറ്റുചൊല്ലുന്നു.
പട പട പട പട
പറവകൾ പാറി
തന തന തന തന
തന്ന തിന താനാ
ടീച്ചർ വരികൾ ചാർട്ടിൽ എഴുതാം ചൊല്ലിത്തരാമോ. ചാർട്ടിൽ എഴുതുന്നു

- പറകൾക്ക് നിറം കൊടുത്ത പേജ് എടുക്കൂ. ചാർട്ടുമായി ഒത്തുനോക്കൂ. എല്ലാ വരിയും എഴുതിയിട്ടുണ്ടോ?

പട പട പട പട
പറവകൾ പാറി
തന തന തന തന
തന്ന തിന താനാ

- ഇതിൽ രണ്ടു വരി നാം നേരത്തെ എഴുതിയിട്ടുണ്ട് ഏതാണ്? സചിത്രപുസ്തകം നോക്കി തന തന എന്നു തുടങ്ങുന്ന ആ വരികൾ കണ്ടെത്തി വായിക്കുന്നു.
- ഇനി ആദ്യത്തെ വരികൾ എഴുതണം.
- നോക്കൂ തുടക്കത്തിൽ എഴുതിയിരിക്കുന്ന വാക്ക് ഏതാണ്? വായിക്കാമോ?
- ഈ വാക്ക് നാം നേരത്തെ എഴുതിയിട്ടുണ്ട്? എവിടെയാണ്? കണ്ടെത്താമോ? മുൻ പേജിൽ നിന്നും പട പട എന്ന് എഴുതിയതി കണ്ടെത്തുന്നു.

പട പട പട പട
പറവകൾ പാറി
എന്നാണ് എഴുതേണ്ടത്. പട പട പട പട എന്നു നിങ്ങൾക്കറിയാം. രണ്ടുതവണ പുസ്തകത്തിൽ അച്ചടിച്ചിട്ടുണ്ട്. തുടർന്നുള്ള പട പട തനിയെ എഴുതാമോ? സംശയമുള്ളവർ ഉണ്ടോ? ആർക്ക് വന്ന് ബോർഡിൽ എഴുതാം. തുടർന്ന് എല്ലാവരും പട പട എന്ന് എഴുതുന്നു.
പട പട പട പട
.................പാറി
എന്ന് ടീച്ചർ ചാർട്ടിൽ എഴുതുന്നു. ഇവിടെ എഴുതിച്ചേർക്കേണ്ട വാക്കേതാണ്?
പറവകൾ
നമ്മുടെ പാഠത്തിന്റെ പേരാണ് പറവകൾ പാറി. അത് മഞ്ഞക്കിളികളെ ഒട്ടിച്ച പേജിലുണ്ട്. കണ്ടോ? പേജ് കാണിക്കുന്നു. പറവകൾ എന്ന് എഴുതിയത് കാണിക്കുന്നു
നമ്മൾക്ക് അത് എഴുതാം
ടീച്ചർ പറവകൾ എന്ന് പൂരിപ്പിച്ചെഴുതുന്നു.
ബോർഡിൽ ഘടന പറഞ്ഞെഴുതുന്നു പ റ വ ക ൾ പാറി

- പ, വ എന്നിവയുടെ വ്യത്യാസം ശ്രദ്ധയിൽ പെടുത്തുന്നു. ( പ ചെറിയ തല, നീണ്ട ഉടൽ, കുത്തനെ ഉയർന്ന് മുകളിലേക്ക്. വ പ പോലെയല്ല. വലിയ തല, കുറിയ ഉടൽ വലിയതലയുടെ അത്രയും ഉയരത്തിലാണ് കുത്തനെ അവസാനഭാഗം വരച്ചു നിറുത്തേണ്ടത്)
- ക, ൾ എന്നിവയുടെ ഘടന വ്യക്തമാക്കുന്നു. (ക എവിടെത്തുടങ്ങണം എന്നതിൽ ചില കുട്ടികൾക്ക് പ്രയാസം ഉണ്ടാകും. അത് പരിഹരിക്കാനായി കട്ടിയെഴുത്ത് നടത്തണം.

**ബോർഡിൽ കട്ടിയെഴുത്ത്**

- ◦ മുറിച്ചോക്ക് ചരിച്ചു പിടിച്ച് ബോർഡിൽ ടീച്ചർ കട്ടിക്ക് വലുപ്പത്തിൽ പറവകൾ എന്ന് എഴുതുന്നു. കുട്ടികൾ വന്ന് ഓരോ അക്ഷരത്തിന്റെയും മുകളിലൂടെ മറ്റൊരു നിറമുള്ള ചോക്ക് വെച്ച് എഴുതുന്നു. തുടർന്ന് ബോർഡിൽ മറ്റൊരിടത്തും എഴുതുന്നു. പിന്നെ സചിത്രപുസ്തകത്തിൽ എഴുതുന്നു.
- ◦ പ-റ-വ-ക-ൾ എന്നിങ്ങനെ പറഞ്ഞെഴുതണം

**പിന്തുണാനടത്തവും പിന്തുണാബുക്കിലെഴുത്തും**

(തന പോലെ ചിഹ്നച്ചേരുവ ഇല്ലാത്ത വാക്കാണ്)

- പിന്തുണാ നടത്തം. തനിയെ എഴുതിയവർക്ക് അടുത്ത എഴുതാം. സഹായം വേണ്ടവർക്ക് പിന്തുണാബുക്കുപയോഗിച്ച് സഹയം.
- ***പറവകൾ പാറി*** എന്നാണ് എഴുതേണ്ടത്. പാറി എന്ന് ഇന്നലെ മുൻ പേജിൽ എഴുതിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് തെളിവെടുത്തെഴുതാം.
- ടീച്ചർ ബോർഡിൽ എഴുതിക്കാണിക്കണം. പാറിയിലെ പാ ചിഹ്നം ചേർത്ത് ഒരു യൂണിറ്റായി എഴുതുകയാണ് വേണ്ടത്. പാ, റി. പാറി. കൂട്ടിവായിക്കുകയും വേണം
- തുടർന്ന് കുട്ടികളുടെ എഴുത്ത്. തത്സമയ വിലയിരുത്തലും ശരി അടയാളം നൽകലും. (ക, ൾ എന്നിവയ്ക്ക് അടുത്ത യൂണിറ്റിൽ കൂടുതൽ ഊന്നൽ ലഭിക്കും. )

പിന്തുണരചന ( ആവശ്യമുള്ളവർക്ക്)

- എല്ലാവരുടെയും ബുക്കിൽ രണ്ടു വരിയും ആയി എന്ന് ഉറപ്പാക്കണം

**പ്രതീക്ഷിത ഉല്പന്നം**

- പ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ

***വിലയിരുത്തൽ***

- പ, വ എന്നിവ എഴുതിയപ്പോൾ പിന്തുണബുക്കിലൂടെ സഹായം ലഭിച്ചവർ അത് പാലിച്ച് തുടർന്നുമെഴുതുന്നുണ്ടെന്ന് എങ്ങനെ ഉറപ്പാക്കും?

**പ്രവർത്തനത്തിന്റെ പേര്**- പുസ്തകവുമായി പൊരുത്തപ്പെടുത്തൽ ( വായന)

**പഠനലക്ഷ്യങ്ങൾ:**

1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു
2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.

**കരുതേണ്ട സാമഗ്രികൾ**- പാഠപുസ്തകം, പ്രവർത്തനപുസ്തകം

**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

**പാഠപുസ്തകവുമായി ഒത്തുനോക്കൽ**

- നിങ്ങൾ എഴുതിയതു പോലെയാണ് പാഠപുസ്തകത്തിലുള്ളത്? ഒത്തു നോക്കാം.
- ഒന്നാം വരി നോക്കൂ ( പട പട വാക്കകലം പാലിച്ചോ? സചിത്രപ്പുസ്തകത്തിൽ നമ്മൾ എഴുതിയപ്പോഴോ?)
- അടുത്ത വരി നോക്കൂ. ( പറവകൾ പാറി. ശരിയായിട്ടാണോ നമ്മൾ എഴുതിയത്?) ഇങ്ങനെ ഓരോരോ വരികൾ പൊരുത്തപ്പെടുത്തുന്നു.

**പുസ്തക വായന ( ക്രമത്തിൽ)**

നാലുപേർ വീതമുള്ള ഗ്രൂപ്പാകുന്നു. ഒരാൾ ഒരു വരി അടുത്തയാൾ അടുത്ത വരി എന്നിങ്ങനെ വായിക്കുന്നു.

**പുസ്തക വായന ( നിർദേശിക്കുന്ന ക്രമത്തിൽ)**

- രണ്ടും മൂന്നും വരി
- ഒന്നും നാലും വരി
- നാലും മൂന്നും വരി
- മൂന്നും നാലും വരി
- എല്ലാവരികളും താഴെ നിന്നും മുകളിലേക്ക്

- പുസ്തക വായന ( നിർദേശിക്കുന്ന വാക്ക്, അക്ഷരം ഉള്ളവ)
- പുസ്തക വായന ( നിർദേശിക്കുന്ന ആശയം ഉള്ളവ)
- പുസ്തക വായന ( നിർദേശിക്കുന്ന വാക്കുകൾ ആവർത്തിച്ചു വരുന്ന വരികൾ)

**സ്വതന്ത്രവായനാപാഠം**

അധ്യാപകർ തയ്യാറാക്കുന്ന സ്വതന്ത്രവായനാപാഠങ്ങൾ ആശയാവതരണരീതി പ്രകാരമുള്ള ക്ലാസുകളിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്. പരിചയിച്ച അക്ഷരങ്ങൾ വരുന്ന പുതിയ വായനാസാമഗ്രിയാണത്. തീമുമായി ബന്ധപ്പെടുത്തിവേണം തയ്യാറാക്കാൻ. കുറച്ചു വരികളേ ആകാവൂ. ചിത്രസഹിതമുള്ള വായനക്കാർഡു രൂപത്തിൽ നൽകാം. അതിന്റെ പി ഡി എഫ് ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിട്ടാൽ മതി. പരസ്പരബന്ധമില്ലാത്ത പദങ്ങളുടെ പട്ടിക നല്ല വായനക്കാർഡുകളിൽപെടില്ല. ആസ്വാദ്യത പ്രധാന ഘടകമാണ്, കുറിയ വാക്യങ്ങളാണ് നല്ലത്. ചുവടെയുള്ള വരികൾ വായനക്കാർഡ് രൂപത്തിലേക്ക് മാറ്റി നോക്കൂ. ഫോണ്ടിന്റെ വലുപ്പം തീരെ ചെറുതാകരുത്. ഫോണ്ടിനു നൽകുന്ന നിറം പശ്ചാത്തലത്തിലുള്ള നിറവുമായി ലയിച്ചുപോയാൽ വായിക്കാൻ പ്രയാസമാകും. പാഠപുസ്തകത്തിലുപയോഗിച്ച ലിപിസമ്പ്രദായം സ്വീകരിക്കണം. ചിത്രങ്ങൾ ആകർഷകമാകണം. മാറ്റർ കുത്തിനിറച്ചതുപോലെ തോന്നരുത്. ലാളിത്യം പ്രധാനം. സ്വയം തയ്യാറാക്കാൻ ശ്രമിക്കുക.

പല പല പറവകൾ പാറി
പല പല പറവകൾ പാടി
വാ വാ പാറി വാ
വാ വാ പാടി വാ

കുട്ടികൾ വായിച്ച് ചൊല്ലി ഗ്രൂപ്പിൽ പങ്കിടട്ടെ. അടുത്ത ദിവസം ചാർട്ടിൽ പ്രദർശിപ്പിച്ച് ചൊല്ലിക്കുകയും വേണം.

**പ്രതീക്ഷിത ഉല്പന്നം**

- വായനക്കാർഡ് വായിച്ച് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിട്ടത്.

**വിലയിരുത്തൽ**

- പാഠപുസ്തകത്തിലെ ചിത്രം വ്യാഖ്യാനിക്കാൻ അവസരം കൊടുത്തപ്പോൾ കുട്ടികൾ എന്തെല്ലാമാണ് പറഞ്ഞത്?
- കൂടുതൽ ചിത്രനിരീക്ഷണം നടത്തിയവരാരാണ്?
- എല്ലാവരെയും കൊണ്ട് പറയിക്കുന്നതിന് സ്വീകരിച്ച തന്ത്രം എന്താണ്?
- പാഠപുസ്ത വാക്യങ്ങൾ സഹായമില്ലാതെ വായിക്കുന്നതിന് കഴിഞ്ഞുവോ? എത്ര പേർക്ക്?
- വായനയിൽ കൂടുതൽ സഹായം ആവശ്യമുള്ളവർക്ക് എന്തു പിന്തുണാവസരങ്ങൾ തുടർന്നു നൽകേണ്ടി വരും?
- ഗ്രൂപ്പുകളായി വായിച്ചത് പരസ്പരം വിലയിരുത്തിൽ പറയാൻ നിർദേശിച്ചപ്പോഴെന്തു പ്രതികരണമാണ് ലഭിച്ചത്?

| പ്രവർത്തനത്തിന്റെ പേര്- ക്ലാസ് എഡിറ്റിംഗ് |
| --- |
| **പഠനലക്ഷ്യങ്ങൾ**<br>1. **അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.** |

**കുട്ടികളുടെ ബോർഡെഴുത്ത് (ക്ലാസ് എഡിറ്റിംഗ്)**

ഇന്നു പരിചയിച്ച വാക്കുകളും വരികളും ബോർഡിൽ എഴുതാമോ? എല്ലാവരും എഴുതിയ ശേഷം വിശകലനം. എഡിറ്റിംഗിനുള്ള ചോദ്യങ്ങൾ ഓരോന്നായി ചോദിച്ച് പങ്കാളിത്ത രീതിയിൽ മെച്ചപ്പെടുത്തണം.

1. എല്ലാവരും വാക്കകലം പാലിച്ചിട്ടുണ്ടോ?
2. ആരെങ്കിലും എഴുതിയപ്പോൾ അക്ഷരങ്ങൾ തമ്മിൽ ചേർന്നിരിക്കുന്നുണ്ടോ?
3. ഏതെങ്കിലും വാക്കിൽ അക്ഷരം വിട്ടുപോയിട്ടുണ്ടോ?
4. ഏതെങ്കിലും വാക്കിൽ ചിഹ്നം വിട്ടുപോയിട്ടുണ്ടോ?
5. എവിടെയെങ്കിലും അക്ഷരം മാറിപ്പോയിട്ടുണ്ടോ?
6. ഏതെങ്കിലും വാക്കിൽ ചിഹ്നം മാറിപ്പോയിട്ടുണ്ടോ?
7. അക്ഷരമോ ചിഹ്നമോ കൂടുതലായി ചേർത്തിട്ടുണ്ടോ?
8. അക്ഷരത്തിന്റെ ഘടന പാലിച്ചിട്ടുണ്ടോ? ( അക്ഷരം ശരിയായ രീതിയിലാണോ എഴുതിയത്?)
9. ഉച്ചരിക്കുന്നതും എഴുതിയതും തമ്മിൽ വ്യത്യാസമുണ്ടോ?
10. വാക്കുകൾ അധികമായി വന്നിട്ടുണ്ടോ? (ഒരേ വാക്യത്തിൽ )

11. വാക്കുകളുടെ ക്രമം മാറേണ്ടതുണ്ടോ? ( വാകൃത്തിൽ)

കുട്ടികളിൽ സന്നദ്ധരായി വരുന്നവരെക്കൊണ്ട് മെച്ചപ്പെടുത്തി എഴുതിക്കണം.

**പ്രതീക്ഷിക്കുന്ന ഉല്പന്നം**

- ബോർഡിലെഴുതിയപ്പോഴുള്ള പ്രശ്നങ്ങൾ കണ്ടെത്തി മെച്ചപ്പെടുത്തിയ വാക്കുകളും വാക്യങ്ങളും

**വിലയിരുത്തൽ**

- കുട്ടികൾ എഴുതുമ്പോൾ ആർക്കൊക്കെയാണ് ലേഖനപ്രശ്നങ്ങൾ എന്നു കണ്ടെത്താൻ ശ്രമിച്ചുവോ?
- താരതമ്യം ചെയ്ത് പ്രശ്നങ്ങൾ കണ്ടെത്താൻ എത്രപേർക്ക് കഴിഞ്ഞു?
- കുട്ടികളിലെത്രപേർ സന്നദ്ധരായി വന്ന് എഴുത്തിൽ മാതൃക കാട്ടി?
- ഏതെല്ലാം പ്രശ്നങ്ങളാണ് തുടർന്നുള്ള ലേഖനാവസരത്തിൽ പ്രത്യേക ഊന്നൽ നൽകി പരിഹരിക്കണമെന്നു കണ്ടെത്തിയത്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്**- പാവം മഞ്ഞക്കിളികൾ ( കഥയും അരങ്ങും) കലാവിദ്യാഭ്യാസം , ഭാഷ |
| **പഠനലക്ഷ്യങ്ങൾ**<br>1. വിവിധതരം തീയേറ്റർ ഗെയിമുകളിലൂടെ വിവിധ സന്ദർഭങ്ങളെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുന്നു<br>2. കേട്ട /വായിച്ച കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ റോൾപ്ലേയിലൂടെ അവതരിപ്പിക്കുന്നു<br>3. വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ടു കേട്ട പാട്ടുകൾ, കഥാ ഗാനങ്ങൾ എന്നിവയെക്കുറിച്ച് വാചിക പ്രതികരണങ്ങൾ നടത്തുന്നു.<br>4. പലഘട്ടങ്ങളിലുള്ള പ്രവർത്തനം ആവശ്യപ്പെടുന്ന ലളിതമായ നിർദ്ദേശങ്ങൾ വായിച്ചും കേട്ടും മനസ്സിലാക്കി പ്രവർത്തിക്കുന്നു. |

**കരുതേണ്ട സാമഗ്രികൾ**- കിളികളുടെ തൊപ്പിമാസ്ക്, മരത്തിന്റെ കട്ടൗട്ട് അല്ലെങ്കിൽ മരമാക്കാൻ കുട്ടികൾ കണ്ടെത്തുന്ന സാമഗ്രികൾ, കിളികളുടെ ചിറകുകളായി ചലിപ്പിക്കുന്നതിന് റിബൺ (മഞ്ഞ നിർബന്ധം)

**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

കഥ കേട്ട ശേഷം കുട്ടികൾ ഗ്രൂപ്പായി രംഗം അഭിനയിച്ച് അവതരിപ്പിക്കണം.

ദൂരേ നിന്നും പറന്നു നാട്ടിലെത്തിയ മഞ്ഞക്കിളികളുടെ ചിത്രം കണ്ടോ? പാഠപുസ്തകത്തിലെ 6, 7 പേജുകൾ നോക്കി ചിത്രം കണ്ടെത്തുന്നു.

**ചിത്രവ്യാഖ്യാനം**

- ചിത്രം നോക്കൂ. മഞ്ഞക്കിളികളുടെ മുഖഭാവവും മറ്റു കിളികളുടെ മുഖഭാവവും ഒരു പോലെയാണോ?
- എന്താണ് വ്യത്യാസം?
- അതിന് എന്താവാം കാരണം?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണങ്ങൾ.

ദൂരെ നിന്നും പറന്നു പറന്നു ക്ഷീണിച്ചു വരുന്ന മഞ്ഞക്കിളികൾ. ചിറകടിച്ച് ചിറകടിച്ച് തളർന്നുപോയി. ദുഖഭാവത്തിൽ ചൊല്ലണം.

(യൂണിറ്റിന്റെ തുടക്കത്തിൽ ചൊല്ലിയത് ഉന്മേഷത്തോടെയായിരുന്നു. ഇപ്പോൾ ചെറുഭേദഗതി വരികളിലും ഉണ്ട്.)

ചിറകടിച്ച് ചിറകടിച്ച് വന്നതാണ് പറവകൾ.
ഇടത്തോട്ട് ചിറകടിച്ച് വന്നതാണ് പറവകൾ
വലത്തോട്ട് ചിറകടിച്ച് വന്നതാണ് പറവകൾ
ഉയർന്നുയർന്നു ചിറകടിച്ച് വന്നതാണ് പറവകൾ
താഴ്ന്നു താഴ്ന്നു ചിറകടിച്ച് വന്നതാണ് പറവകൾ
മലകടന്ന് പുഴകടന്ന് വന്നതാണ് പറവകൾ.

അവർ നല്ലപോലെ വിശന്നിരിക്കുന്നു. എന്തെങ്കിലും കഴിക്കണം. താഴേക്ക് നോക്കി. അതാ ഒരു മരം. മരത്തിൽ നിറയെ പഴങ്ങൾ. തുടുത്തു ചുവന്ന പഴങ്ങൾ.

അപ്പോൾ മഞ്ഞക്കിളികൾ പരസ്പരം നോക്കി. എന്തോ പറഞ്ഞു. എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക? (പ്രവചനം) മഞ്ഞക്കിളികളുടെ സംഭാഷണം അവതരിപ്പിക്കാൻ അവസരം.

"ഹായ് അതുകണ്ടോ? ആ മരത്തിൽ നിറയെ പഴങ്ങൾ."

"പക്ഷികളുമുണ്ടല്ലോ?"

"നമ്മൾക്ക് പോയി തിന്നാം."

LPSAH


മഞ്ഞക്കിളികളെ കണ്ട് മരങ്ങൾ അവരെ വിളിച്ചു. "വാ വാ. ഇതാ പഴം, നല്ല ഒന്നാന്തരം പഴം, ക്ഷീണമെല്ലാം പോകും."
മഞ്ഞക്കിളികൾ മരത്തിലേക്ക് പറന്നുചെന്നു. പഴം കൊത്തിത്തിന്നാൻ തുടങ്ങുമ്പോൾ ഒരു ശബ്ദം.
"തൊട്ടുപോകരുത്.
ആരായിരിക്കും പറഞ്ഞത്? ( പ്രവചനം)
ചില നാട്ടുകിളികൾക്ക് മഞ്ഞക്കിളികളുടെ വരവ് ഇഷ്ടമായില്ല.
അവർ പറഞ്ഞു: "പോ പോ ഈ മരത്തിൽ നിന്നും പോ"
"നല്ല കൊത്ത് തരും"
മഞ്ഞക്കിളികൾക്ക് വിഷമമായി അവർ കെഞ്ചി: "അയ്യോ അങ്ങനെ പറയല്ലേ. ഒത്തിരി ദൂരം പറന്നതാ. നല്ല വിശപ്പും ദാഹവും ക്ഷീണവും ഉണ്ട്. ഈ മരക്കൊമ്പിൽ ഇത്തിരി വിശ്രമിച്ചോട്ടെ. ഇത്തരി പഴം തിന്ന് വിശപ്പ് തീർത്തോട്ടെ"
"പറ്റില്ലാ പറ്റില്ലാ. പറന്നുപോ ദൂരെ" എന്നായി നാട്ടുകളികൾ. പാവം മഞ്ഞക്കിളികൾ മറ്റു പക്ഷികളെ ദയനീയമായി നോക്കി. ആ പക്ഷികളുടെ മനസ്സലിഞ്ഞു.
അവർ പറഞ്ഞു: "അരുത് കൊത്തിയോടിക്കരുത്. അവരും നമ്മെപ്പോലെ പക്ഷികളാണ്. വിശന്നു വന്നവരെ ഓടിക്കരുത്"."
"നാമെല്ലാം പക്ഷികളാണ്. തമ്മിൽ സ്നേഹിക്കേണ്ടവർ"
ഇതുകേട്ട ആ നാട്ടുപക്ഷികളുടെ മനസ്സ് മാറി.
അവർ പറഞ്ഞു: "നിങ്ങളു വാ. നമ്മൾക്ക് ഈ മരത്തിലെ പഴങ്ങൾ തിന്നാം".
എല്ലാവരം സന്തോഷത്തോടെ കലപില പാടി പഴങ്ങൾ തിന്നു.
കഥ പറഞ്ഞതിന്ദ ശേഷം കുട്ടികളോട് പ്രതികരണങ്ങൾ ക്ഷണിക്കണം. വീട്ടിൽ ഈ കഥ പറയുമ്പോൾ എന്തെല്ലാം കാര്യങ്ങൾ വിട്ടുപാകാതെ പറയും?

- മഞ്ഞക്കിളികളുടെ വരവും തുടർന്നുണ്ടായ സംഭവങ്ങളും ആർക്കെല്ലാം അഭിനയിക്കാം? അഭിനയിക്കേണ്ട ഉള്ളടക്കം ചർച്ച ചെയ്യുന്നു.

കുട്ടികളെ ചെറുഗ്രൂപ്പുകളാകുന്നു. ഓരോ ഗ്രൂപ്പിലുള്ളവരും മൂന്നു റോളുകളും വീതിച്ചെടുക്കുന്നു (മഞ്ഞക്കിളികൾ, എതിർക്കുന്ന നാട്ടുപക്ഷികൾ, സ്നേഹമുള്ള നാട്ടുപക്ഷികൾ).

- രംഗം അവതരിപ്പിക്കുന്നു. ( പശ്ചാത്തലത്തിൽ മരത്തിന്റെ വലിയ കട്ടൗട്ട് ആകാം, പക്ഷിമാസ്കുകളും ഉപയോഗിക്കാം)

**പ്രതീക്ഷിത ഉല്പന്നം**

- കുട്ടികൾ രംഗാവിഷ്കരണം നടത്തിയതിന്റെ വീഡിയോ.

**വിലയിരുത്തൽ**

- അവതരണത്തിൽ ഗ്രൂപ്പംഗങ്ങളുടെ പങ്കാളിത്തം എങ്ങനെ?
- തത്സമയ സംഭാഷണം അവതരിപ്പിക്കുന്നതിൽ ഏതെല്ലാം ഗ്രൂപ്പുകൾ വിജയിച്ചു
- അവതരണത്തെക്കുറിച്ച് പരസ്പരം വിലയിരുത്താൻ അവസരം കൊടുത്തത് ഗുണം ചെയ്തുവോ?
- ആശയം ശക്തമായി പ്രതിഫലിപ്പിക്കാൻ ഗ്രൂപ്പുകൾ ശ്രമിച്ചുവോ?
- പക്ഷികളുടെ തൊപ്പിമാസ്ക് നൽകിയത് അവതരണത്തെ ശക്തിപ്പെടുത്തിയോ?
- അടുത്ത ക്ലാസ് പി ടി എയിൽ അവതരിപ്പിക്കുന്നതിനായി ഏതെല്ലാം കാര്യങ്ങളിലാണ് മെച്ചപ്പെടുത്തലുകൾ വേണ്ടത്?

| **പ്രവർത്തനത്തിന്റെ പേര്- പക്ഷിക്കൂട്ടിൽ മുട്ടകൾ വെക്കാം.** |
|---|
| **പഠനലക്ഷ്യങ്ങൾ-**<br>1. **അടിസ്ഥാന ചലനനൈപുണികൾ വികസിപ്പിക്കുന്നതിനുള്ള ബഹുവിധപ്രവർത്തനങ്ങളിൽ ഏർപ്പെടുക ( പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, ഏറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവ)**<br>2. **പലഘട്ടങ്ങളിലുള്ള പ്രവർത്തനം ആവശ്യപ്പെടുന്ന ലളിതമായ നിർദ്ദേശങ്ങൾ വായിച്ചും കേട്ടും മനസ്സിലാക്കി പ്രവർത്തിക്കുന്നു.** |

**കരുതേണ്ട സാമഗ്രികൾ-** മുട്ടത്തോടുകൾ. ( നാലുപേരുടെ ഗ്രൂപ്പിന് അഞ്ച് എന്ന കണക്കിൽ) ഈ മുട്ടത്തോടുകൾ അടുത്ത ദിവസവും ആവശ്യമുണ്ട്. കുട്ടികളുടെ പങ്കാളിത്തത്തോടെ ശേഖരിക്കാം. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ അറിയിപ്പ് നൽകിയാൽ കഴുകി വൃത്തിയാക്കിയ മുട്ടത്തോടുകൾ ലഭിക്കാതിരിക്കില്ല.
**പ്രതീക്ഷിത സമയം 20** മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**

- കുട്ടികളെ നാലുപേർ വീതമുള്ള ഗ്രൂപ്പുകളാക്കണം
- എല്ലാ ഗ്രൂപ്പുകളിലും ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടാകണം.

- ഓടിക്കളിയാണ്. ഓടാനുള്ള അകലമിട്ട് രണ്ടു വരകൾ
- ഒരു വരയിൽ പക്ഷിക്കൂടിന്റെ ആകൃതിയിൽ ഇലയോ പാത്രമോ വെക്കണം
- മറ്റേ വരയുടെ അടുത്ത്  മുട്ടത്തോടുകളും
- ഗ്രൂപ്പംഗങ്ങൾ മുട്ടത്തോടിന്റെ അടുത്ത് നിൽക്കണം.
- വിസിൽ മുഴങ്ങുമ്പോൾ ഓരോ ഗ്രൂപ്പിലെയും ഓരോരുത്തരായി മുട്ട എടുത്ത് കിളിക്കൂട്ടിൽ വെക്കണം. ഒരാൾ മുട്ട വെച്ച് തിരികെ വന്ന് ഗ്രൂപ്പിലുള്ള അടുത്തയാളെ തൊടണം. തൊടുന്ന ആൾ മുട്ട എടുത്ത് ഓടണം.  മുട്ട കൂട്ടിലേക്ക് എറിയാൻ പാടില്ല. സാവധാനം കൂട്ടിൽ വെക്കണം. മുട്ടയുമായി ഓടുമ്പോൾ താഴെ വീണാൽ മുട്ട പോട്ടിയതായി കണക്കാക്കും. അതിനാൽ മുട്ട താഴെ വീഴാതെ ഓടണം. കൂട്ടിൽ നിന്നും മുട്ട പുറത്തേക്ക് ഉരുണ്ട് പോകാനും പാടില്ല.
- ആദ്യം കൂട്ടിൽ എല്ലാ മുട്ടകളും വെക്കുന്നവർ വിജയിക്കും.

വിശകലനച്ചർച്ച

- കളിക്ക് ശേഷം ചർച്ച നടത്തണം. ഈ കളിയിൽ  കിളിമുട്ട കൂട്ടിൽ കൊണ്ടുവെക്കുകയായിരുന്നു. കിളിക്കൂട്ടിൽ നിന്നും മുട്ട എടുത്തോടുന്ന രീതിയിലും കളിക്കാമായിരുന്നു. നാമത് ചെയ്തില്ല. ഏതു രീതിയാണ് നല്ലത്, എന്തുകൊണ്ട്? എന്താണ് നിങ്ങളുടെ അഭിപ്രായം?

**പ്രതീക്ഷിത ഉല്പന്നം**

- ഇല്ല

**വിലയിരുത്തൽ**

- നിർദേശങ്ങൾ കേട്ടു മനസ്സിലാക്കി പ്രവർത്തിക്കാൻ എല്ലാവർക്കും കഴിഞ്ഞോ?
- സംഘബോധത്തോടെ പ്രവർത്തിച്ചുവോ?
- വിജയികളെ മറ്റു ഗ്രൂപ്പുകാർ എങ്ങനെയാണ് അഭിനന്ദിച്ചത്?
- വീണ്ടും കളിക്കണമെന്ന് കുട്ടികൾ ആവശ്യപ്പെട്ടുവോ?
- സൂക്ഷ്മതയോടെ മുട്ട ( പന്ത്) കൈകാര്യം ചെയ്തുവോ?
- വേഗത്തിലോടുന്നതിനുള്ള കായിക ശേഷി വികസിപ്പിക്കാൻ ഈ പ്രവർത്തനം എത്രമാത്രം സഹായകമായി?
- ശാരീരിക പരിമിതി നേരിടുന്ന കുട്ടികൾക്കായി പ്രവർത്തനം എങ്ങനെ അനുരൂപീകരിച്ചു?
-

## നാലാം ദിവസം

| |
|---|
| **പ്രർത്തനത്തിന്റെ പേര്**- പാട്ടരങ്ങ് ( ദേശാടകരാം കിളികളൊരിക്കൽ) |
| **പഠനലക്ഷ്യം:** പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായും സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്നു |

**കരുതേണ്ട സാമഗ്രികൾ**- പാട്ടിന്റെ ഓഡിയോ.

**പ്രതീക്ഷിത സമയം** - മുപ്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

- ടീച്ചർ ആദ്യം പാട്ട് മുഴുവൻ ചൊല്ലിക്കേൾപ്പിക്കുന്നു. തുടർന്ന് സ്പീക്കറിലൂടെ റിക്കാർഡ് ചെയ്തത് കേൾപ്പിക്കുന്നു. രണ്ടു വരി വീതം കുട്ടികൾ ഏറ്റു പാടുന്നു.
- തുടർന്നുള്ള എല്ലാ ദിവസങ്ങളിലും ഈ പാട്ട് കുട്ടികളുമൊത്ത് പാടണം. ഈണം നൽകിയത് ക്ലാസ് വാട്സാപ്പ്ഗ്രൂപ്പിലും ഇടണം. വീട്ടിലുള്ളവരും കേൾക്കണം.  ഒന്നാമത്തെ പാഠം കഥയായും പാട്ടായും കുട്ടി പരിചയിച്ചു.  കഥയുടെ ഇടയിൽ ഈ പാട്ടിന്റെ വരികൾ ചേർത്ത് സന്നദ്ധതയുള്ള രക്ഷിതാക്കൾക്ക് കുട്ടികളുമായി ചേർന്ന് അവതരിപ്പിക്കാം. പാട്ട് ചുവടെ-

***ദേശാടകരാം കിളികളൊരിക്കൽ***
***വിരുന്നു വന്നു, നാട്ടിൽ***
***വിശന്നുവന്നവർ ദാഹിക്കുന്നവർ***
***തളർന്നിറങ്ങീ നാട്ടിൽ..***
***മധുരിക്കുന്ന പഴങ്ങൾ നല്കി***
***മരങ്ങളവരെ വിളിച്ചു***
***തണുത്തകാറ്റിൽ ഇലകൾ മുക്കി***
***ചില്ലകളവരേ വീശി***
***നാട്ടുകിളികളിൽ ചിലരിതു കണ്ട്***

LPSAH


*കലപില കൂട്ടാനെത്തീ*
*പരദേശികളാം പറവകളിവിടെ*
*ചേക്കേറരുതെന്നായി...*
*തളർന്ന കിളികൾ ചിറകും വീശി*
*പറന്നു പൊങ്ങാൻ നിൽക്കെ*
*മറ്റൊരു കൂട്ടം കിളികൾ സ്നേഹം*
*പകർന്നു നല്ലാനെത്തീ*
*ദേശമതേതായാലും നമ്മൾ*
*പറവകളെന്നതു നേര്*

പാട്ട് പാടുമ്പോൾ രംഗാവിഷ്കാരം നടത്തുന്നതിനും കുട്ടികൾക്ക് അവസരം നൽകാം.

**പ്രതീക്ഷിത ഉല്പന്നം**

- **പാട്ടു ചേർത്ത് പറയുന്ന കഥ ( ഓഡിയോ)**

***വിലയിരുത്തൽ***

- പാട്ടിൽ നിന്നും മനസ്സിലായ കാര്യങ്ങൾ എത്ര കുട്ടികൾ സ്വന്തം ഭാഷയിൽ വിവരിച്ചു?
- താളമിട്ട് പാടുന്നതിന് കുട്ടികൾ എന്തെല്ലാം ഉപകരണങ്ങൾ കണ്ടെത്തി?
- ഈ പാട്ട് ആവിഷ്കരിക്കാൻ എത്രപേർ സന്നദ്ധരായി?
- ഈ പാട്ടിനെ പാഠപുസ്തകത്തിലെ ചിത്രവുമായി പൊരുത്തപ്പെടുത്താൻ എത്രപേർക്ക് കഴിഞ്ഞു?
- ഏതൊക്കെ വാക്കുകൾക്കാണ് അവർ വിശദീകരണം ചോദിച്ചത്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്:** മുട്ട നിരീക്ഷണവും മുട്ടത്തോട് പരീക്ഷണവും |
| **പഠനലക്ഷ്യങ്ങൾ:**<br>1. പക്ഷിമുട്ടകൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു.<br>2. മുട്ടകൾ ഉപയോഗിച്ചുള്ള പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>3. വസ്തുക്കളുടെയും സംഭവങ്ങളുടെയും പ്രധാനവിവരങ്ങൾ വാചികമായി അവതരിപ്പിക്കുന്നു. (ഭാഷ) |

**കരുതേണ്ട സാമഗ്രികൾ**- കോഴി, താറാവ് , കാട എന്നിവയുടെ മുട്ടകൾ. വിവിധ പക്ഷികളുടെ മുട്ടകളുടെ ചിത്രങ്ങൾ.

**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

പക്ഷികൾ മരത്തിൽ നിന്നും പഴങ്ങളൊക്കെ തിന്ന് ക്ഷീണമെല്ലാം മാറ്റി. ഇവിടെ കൂട് വെച്ചാലോ? മഞ്ഞക്കിളികൾ ആലോചിച്ചു. നാട്ടുകിളികൾ പറഞ്ഞു ഈ മരങ്ങളുടെ ചില്ലകളിൽ കൂടുവെച്ചാൽ ആരെയും പേടിക്കണ്ട. മഞ്ഞക്കിളികൾ നാരും ചകിരിയും ചുള്ളിക്കമ്പുമെല്ലാം കൊണ്ട് കൂടുകൾ വെച്ചു. മുട്ടയിട്ടു നല്ല മനോഹരമായ മുട്ടകൾ. അവർ അടയിരുന്നു.

**പ്രശ്നാവതരണം.**

മുട്ടകൾ കണ്ടാൽ അത് ഏതു പക്ഷിയുടേതാണെന്ന് തിരിച്ചറിയാമോ? ആർക്കെല്ലാം പറയാൻ കഴിയും?
പ്രതികരണങ്ങൾ, പ്രത്യേകത പറയാൻ അവസരം.
കോഴിയുടെയും താറാവിന്റെയും കാടക്കോഴിയുടെയും മുട്ടകൾ പ്രദർശിപ്പിക്കുന്നു.
നിരീക്ഷിച്ച് അവയുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഏതു പക്ഷിയുടേതാണെന്ന് കണ്ടെത്തുന്നു.
പല പക്ഷികളുടെ മുട്ടകളുടെ ചിത്രം കാണിക്കുന്നു. താരതമ്യം ചെയ്ത് കണ്ടെത്തലുകൾ പങ്കിടുന്നു.

- മുട്ടകൾ പല വലുപ്പത്തിലാണ്
- പല നിറങ്ങളിലാണ്
- പുള്ളിയുള്ള മുട്ടകൾ ഉണ്ട്
- എല്ലാ മുട്ടകൾക്കും ഉരുണ്ട ആകൃതിയാണ്.

എല്ലാ മുട്ടകൾക്കും ഒരേ വലുപ്പമോ നിറമോ അല്ലെങ്കിലും ആകൃതി ഒരുപോലെയാണ് എന്ന് തിരിച്ചറിയുന്നു.

**പ്രശ്നാവതരണം2**

ടീച്ചർ പാഠപുസ്തകത്തിലെ ചിത്രത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇങ്ങനെ മുട്ടത്തോടിനു മുകളിൽ പുസ്തകം വെച്ചാൽ മുട്ട പൊട്ടുമോ? ഇല്ലയോ?
പൊട്ടും എന്നുള്ളവരാരെല്ലാം?
പൊട്ടത്തില്ല എന്ന് അഭിപ്രായമുള്ളവർ എത്രപേർ? പൊട്ടത്തില്ല എങ്കിൽ എത്രപുസ്തകം വരെ വെക്കാം?
മേശപ്പുറത്തുള പുസ്തകങ്ങൾ നോക്കി ഏകദേശം ഊഹിക്കണം.

എങ്ങനെ കണ്ടെത്തും?

പങ്കാളിത്ത ആസൂത്രണം

- ഓരോ ഗ്രൂപ്പും നാല് വീതം മുട്ടത്തോട് നൽകുന്നു ( മുട്ടത്തോട് വൃത്തിയായി കഴുകിയതായിരിക്കണം. മുട്ടത്തോട് മുറിക്കാൻ സഹായിക്കണം. കുറേ മുട്ടത്തോട് മുറിച്ചത് കരുതുണം)
- മുട്ടത്തോട് വെക്കാനുള്ള കുപ്പിയടപ്പുകളും നൽകണം.
- ഇനി എന്താണ് വേണ്ടത്? എത്ര അകലത്തിൽ വെക്കണം? എവിടെ വക്കണം? സന്നദ്ധരായവരെക്കൊണ്ട് മുട്ടത്തോട് എല്ലാവരും കാണത്തക്കവിധം വയ്ക്കാനുള്ള സ്ഥലം കണ്ടെത്തിക്കുന്നു. മുട്ടത്തോട് വെക്കേണ്ട സ്ഥാനം ഓരോ ഗ്രൂപ്പും ചോക്ക് വെച്ച് അടയാളപ്പെടുത്തിക്കുന്നു.
- ഇനി ആര് മുട്ട വെക്കും?
- ഇനി എങ്ങനെ പുസ്തകം വെക്കും? പതുക്കെ വെക്കുന്നതിന് ധാരണയാകുന്നു
- ഓരോരുത്തരായി പുസ്തകം ഒന്നിനു മുകളിൽ ഒന്നായി വെക്കുന്നു. എല്ലാവർക്കും അവസരം കിട്ടണം.
- പ്രഥമാധ്യാപിക, അടുത്ത ക്ലാസിലെ ടീച്ചർ, ഓരോ ക്ലാസിലെയും ലീഡർമാർ എന്നിവർക്കും പുസ്തകം വെക്കാൻ അവസരം നൽകണം.
- എത്രപുസ്തകം വരെ വെക്കാനായി? എണ്ണിനോക്കുന്നു ( സംഖ്യാബോധത്തിന്റെ അടിസ്ഥാനത്തിലല്ല ഈ എണ്ണൽ. ടീച്ചറുടെ സഹായം വേണ്ടിവരാം)
- പരീക്ഷണം ചെയ്യുന്നതിന്റെ ഫോട്ടോയും വീഡിയോയും എടുക്കണം. വീഡിയോയിൽ പരീക്ഷണത്തിന്റെ പ്രക്രിയയും കണ്ടെത്തലും കുട്ടികൾ വിശദീകരിക്കണം.
- ക്ലാസിൽ എല്ലാവരുടെയും പങ്കാളിത്തത്തോടെ പരീക്ഷണത്തിന്റെ വാചികവിവരണം നടത്തിക്കാം. ആശയം ക്രമീകരിച്ച് പറയിക്കൽ.
- ചാർട്ടിൽ കുട്ടികൾ പരീക്ഷണം ചിത്രീകരിക്കുന്നു.

**പ്രതീക്ഷിത ഉല്പന്നം**

- പരീക്ഷണം ചെയ്തതിന്റെ വാചിക വിവരണവുമടങ്ങിയ വീഡിയോ

**വിലയിരുത്തൽ**

- ഒന്നാം ക്ലാസിലെ ആദ്യ പരീക്ഷണമാണ് നടത്തിയത്. കട്ടികൾ എങ്ങനെ സ്വീകരിച്ചു?
- ഊഹവും കണ്ടെത്തലും എങ്ങനെയയായിരുന്നു?
- വീഡിയോ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിലിട്ടപ്പോൾ രക്ഷിതാക്കളുടെ പ്രതികരണം എന്തായിരുന്നു
- മുട്ടത്തോടിന് പകരം മുട്ടവെച്ച് പരീക്ഷണം വീട്ടിൽ നടത്താൻ ആവശ്യപ്പെട്ടപ്പോൾ എന്തായിരുന്നു ഫലം?
-

| |
|---|
| **പ്രവർത്തനത്തിന്റെ പേര്.** മുട്ടത്തോടിൽ ചിത്രം വരയ്ക്കാം |
| **പഠനലക്ഷ്യങ്ങൾ:** വിവിധ പ്രതലങ്ങളിൽ വരച്ച് നിറം നൽകുന്നു, |

**കരുതേണ്ട സാമഗ്രികൾ**- ഓരോരുത്തർക്കും ഓരോ മുട്ടത്തോട് വീതം. ( മുൻ പ്രവർത്തനങ്ങളിൽ ഉപയോഗിച്ചതും പ്രയോജനപ്പെടുത്താം. )

**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

മുൻകൂട്ടി ശേഖരിച്ച മുട്ടത്തോടുകൾ ( കഴുകി വൃത്തിയാക്കിയത്) പ്രതലമാക്കി ചിത്രം വരയ്ക്കൽ
ചില സാധ്യതകൾ അധ്യാപകർക്ക് പരിചയപ്പെടുത്താം.

- കണ്ണും മൂക്കും വരയ്ക്കാം
- പൂവാക്കാം
- ചില ഡിസൈനുകൾ നൽകാം.
- പെൻസിൽ, ക്രയോൺസ്, കളർപെൻസിൽ, സ്കെച്ച് പേന തുടങ്ങിയവയെല്ലാം പരീക്ഷിക്കട്ടെ.
- എല്ലാവരും വരച്ചു കഴിഞ്ഞാൽ അതിന്റെ പ്രദർശനം നടത്തണം.
- ടീച്ചർ വരച്ചവയും പ്രദർശിപ്പിക്കണം
- അടുത്ത ദിവസം രക്ഷിതാക്കൾക്കും വരച്ച് കൊടുത്തുവിടാം.

**പ്രതീക്ഷിത ഉല്പന്നം**

- മുട്ടത്തോടിൽ പടങ്ങൾ വരച്ചത്.
- ഉല്പന്നങ്ങളുടെ വീഡിയോ

**വിലയിരുത്തൽ**

- എത്ര കുട്ടികൾ വ്യത്യസ്തമായി വരയ്ക്കാൻ ശ്രമിച്ചു?

- കുട്ടികളുടെ ഉല്പന്നം പ്രദർശിപ്പിക്കാനും വിലയിരുത്താനും അവസരം നൽകിയോ?
- മുട്ടത്തോടിൽ കൂടുതൽ ചിത്രം വരയ്ക്കുന്നതിന് തുടർ പ്രവർത്തനം നൽകിയത് എത്ര കുട്ടികൾ ഏറ്റെടുത്തു?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്.** മുട്ടത്തോടിൽ നിന്നും കിളി |
| **പഠനലക്ഷ്യങ്ങൾ:** കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |

**കരുതേണ്ട സാമഗ്രികൾ-** മുട്ടത്തോട്, പശ, കളറുകൾ, ചെറിയ കാർഡ് ബോർഡ് ചതുരങ്ങൾ.
**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**

- മുട്ടത്തോടിനെ കിളിയാക്കാനറിയാമോ?
- ഒരു ചുണ്ട് ഒട്ടിച്ചു ചേർക്കണം. എന്തെല്ലാം സാധ്യത?
- കണ്ണുകൾ വേണ്ടേ? സാധ്യതകൾ ചർച്ച (ഒട്ടിപ്പുപൊട്ടുകൾ, വരച്ചു ചേർക്കൽ...)
- പക്ഷിക്ക് നിറം വേണോ? ഇഷ്ടമുള്ള നിറം നൽകിയാൽ മതിയാകും.
- ചിറക് വേണോ? ( കടലാസ് മുറിച്ച് ഒട്ടിക്കാം)
- പക്ഷി ഉരുണ്ടുപോകാതിരിക്കാൻ എന്താ വഴി? (അടിയിൽ ചെറിയ കാർഡ്ബോർഡ് കഷണം ഒട്ടിച്ചുവെച്ചാൽ നിലത്ത് ഇരിക്കും.)

**പ്രതീക്ഷിത ഉല്പന്നം**

- മുട്ടത്തോട് കൊണ്ടു നിർമിച്ച കിളികൾ
- ക്ലാസിൽ മരച്ചില്ലയൊരുക്കി അതിൽ ഒട്ടിച്ചു വെച്ച പറവകൾ
- തങ്ങളുടെ ഉല്പന്നവുമായി നിൽക്കുന്ന കുട്ടികളുടെ ഫോട്ടോകൾ.

**വിലയിരുത്തൽ**

- എത്രപേർക്ക് സഹായമില്ലാതെ ഒട്ടിക്കാൻ കഴിഞ്ഞു?
- കണ്ണുകൾ ഒട്ടിക്കുമ്പോൾ സ്ഥാനം കൃത്യമാക്കിയവർ എത്രയുണ്ട്?
- നിറം നൽകിയതിൽ മികവ് പുലർത്തിയതാരെല്ലാം?
- ഈ നിർമാണ പ്രവർത്തനത്തിലൂടെ പറവകളുമായി ബന്ധപ്പെട്ട ഏതെല്ലാം ആശയങ്ങളാണ് അവർ പ്രകിടിപ്പിച്ചത്?
- മുട്ടത്തോടിൽ പഞ്ഞിപൊതിഞ്ഞ് കോഴിക്കുഞ്ഞിനെ ഉണ്ടാക്കാനുള്ള പ്രവർത്തനം ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ നിർദേശിച്ചപ്പോൾ എത്ര രക്ഷിതാക്കൾ കുട്ടികളെ സഹായിച്ചു?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്-** സവിശേഷ സഹായം |
| പഠനവേഗത, ഹാജരാനാകാത്ത അവസ്ഥ, എന്നിവ കാരണം സചിത്രപ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പൂർണമാക്കാനാകാത്ത കുട്ടികൾക്ക് സവിശേഷ സഹായം വേണ്ടതുണ്ട്. അതിനായി മറ്റുകുട്ടികൾക്ക് സ്വയം നിയന്ത്രിത പ്രവർത്തനങ്ങൾ ( ചിത്രം വര, നിറം നൽകൽ, രൂപനിർമിതി ) നൽകി സഹായം ആവശ്യമുള്ളവർക്ക് പിന്തുണ നൽകണം.<br>എല്ലാ ആഴ്ചയിലും എല്ലാവരുടെയും രേഖപ്പെടുത്തലുകൾ പൂർണമാണെന്ന് ഉറപ്പാക്കുന്നതിനാണിത്.<br>സചിത്രപ്രവർത്തനപുസ്തകം വായനസാമഗ്രി കൂടിയാണ്. അവരവരെഴുതിയ എഴുതിയത് വായിക്കാൻ ഒരാൾക്കു പോലും അവസരം നഷ്ടപ്പെടരുത്. |

## അഞ്ചാം ദിവസം

| |
|---|
| **പ്രവർത്തനത്തിന്റെ പേര്**-വായിക്കാം കണ്ടെത്താം |
| **പഠനലക്ഷ്യങ്ങൾ:**<br>1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു<br>2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.<br>3. ചിത്രങ്ങൾ സ്വന്തമായ നിലയിൽ വ്യാഖ്യാനിക്കുന്നു |

**കരുതേണ്ട സാമഗ്രികൾ-**
**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**
മുട്ടകളൊക്കെ വിരിഞ്ഞു. മഞ്ഞക്കിളികൾക്ക് സന്തോഷമായി. അവർ സന്തോഷത്തോടെ കലപില പാടി.

കലപില കലപില
പറവകൾ പാടി
തന തന തന തന
തന തന താന

ടീച്ചർ വരികൾ ചാർട്ടിൽ ചൊല്ലുന്നു. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തൽ വായന നടത്തുന്നു.

- കലപില എന്നത് എവിടെയായിരിക്കും എഴുതിയിട്ടുള്ളത്?
- പറവകൾ പാടി എന്നത് എത്രമാത്തെ വരിയാണ്?

**വാക്കുകണ്ടെത്തൽ**

- പക്ഷികൾ ഉണ്ടാക്കുന്ന ശബ്ദത്തെ സൂചിപ്പിക്കുന്ന വാക്കുകൾ എത്രമാത്തെ വരിയിലാണ്?
- പുസ്തകത്തിലെ ഇടത്തേ പേജിൽ പറവകൾ പാറി എന്നാണ്. ഇവിടെയും പാറി എന്നു തന്നെയാണോ?
- പട എന്നും പാടി എന്നും എഴുതിയത് എവിടെയാണ്?
- ഏതൊക്കെ വാക്കുകളാണ് ആവർത്തിച്ചു വന്നിട്ടുള്ളത്?
- ഒരേ പോലെ അവസാനിക്കുന്ന വാക്കുകൾ ഏതെല്ലാമാണ്?

**അക്ഷരം കണ്ടെത്തൽ**

- പാറി, പാടി രണ്ടിലും ഉള്ള അക്ഷരം ഏതാണ്?
- പൊതുവായിട്ടുള്ള അക്ഷരം ഏതാണ്?
- ഇടത്തേ പേജിൽ ഇല്ലാത്ത ഏതെല്ലാം അക്ഷരങ്ങൾ വലത്തേ പേജിലും ഉണ്ട്?
- ക എത്ര തവണ വന്നിട്ടുണ്ട്?
- റി എന്നും റ എന്നും എഴുതിയിട്ടുള്ളത് കണ്ടെത്താമോ?
- ട എന്നും ടി എന്നും എഴുതിയത് എവിടെ?
- പ എന്നും പാ എന്നും പി എന്നും എഴുതിയത് എവിടൊക്കെ?

**താളാത്മകവായന ( ക്രമത്തിൽ)**

- ടീച്ചർ ചൂണ്ടുന്ന വരികൾ മാത്രം ചൊല്ലണം. ചൂണ്ടുമ്പോൾവാക്കുകളുടെ അടിയിലൂണ്ടെ പോയന്റർ ചലിപ്പിക്കണം..
- രണ്ടു ചാർട്ടിലെയും തന തന എന്നത് ചൂണ്ടൽ
- കുട്ടികൾ കൂട്ടമായി വന്ന് ചൂണ്ടി വായിക്കൽ

**ചങ്ങല വായന**

- നാലു പേരുവീതം വന്നു വായിക്കുന്നു. ഒരാൾ രണ്ടു വരി അടുത്തയാൾ അടുത്ത രണ്ടുവരി.രണ്ടു ചാര്ട്ടും വായിക്കണം.

**ചിത്രതാരതമ്യം**

മഞ്ഞക്കിളികൾ വരുന്ന രംഗവും മഞ്ഞക്കിളികളും മറ്റു കിളികളും സന്തോഷത്തോടെ പഴം തിന്നുന്ന രംഗവും ( പാഠപുസ്തകത്തിന്റെ അവസാനത്തുള്ള സ്വതന്ത്രവായനാസാമഗ്രിയിലെ ചിത്രം ) താരതമ്യം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ പറയുന്നു. രണ്ടാം ചിത്രത്തിൽ നിറം നൽകാനുള്ള പ്രവർത്തനം ചെയ്യിക്കുന്നു.
പ്രത്യേകപരിഗണ ആവശ്യമുള്ളവർക്ക് elkonin box ന്റെയും മറ്റുപഠനോപകരണങ്ങളുടെയും സഹായത്തോടെ വായനാ പരിശീലനം നൽകുന്നു.

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- വാക്ക് കണ്ടെത്തലിൽ എത്ര പേർക്ക് അവസരം കിട്ടി?
- അക്ഷരം കണ്ടെത്തുന്നതിന് സ്വീകരിച്ച തന്ത്രങ്ങൾ ഫലപ്രദമായിരുന്നോ?
- ചിത്രങ്ങൾ താരതമ്യം ചെയ്ത് സാമ്യ വ്യത്യാസം പറയുമ്പോൾ കൂടുതൽ പേർക്ക് അവസരം കിട്ടാൻ എന്താണ് ചെയ്തത്.
- ചങ്ങലവായനയിൽ പ്രയാസം നേരിട്ട കുട്ടികളാരൊക്കെയാണ്? അവർക്ക് എന്തു പിന്തുണയാണ് തുടർന്നുള്ള ദിവസങ്ങളിൽ ലഭിക്കേണ്ടത്?

**പ്രവർത്തനത്തിന്റെ പേര്-** പറവകൾ പാടി (എഴുത്തനുഭവം)

**പഠനലക്ഷ്യങ്ങൾ:**

1. വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ടു കേട്ട പാട്ടുകൾ, കഥാ ഗാനങ്ങൾ എന്നിവയെക്കുറിച്ച് വാചിക പ്രതികരണങ്ങൾ നടത്തുന്നു.
2. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം,) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.

**കരുതേണ്ട സാമഗ്രികൾ**- സചിത്രപ്രവർത്തനപുസ്തകം

**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

സചിത്രപ്രവർത്തനപുസ്തകത്തിൽ പറവകൾ വന്ന കാര്യം മാത്രമല്ലേ എഴുതിയിട്ടുള്ളൂ. ബാക്കി വേണ്ടേ? കലപില എന്നു തുടങ്ങുന്ന ഭാഗം.

ഇനി ടീച്ചറുടെ ചോദ്യങ്ങൾ

- ആദ്യം എഴുതേണ്ട വാക്കേതാണ്?
- അതിൽ ആദ്യം എഴുതേണ്ട അക്ഷരം ഏതാണ്?
- ആ അക്ഷരം അറിയാവുന്നവർ ആരെങ്കിലും ഉണ്ടോ? ടീച്ചറെ സഹായിക്കാമോ?
- രണ്ടാമത്തെ അക്ഷരം. ആർക്കു സഹായിക്കാം?
- എന്നാൽ ഞാനും എഴുതാം

കലപില കലപില

പറവകൾ പാടി എന്ന് ബോർഡിൽ എഴുതുന്നു. ലിപിയും ഉച്ചാരണവും തമ്മിൽ പൊരുത്തപ്പെടുത്തി ഉച്ചത്തിൽ പറഞ്ഞാണ് എഴുതേണ്ടത്. ഉറക്കെ ചിന്തിക്കുന്ന രീതിയിൽ വേണം വാക്കകലം പാലിച്ചെഴുതേണ്ടത്.

കുട്ടികൾ എഴുതുന്നതിനു മുമ്പായി വരികൾ ചൂണ്ടി വാക്കുകളിലേക്ക് ശ്രദ്ധ ക്ഷണിക്കണം. ബോർഡിൽ ക, ല എന്നീ അക്ഷരങ്ങളുടെ ഘടന പറഞ്ഞ് എഴുതുന്നു.

**കട്ടിയെഴുത്ത്**

മുറിച്ചോക്ക് ചരിച്ചു പിടിച്ച് കല എന്ന് അക്ഷരഘടന വ്യക്തമാകും വിധം ബോർഡിൽ എഴുതണം. കുട്ടികൾ വന്ന് അതിനു മുകളിലൂടെ നിറച്ചോക്കുവെച്ച് എഴുതട്ടെ. മറ്റുള്ളവർ കാണണം.

**സചിത്രബുക്കിലെഴുത്ത്**

- കുട്ടികൾ എഴുതേണ്ട സ്ഥലം ബുക്കിൽ വ്യക്തമാക്കുന്നു. (വലത്തുപേജിൽ )
- പിന്തുണാനടത്തവും പിന്തുണാബുക്കിലെഴുത്തും. കലപില എന്ന് എഴുതി പൂർത്തിയാക്കിയവർക്ക് ആ വരി പൂർത്തിയാക്കാം.
- എല്ലാവരും ആദ്യ വരി പൂർത്തിയാക്കിയാൽ ചാർട്ട് മറയ്ക്കണം. ഇനി പറവകൾ പാടി എന്ന് ബോർഡിൽ എഴുതാൻ ആര് എന്നെ സഹായിക്കൂ. കുട്ടികൾ നിർദേശിക്കുന്നതനുസരിച്ച് ടീച്ചർ എഴുതണം. പ എങ്ങനെയാണ്? ഇനി ഏതക്ഷരം? അതെങ്ങനെ? ആരെങ്കിലും വന്ന് സഹായിക്കാമോ? കുട്ടികളുടെ പങ്കാളിത്തത്തോടെയുള്ള എഴുത്താണ്. അറിയാവുന്നവ അവർ നിർദേശിക്കട്ടെ.

ബാക്കി ഇനി നിങ്ങൾക്ക് തനിയെ ബുക്കിൽ എഴുതാമോ? നേരത്തെ എഴുതിയതാണ്. പ-റ-വ-ക-ൾ എന്നിങ്ങനെ പറഞ്ഞെഴുതണം

പിന്തുണാ നടത്തം. തനിയെ എഴുതിയവർക്ക് അടുത്ത എഴുതാം. സഹായം വേണ്ടവർക്ക് പിന്തുണാബുക്കുപയോഗിച്ച് സഹയം.

പാറിയിലെ പാ ചിഹ്നം ചേർത്ത് ഒരു യൂണിറ്റായി എഴുതുകയാണ് വേണ്ടത്. പാ, ടി. പാടി. കൂട്ടിവായിക്കുകയും വേണം

തുടർന്ന് കുട്ടികളുടെ എഴുത്ത്. തത്സമയ വിലയിരുത്തലും ശരി അടയാളം നൽകലും.

പിന്തുണരചന

- എല്ലാവരുടെയും ബുക്കിൽ എല്ലാ വരികളും ആയി എന്ന് ഉറപ്പാക്കണം

എഴുതിയത് വായിക്കണ്ടേ?

**പാഠപുസ്തകത്തിലേക്ക്**

ഈ വരികൾ പാഠപുസ്തകത്തിലുണ്ടോ?

പാഠാവലി നോക്കുന്നു. കൂട്ടിച്ചേർക്കേണ്ട വാക്കുകൾ ഉണ്ടോ? ഏതു വരിയിൽ തനിയെ എഴുതാമോ? ( വിലയിരുത്തൽ പ്രവർത്തനം)

പിന്തുണാനടത്തം.

വായനപ്രക്രിയ

**പ്രതീക്ഷിത ഉല്പന്നം**

- സചിത്രപ്രവർത്തനപുസ്തകത്തിൽ പൂർത്തിയാക്കിയ വാക്യങ്ങൾ

**വിലയിരുത്തൽ**

- പാഠപുസ്തകവുമായി ഒത്തു നോക്കി വരികൾ കണ്ടെത്താൻ എല്ലാവർക്കും കഴിഞ്ഞുവോ?
- തനിയെ എഴുതാൻ കഴിഞ്ഞവരെത്രപേർ?
- എല്ലാവരുടെയും ബുക്കിൽ ശരി അടയാളവും മറ്റ് അംഗീകാരമുദ്രയും നൽകിയോ?
- കുട്ടികളുടെ സഹായത്തോടെയുള്ള പങ്കാളിത്ത എഴുത്തുരീതി ഫലപ്രദമാണോ?
-

## ആറാം ദിവസം

| |
|---|
| **പ്രവർത്തനത്തിന്റെ പേര്:** തൂവൽ നിരീക്ഷണം ( പരിസരപഠനം) |
| **പഠനലക്ഷ്യങ്ങൾ:**<br>1. നിരീക്ഷണപരീക്ഷണങ്ങളിലൂടെ പക്ഷികളുടെ തൂവലുകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.<br>2. |

**കരുതേണ്ട സാമഗ്രികൾ**- തൂവലുകൾ, പക്ഷിച്ചിത്രച്ചാർട്ട്.
**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**
മഞ്ഞക്കിളികളുടെ കൂട്ടിൽ കലപില. പക്ഷിക്കുഞ്ഞുങ്ങൾക്ക് തീറ്റ വേണം. മഞ്ഞക്കിളികൾ നാടാകെ പറന്നു തീറ്റ തേടി. മഞ്ഞക്കിളികളുടെ കുഞ്ഞുങ്ങളെ കാണാൻ നാട്ടുപക്ഷികളെത്തി. കിളിക്കൂട്ടങ്ങൾ വന്നപ്പോൾ കുട്ടികളുമെത്തി. പലതരം പക്ഷികൾ. അവർ ഫോട്ടോ എടുത്തു. പക്ഷികൾ പറന്നപ്പോൾ തൂവലുകൾ താഴെ വീണു. ഇത് എതു പക്ഷിയുടെ തൂവലാ? ഓരോ തൂവലുമെടുത്ത് കുട്ടികൾ ചോദിച്ചു.
**പ്രശ്നാവതരണം**
പക്ഷിത്തൂവൽ കണ്ടാൽ ഏതു പക്ഷിയുടേതാണെന്ന് തിരിച്ചറിയാൻ കഴിയുമോ?
പ്രതികരണങ്ങൾ
ക്ലാസിൽ എല്ലാവർക്കും ഓരോ പക്ഷിത്തൂവൽ വീതം നൽകുന്നു. സമാനമായ തുവലുകൾ കിട്ടിയവർ ഒന്നിച്ചു ചേരണം. തങ്ങൾക്ക് കിട്ടിയ തൂവൽ ഏത് പക്ഷിയുടേതാണെന്ന് കണ്ടെത്തണം. പാഠപുസ്തകത്തിലെയും കുട്ടികൾ തയ്യാറാക്കിയ പക്ഷിച്ചിത്രച്ചാർട്ടിലെയും ചിത്രങ്ങൾ നിരീക്ഷിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിലും കണ്ടെത്താം.
ചിത്രങ്ങൾ റഫറൻസ് രീതിയിൽ ഒട്ടിച്ച ആൽബമോ ചാർട്ടോ ടീച്ചറും തയ്യാറാക്കണം. ചിത്രങ്ങളുടെ താഴെ പേര് എഴുതിയിരിക്കണം. ഭാവിയിൽ  ഈ ചാർട്ട് പ്രയോജനപ്പെടും

- അങ്ങാടിക്കുരുവി, ആറ്റക്കറുപ്പൻ. ഓലേഞ്ഞാലി, ഇരട്ടത്തലച്ചി, ഉപ്പൻ, ഉപ്പൂപ്പൻ
- കട്ടുറു, കാക്ക, കാക്കത്തമ്പുരാട്ടി , കാട, കുയിൽ, കുരുവി കുളക്കോഴി, കൊറ്റി, കോഴി
- തത്ത, താറാവ്
- പരുന്ത്, പ്രാവ്,
- മൈന, മയിൽ,  മൂങ്ങ, മഞ്ഞക്കിളി, മണ്ണാത്തിപ്പുള്ള്,  മരംകൊത്തി,
- വേഴാമ്പൽ, വവ്വാൽ,  വാലുകുലുക്കി

പാഠപുസ്തകത്തിലെ വരച്ചുയോജിപ്പിക്കൽ പ്രവർത്തനം ചെയ്യുന്നു.
ഓരോഗ്രൂപ്പും കിട്ടിയ തൂവലുകൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയന്നു. ഓരോരുത്തരും  ഓരോ കാര്യം വീതം പറയണം.
**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**
1. പക്ഷിത്തൂവലകൾ നിരീക്ഷിച്ച് പരമാവധി കാര്യങ്ങൾ  കുട്ടികൾക്ക് പറയാൻ കഴിഞ്ഞോ? (സ്പർശിച്ച് തൂവലിന്റെ പ്രത്യേകത പറഞ്ഞവർ, ആകൃതിയും വലുപ്പച്ചെറുപ്പവും നിറവും സൂചിപ്പിച്ചവർ, പക്ഷിത്തൂവലിന്റെ ഭാരം ശ്രദ്ധിച്ചവർ, എല്ലാ പക്ഷിത്തൂവലുകളുടെയും പൊതുപ്രത്യേതകൾ കണ്ടെത്തിയവർ,-, താരതമ്യം ചെയ്ത് പറഞ്ഞവർ)
2. ഏതെക്കെ തൂവലുകൾ കണ്ടാൽ പക്ഷികളേതാണെന്ന് തിരിച്ചറിയാൻ ഇനി കുട്ടികൾക്ക് കഴിയും?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്:** തൂവൽ പരീക്ഷണം |
| **പഠനലക്ഷ്യങ്ങൾ:**<br>1. നിരീക്ഷണപരീക്ഷണങ്ങളിലൂടെ പക്ഷികളുടെ തൂവലുകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.<br>2. പക്ഷികൾക്ക് തൂവലുകൾ എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് അന്വേഷിച്ച് കണ്ടെത്തുന്നു. |

**കരുതേണ്ട സാമഗ്രികൾ**- തൂവലുകൾ, പാത്രം, വെള്ളം,
**പ്രതീക്ഷിത സമയം** - മുപ്പത്തഞ്ച് മിനിറ്റ്
**പ്രക്രിയാവിശദാംശങ്ങൾ**
**പ്രശ്നാവതരണം.**

പക്ഷി മഴ നനഞ്ഞാൽ പനി പിടിക്കില്ലേ? പാഠപുസ്തകത്തിലെ കാർട്ടൂണിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഒരു തൂവാല ഗ്ലാസിലെ വെള്ളത്തിൽ മുക്കിയ ഉയർത്തിക്കാണിക്കുന്നു. കുടയുന്നു. മുക്കുന്നതിനു മുമ്പും ശേഷവുമുള്ള വ്യത്യാസം കുട്ടികൾ പറയട്ടെ. ഇതുപോലെ തൂവലുകൾ വെള്ളത്തിൽ മുക്കിയെടുത്ത് കടഞ്ഞാൽ നനഞ്ഞുകുതിർന്നിരിക്കുമോ?

കുട്ടികളുടെ പ്രതികരണങ്ങൾ

കുതിരും , ഇല്ല

എങ്ങനെ കണ്ടെത്തും?

കുട്ടികളുടെ നിർദേശങ്ങൾ തേടണം

ലഭ്യമായ പക്ഷിത്തൂവലുകൾ ഗ്രൂപ്പുകളിൽ പരിശോധിക്കുന്നു. നനവില്ല എന്ന് ഉറപ്പാക്കുന്നു. നനവില്ലാത്ത തുണിക്കഷണവും ഗ്രൂപ്പുകൾക്ക് നൽകുന്നു

ടീച്ചർ പറയുമ്പോൾ ഒരേ സമയം എല്ലാ ഗ്രൂപ്പും തൂവലുകൾ വെള്ളത്തിൽ മുക്കുന്നു. തുണിക്കഷണവും വെള്ളത്തിൽ മുക്കുന്നു

അവ വെള്ളത്തിൽ മുക്കിയ ശേഷം എടുത്ത് കുടയുന്നു. എന്താണ് ഫലം?

കണ്ടെത്തലുകൾ പങ്കിടുന്നു.

നടത്തിയ പരീക്ഷണത്തിന്റെ ചിത്രം വരയ്ക്കാമോ? ( അറിയാവുന്ന രീതിയിൽ വരയ്ക്കട്ടെ)

നടത്തിയ പരീക്ഷണത്തെക്കുറിച്ച് വീട്ടിൽ ചെന്ന് എന്തു പറയും? നടന്ന കാര്യങ്ങൾ ക്രമമായി പറയാമോ?

**പ്രതീക്ഷിത ഉല്പന്നം**

- പരീക്ഷണത്തിന്റെ ചിത്രീകരണം

**വിലയിരുത്തൽ**

- പക്ഷിത്തൂവലും തുണിയും വെള്ളത്തിൽ മുക്കിയെടുത്ത് കുടഞ്ഞതിനു ശേഷം എന്തെല്ലാം നിഗമനങ്ങളാണ് കുട്ടികൾ അവതരിപ്പിച്ചത്?
- പരീക്ഷണത്തിന്റെ വാചിക വിവരണത്തിൽ കൂട്ടിച്ചേർക്കലുകൾ വേണ്ടി വന്നോ? അതിന് എത്ര കുട്ടികൾ സന്നദ്ധമായി?
- പരീക്ഷണം ചിത്രീകരിച്ചതിന് അംഗീകാരമുദ്ര നൽകിയോ?

| **പ്രവർത്തനത്തിന്റെ പേര്** -തൂവൽമയിൽ |
|---|
| പഠനലക്ഷ്യങ്ങൾ<br>1. നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മപേശി വികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>2. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |

**കരുതേണ്ട സാമഗ്രികൾ-** മയിലിന്റെ കട്ടൗട്ട് ( നീല കളർപേപ്പറിൽ ), വിവിധ തൂവലുകൾ. പശ, എ ഫോർ പേപ്പർ

**പ്രതീക്ഷിത സമയം-** മുപ്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

ഒരു ദിവസം മയിൽ ആടാൻ പോയി, മയിലാട്ടം കണ്ട് എല്ലാവരും മയിലിനെ അഭിനന്ദിച്ചു. തിരികെ വന്ന മയിൽ ക്ഷീണിച്ചുപോയി. മയിൽ ഉറങ്ങാൻ തീരുമാനിച്ചു, ഉണർന്നപ്പോഴോ? മനോഹരമായ തൂവലുകളൊക്കെ കാണാനില്ല! മയിലിന് സങ്കടമായി. അത് കരഞ്ഞു. മയിലിന്റെ തൂവലുകൾ ആരോ എടുത്തതാണ്? അത് ശരിയാണോ? എന്താണ് നിങ്ങളുടെ അഭിപ്രായം? കൊഴിയുന്ന തൂവലുകൾ എടുക്കുന്നതുപോലെയാണോ ബലമായി പറിച്ചെടുക്കുന്നതും മയിലിനെ കൊന്ന് തൂവലുകൾ എടുക്കുന്നതും? നമ്മൾ അത്തരം പ്രവൃത്തി തെറ്റാണെന്നു പറയണം. മയിലിനോട് സ്നേഹമുണ്ടെങ്കിൽ മയിലിന്റെ തൂവലുകൾ ആഗ്രഹിക്കരുത്. നമ്മൾക്ക് മയിലിന് തൂവലുകൾ നൽകാം.

എല്ലാ ഗ്രൂപ്പുകൾക്കും കട്ടൗട്ട് നൽകുന്നു. വിവിധതരം പക്ഷികളുടെ തൂവലുകളോ പേപ്പറിൽ വെട്ടിയെടുത്ത തൂവലുകളോ നൽകുന്നു. അത് ക്രമീകരിച്ച് ഒട്ടിച്ച് മയിലിന് തൂവലു പിടിപ്പിക്കുന്നു,

ഉല്പന്നം ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു

**പ്രതീക്ഷിത ഉല്പന്നം**

- തൂവൽ ഒട്ടിച്ച മയിലിന്റെ രൂപം

**വിലയിരുത്തൽ**

- മയിലിന്റെ അവസ്ഥയോട് കുട്ടികളുടെ പ്രതികരണം എങ്ങനെയായിരുന്നു?
- മറ്റുള്ളവരുടെ പക്ഷത്ത് നിന്ന് ആലോചിക്കാനുള്ള ശ്രമം ഉണ്ടായോ?
- ജീവികളെ രക്ഷിച്ച, സഹായിച്ച അനുഭവങ്ങൾ ആരെങ്കിലും പങ്കിട്ടുവോ?
- മയിലിന് തൂവലുകൾ പിടിപ്പിച്ചപ്പോൾ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടായോ?
- നിർമാണപ്രവർത്തനത്തിൽ സൂക്ഷ്മത പാലിച്ചുവോ?

- പരസ്പര വിലയിരുത്തലിന് അവർ എന്തെല്ലാം കാര്യങ്ങളാണ് പരിഗണിച്ചത്?

| **പ്രവർത്തനത്തിന്റെ പേര്** -തനതിന തനതിന തൂവലു താ ( വായന, വരച്ചുയോജിപ്പിക്കൽ) |
| --- |
| 1. ചിത്രം ശേഖരിച്ച് (കാക്ക, തത്ത, മൈന, കുയിൽ, പരുന്ത്, വവ്വാൽ, തുടങ്ങി നാട്ടുപക്ഷികളുടെ) ക്ലാസ് ആൽബം തയ്യാറാക്കുന്നു. 2. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു 3. ശബ്ദഭംഗി ഉളവാക്കുന്ന വിധത്തിലുള്ള അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു. |

**കരുതേണ്ട സാമഗ്രികൾ-** പാഠപുസ്തകം
**പ്രതീക്ഷിത സമയം- നാല്പത് മിനിറ്റ്**
**പ്രക്രിയാവിശദാംശങ്ങൾ**
കുട്ടികൾ തീരുമാനിച്ചു-പക്ഷിത്തൂവലുകൾ ശേഖരിക്കണം. തൂവൽ കൊണ്ട് ആൽബം ഉണ്ടാക്കണം.
പക്ഷികളുടെ തൂവലുകൾ പറിച്ചെടുക്കരുത് , വീഴുന്നത് എടുത്താൽ മതി എന്ന് അമ്മ വിളിച്ചു പറഞ്ഞു
കുട്ടികളെല്ലാവരും മരച്ചുവട്ടിലേക്ക് പോയി. ധാരാളം പക്ഷികൾ. അവ പാറിപ്പറക്കുന്നു. ചില പക്ഷികൾ പറന്നപ്പോൾ തൂവലുകൾ കൊഴിഞ്ഞുവീണു. അത് ഏത് പക്ഷിയുടെയാകും ? തൂവലുകണ്ടാൽ തിരിച്ചറിയാമോ?
പാഠപുസ്തകം എടുക്കൂ.
എന്തെല്ലാമാണ് ചിത്രത്തിൽ കാണുന്നത്?
ഏതെല്ലാം പക്ഷികളെ അറിയാം?
വരച്ച് യോജിപ്പിക്കൂ.
വയ്ക്കുമ്പോൾ വരകൾ കൂട്ടിമുട്ടാതിരിക്കണം. അമർത്തി വരയ്ക്കണ്ട.
ഓരോരുത്തരും വരച്ച ശേഷം പരസ്പരം വിലയിരുത്തുന്നു.

- വായനപ്രക്രിയ ( കണ്ടെത്തൽ വായന, ക്രമത്തിൽ വായന, ചങ്ങലവായന)

പറവകൾ, തൂവലുകൾ
പറവകൾ പാറി
പറവകൾ പാടി
തന തിന തന തിന
തൂവലു താ
എന്നീ വരികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ടീച്ചർ വായിക്കാതെ കുട്ടികൾക്ക് നേരത്തെ പരിചയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വായിക്കാനാകുമോ എന്നാണ് നോക്കേണ്ടത്.

- പാറി എന്ന് എത്രമാത്തെ വരിയിലാണ് എഴുതിയിട്ടുള്ളത്?
- പറവകൾ എന്ന് എത്രതവണ എഴുതിയിട്ടുണ്ട്?
- തന തിന തന തിന എന്ന് എത്രാമത്തെ വരിയിലാണ് എഴുതിയിട്ടുള്ളത്?
- താ എന്ന വാക്ക് എവിടെയാണ്?
- പ എത്ര തവണ?
- പാ എന്ന് എവിടൊക്കെ?
- സന്നദ്ധ വായന. അറിയാവുന്ന വാക്കോ വരിയോ ചൂണ്ടി വായിക്കാം
- തുടർന്ന് ടീച്ചറുടെ ചൂണ്ടി വായന
- കുട്ടികളുടെ ഒത്തു വായന
- തൂവലുകൾ എന്ന് എഴുതിയത് തൊട്ടുകാണിക്കാമോ?
- തൂവലു താ എന്ന വരി ചൂണ്ടിക്കാണിക്കാമോ?
- തൂ എന്ന് എഴുതിയതിന് അടിയിൽ വരയിടാമോ? ( പാഠപുസ്തകം)

താളാത്മക വായന
തനതിന തന തിന
തൂവലു താ.
തുടർന്ന് പാഠഭാഗം ഒന്നാം പേജു മുതൽ ഗ്രൂപ്പായി വായിക്കുന്നു. ( താളത്തിൽ)
**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- നിർദേശിക്കുന്ന അക്ഷരവും വാക്കും കണ്ടെത്താൻ കഴിഞ്ഞവർ എത്രപേർ?
- കൂടുതൽ സഹായം ആർക്കൊക്കെ നൽകേണ്ടിവന്നു?

LPSAH


- പാഠഭാഗം ഒന്നാം പേജുമുതൽ വായിക്കാൻ കഴിഞ്ഞവരെത്രപേർ?
- ചങ്ങലവായനയുടെ സാധ്യത പ്രയോജനപ്പെടുത്തിയോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്- സ്വതന്ത്രവായനപാഠം** |
| **പഠനലക്ഷ്യങ്ങൾ**<br>**1. പരിചിതാക്ഷരങ്ങളുളള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു** |

**കരുതേണ്ട സാമഗ്രികൾ-** സ്വതന്ത്രവായനാപാഠങ്ങൾ

**പ്രതീക്ഷിത സമയം-** ഇരുപത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

**സ്വതന്ത്ര വായനാപാഠം**

പരിചയിച്ച അക്ഷരങ്ങൾ പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനുള്ളതാണ് സ്വതന്ത്രവായനാപാഠങ്ങൾ. ഇത് ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിട്ടാൽ മതിയാകും. കുട്ടികൾ തനിയെ/സഹായത്തോടെ ചൊല്ലി ഗ്രൂപ്പിൽ ഇടണം. വാട്സാപ്പ് സൗകര്യം ഇല്ലാത്തവർക്ക് കോപ്പി നൽകണം. അടുത്ത ദിവസം ചാർട്ടിൽ പ്രദർശിപ്പിച്ച് സന്നദ്ധ വായന, സഹവർത്തിത വായന എന്നിവ നടത്തണം.

1

തകതക തകതക തൂവലുകൾ
പലപല പലപല തൂവലുകൾ
തകതക തക തക തകതാനാ
തകതാനാ തകതക താനാ

2

പല പറവകൾ
പല തൂവലുകൾ
പല പകലുകൾ
പല പാടലുകൾ

**പ്രതീക്ഷിത ഉല്പന്നം**

- തൂവലും കിളിയും തെറ്റില്ലാതെ വരച്ചു യോജിപ്പിച്ചത്

**വിലയിരുത്തൽ**

- പക്ഷികൾക്ക് തണ്ണീർപ്പാത്രം വെച്ചതിനെക്കുറിച്ച് കുട്ടികൾ എന്താണ് പറഞ്ഞത്?
- ചിത്രത്തിൽ നിന്നും എന്തെല്ലാം കാര്യങ്ങൾ അവർ വായിച്ചെടുത്തു.
- പക്ഷിനിരീക്ഷണം നടത്തുന്ന കുട്ടിയുടെ കൈയിലെ ഉപകരണത്തെക്കുറിച്ച് അവർ ചോദ്യങ്ങൾ ഉന്നയിച്ചുവോ
- പക്ഷികളുമായി ബന്ധപ്പെട്ട് അന്വേഷണാത്മകമായ ചോദ്യങ്ങൾ ആരെങ്കിലും ചോദിച്ചുവോ?

## ഏഴാം ദിവസം

| |
|---|
| **പ്രവർത്തനത്തിന്റെ പേര്.** വരൂ പറവകളേ ( പക്ഷികളുടെ ആഹാരം) |
| **പഠനലക്ഷ്യങ്ങൾ:** പക്ഷികളെ നിരക്ഷിച്ചും മറ്റുള്ളവരോട് അന്വേഷിച്ചും പക്ഷികളുടെ ആഹാരത്തെക്കുറിച്ച് വിവരം ശേഖരിക്കുന്നു. |

**കരുതേണ്ട സാമഗ്രികൾ-** പക്ഷികൾ ഇരതേടുന്ന വീഡിയോ

**പ്രതീക്ഷിത സമയം** -

**പ്രക്രിയാവിശദാംശങ്ങൾ**

- ഏതൊക്കെ പക്ഷികളെ വീട്ടിൽ വളർത്തുന്നുണ്ട്?
- അവ എന്തെല്ലാമാണ് തിന്നുന്നത്?
- കണ്ടതിന്റെയും കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഓരോരോ പക്ഷികളുടെ തീറ്റയെക്കുറിച്ച് കുട്ടികൾ സംസാരിക്കുന്നു
- പക്ഷികൾ ഇര തേടുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നു
- മാംസവും വിത്തുകളും പഴവർഗങ്ങളും എന്നെല്ലാം ഉത്തരം കിട്ടും
- തേൻ?
- പാഠപുസ്തകം രണ്ടാം യൂണിറ്റിലെ കരുവിയുടെ ചിത്രം നോക്കൂ. ചുണ്ട് നോക്കൂ. എന്താണ് പ്രത്യേകത? ആ താറാവിന് കുരുവിയെപ്പോലെ പൂക്കളിൽ നിന്നും തേൻകുടിക്കാൻ പറ്റുമോ?

- എല്ലാ പക്ഷികളുടെയും ചുണ്ടുകൾ ഒരുപോലെയാണോ? താറാവ്, കോഴി എന്താണ് വ്യത്യാസം?
- പക്ഷിയുടെ ചുണ്ടുകൾ നമ്മുടെ ചുണ്ടുകൾ പോലെ മൃദുവാണോ? എന്തായിരിക്കാം കാരണം?

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- പരിചയമുള്ള പക്ഷികളുടെ ചുണ്ടുകളുടെ പ്രത്യേകത പറയാൻ കഴിയുന്നുണ്ട്
- ചുണ്ടിന്റെ ഉപയോഗം സംബന്ധിച്ച സംശയങ്ങളും ചോദ്യങ്ങളും ഉന്നയിക്കുന്നുണ്ട്.

| പ്രവർത്തനത്തിന്റെ പേര്- പക്ഷികളും കാലുകളും |
|---|
| പഠനലക്ഷ്യങ്ങൾ<br>• പരിചിത പക്ഷികളുടെ കാലുകൾ നിരീക്ഷിച്ച് പ്രത്യേകതകൾ ചിത്രീകരിക്കുന്നു. കാൽപ്പാടുകൾ നിരീക്ഷിച്ച് പക്ഷികളുടേത് തിരിച്ചറിയുന്നു. |

**കരുതേണ്ട സാമഗ്രികൾ-** ചിത്രങ്ങൾ

**പ്രതീക്ഷിത സമയം-** മുപ്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

പ്രശ്നാവതരണം

മുറ്റത്തെ നനഞ്ഞ മണ്ണിൽ കൂടി മൂന്നു ജീവികൾ നടന്നു പോയി. കുറേ സമയം കഴിഞ്ഞ് എത്തിയ സിന ചോദിച്ചു മുറ്റത്തുകൂടി ആരുടെ ആടാ പോയത്?

അതു കേട്ട ഷീന മുറ്റത്തു നോക്കിയിട്ടു പറഞ്ഞു

ആടല്ല കോഴിയാ പോയത്.

അവർ തമ്മിൽ തർക്കമായി. അപ്പോൾ സാലി വന്നു. കാര്യം തിരക്കി എന്നിട്ട് മുറ്റത്തു നോക്കി.

നിങ്ങൾ തമ്മിൽ തർക്കിക്കണ്ട. പോയത് പട്ടിയാ.

ഇവർ മൂന്നു പേരും പറഞ്ഞതു ശരിയാരിക്കുമോ?

എങ്ങനെയാണ് കാല്പാട് കണ്ടിട്ട് പറയാനാവുക?

കുട്ടികൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പറയട്ടെ.

പുറത്ത് പക്ഷികളെയും ജീവികളെയും നിരീക്ഷിക്കാൻ പോകാം. ( വീട്ടിൽ നിന്നും നിരീക്ഷിച്ച് വരാനും ആവശ്യപ്പെടാം. അടുത്ത ദിവസം വർക് ഷീറ്റ് നൽകിയോ പക്ഷികളുടെ കാലുകൾ വ്യക്തമാകുന്ന ചിത്രങ്ങൾ നിരീക്ഷിച്ചോ കണ്ടെത്തലുകൾ നടത്തി പ്രത്യേകതകൾ പറയട്ടെ.

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- പക്ഷികളുടെ വിരലുകളുടെ പ്രത്യേകതകൾ കണ്ടെത്തിയരെത്രപേർ?
- പക്ഷികളുടെ എല്ലാം കാലുകൾ ഒരേപോലെയല്ലയെന്ന് നിരീക്ഷിച്ചറിഞ്ഞ കുട്ടികളുണ്ടോ?
- മരക്കമ്പിൽ ഇരിക്കുന്നതിന് പക്ഷികളുടെ വിരലുകൾ എപ്രകാരം സഹായിക്കുന്നുവെന്ന് പറഞ്ഞവരുണ്ടോ?
- പരിചിത ജീവികളുടെ കാലുകളുടെ സവിശേഷത കണ്ടെത്താൻ എത്ര പേർ ശ്രമിച്ചു?

| **പ്രവർത്തനത്തിന്റെ പേര്-** കടങ്കഥക്കളി ( ഭാഷ) |
|---|
| **പഠനലക്ഷ്യങ്ങൾ-**<br>1. കടങ്കഥകേളികളിൽ ഏർപ്പെടുന്നു<br>2. വസ്തുക്കളുടെയും സംഭവങ്ങളുടെയും പ്രധാനവിവരങ്ങൾ വാചികമായി അവതരിപ്പിക്കുന്നു. |

**കരുതേണ്ട സാമഗ്രികൾ**- കടങ്കഥകൾ,

**പ്രതീക്ഷിത സമയം** - ഇരുപത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

ജിജ്ഞാസ ഉണർത്തുന്ന രീതിയിൽ വേണം അവതരിപ്പിക്കാൻ. ഞാൻ ഒരു ജീവിയുടെ പ്രത്യേകത പറയും. ഏതു ജീവിയെക്കുറിച്ചാണെന്നു പറയാമോ?

ചിറകുണ്ട്

കറുകറുത്തിരുണ്ട നിറം

കണ്ണു ചുവന്നതാണ്

കാട്ടിലും നാട്ടിലും പാട്ടുപാടും.

(ഊഹിച്ചു പറയാൻ അവസരം, തുടർന്ന് വിവിധ പക്ഷികളുടെ ചിത്രങ്ങൾ കാണിക്കുന്നു. അതിൽ നിന്നും ഉത്തരം കണ്ടെത്താൻ അവസരം)

ഇതുപോലെ കുട്ടികൾക്ക് നിർമിക്കാൻ കഴിയും വിധമുള്ള ഒന്നോ രണ്ടോ കടങ്കഥകൾ ടീച്ചർ ചോദിക്കുന്നു. തുടർന്ന് കുട്ടികൾക്ക് അവസരം

ഇത്തരം പ്രവർത്തനംകൊണ്ടുമാത്രം എല്ലാകുട്ടികൾക്കും അവസരമാകുമോ? പഠനലക്ഷ്യം നേടാനാകുമോ?

പൊതുക്ലാസ് പ്രവർത്തനത്തിന് പലപ്പോഴും എല്ലാ വ്യക്തികൾക്കും പരിഗണന സാധ്യമല്ലാതെ വരാം. പ്രായോഗികതയുടെ പേരിൽ ഒഴിവാക്കാൻ എളുപ്പവുമാണ്.

ഒന്നാം ക്ലാസിലെ ആദ്യ പ്രവർത്തനം മുതൽ ഉൾപ്പെടുത്തൽ സമീപനം മുന്നിൽ നിറുത്താം

പങ്കാളിത്ത രീതിയിൽ താറാവിനെക്കുറിച്ച് കടങ്കഥ നിർമിക്കുന്ന ഒരു ഘട്ടം ആകാം.

താറാവിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു. ( ചാർട്ടിൽ ഒട്ടിക്കാം)

ഓരോരുത്തരായി ഓരോകാര്യം വീതം പറയണം

ടീച്ചറ് അത് എഴുതും ( ആരും വായിക്കാനല്ല. കുട്ടികൾ പറയുന്നത് വിലമതിക്കുന്നു എന്ന തോന്നലിനും എഴുത്തുരീതി പരിചയപ്പെടാനും)

- മുട്ടയിടും
- ചിറകുണ്ട്
- വളർത്തും
- വെള്ളത്തിലും കരയിലും ജീവിക്കും
- നീന്തും

ഇങ്ങനെയാകും  ഓരോന്നു കുട്ടികൾ പറയുക

അതിനെ എങ്ങനെ കടങ്കഥയാക്കും?

- മുട്ടയിടും ഞാൻ, ചിറകുണ്ടെനിക്ക്, നീന്തും ഞൻ മീനല്ല. ഞാനാര്?
- കരയിലും വെള്ളത്തിലും ക്വാ ക്വാ
- ..........................

തുടർന്ന് കുട്ടികൾക്ക് വിവിധ പക്ഷികളുടെ ചിത്രങ്ങൾ നൽകുന്നു. വീട്ടിലുള്ളവരുമായി ആലോചിച്ച് കടങ്കഥ ഉണ്ടാക്കാം. തനിയെ ഉണ്ടാക്കാൻ കഴിയുന്നവർ അങ്ങനെ ചെയ്യാം. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ കടങ്കഥകളുടെ ശബ്ദസന്ദേശമായി ഇടാം. അവിടെ പങ്കിടുന്ന കടങ്കഥകൾ പിറ്റേ ദിവസം ക്ലാസിൽ ചോദിക്കാനും അവസരം ഒരുക്കണം.

കിളിയനുഭവം പറയാനും എല്ലാവർക്കും അവസരം നൽകണം.

**പ്രതീക്ഷിത ഉല്പന്നം**

- കുട്ടികളുണ്ടാക്കിയതോ ശേഖരിച്ചതോ ആയ കടങ്കഥകൾ

**വിലയിരുത്തൽ**

- എത്ര കുട്ടികൾ കടങ്കഥ ഉണ്ടാക്കൽ പ്രവർത്തനം ഏറ്റെടുത്തു?
- കുട്ടികളുണ്ടാക്കിയ കടങ്കഥകൾ സൂക്ഷിക്കുന്നതിനുള്ള ക്രമീകരണം നടത്തിയോ? വായനാസാമഗ്രികളാക്കാനാകുമോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്.** പാട്ടരങ്ങ് (കിളിയുടെ പാട്ട്) |
| **പഠനലക്ഷ്യങ്ങൾ:** പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായ്മ സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്നു |

**കരുതേണ്ട സാമഗ്രികൾ**- പക്ഷിപ്പാട്ടുകൾ

**പ്രതീക്ഷിത സമയം** - പത്ത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

- പക്ഷിപ്പാട്ടുകൾ ചൊല്ലി ആസ്വദിക്കൽ. രക്ഷിതാക്കളുടെ സഹായത്തോടെ പക്ഷികൾ പ്രമേയമായി വരുന്ന പാട്ടുകൾ ശേഖരിക്കുന്നു. ഒറ്റയ്ക്കും കൂട്ടമായും ക്ലാസിൽ അവതരിപ്പിക്കുന്നു
- വരികൾ കൂട്ടിച്ചേർത്ത് ചൊല്ലുന്നു.
- പറവകളായി സ്വയം സങ്കല്പിച്ച് ചലിച്ചുകൊണ്ട് ചൊല്ലുന്നു

ഉദാഹരണം

**കിളിയുടെ പാട്ട്**

പാടി വിളിച്ചാൽ പാറി വരും

കിളിയുടെ പാട്ടുകളറിയാമോ?

കിളിയിൽ മഞ്ഞക്കിളിയുണ്ട്

വാഴക്കിളിയും രാക്കിളിയും
ആറ്റക്കുരുവി രാക്കുരുവി
പാടക്കുരുവി തീക്കുരുവി
..........................
...........................
പാടി വിളിച്ചാൽ പാറി വരും
കിളിയുടെ പാട്ടുകൾ പാടാമോ?
ചിറകുകൾ വീശിയടിക്കാമോ?
കിളിയെപ്പോലെ ചിലയ്ക്കാമോ?
നക്ഷത്രങ്ങൾ തൊട്ടുതലോടി
വാനിലുയർന്നു പറക്കാമോ?

**പ്രതീക്ഷിത ഉല്പന്നം**

- കുട്ടികൾ അവതരിപ്പിച്ച പാട്ടുകൾ വായനസാമഗ്രിയാക്കിയത്
- കുട്ടികൾ പാടിയത് റിക്കാർഡ് ചെയ്തത്.

**വിലയിരുത്തൽ**

- വാക്കുകളോ വരികളോ കൂട്ടിച്ചേർക്കാൻ കഴിഞ്ഞവരുണ്ടോ?
- താളമിട്ട് ചൊല്ലുന്നതിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിയോ?
- അഭിനയസാധ്യത പ്രയോജനപ്പെടുത്തിയോ?
- എത്ര കുട്ടികൾക്ക് പക്ഷിപ്പാട്ടുകൾ പങ്കിടാൻ കഴിഞ്ഞു?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്.** നിറം താ ( എഴുത്ത്, വായന, നിറം നൽകൽ, പാട്ട് ) |
| **പഠനലക്ഷ്യങ്ങൾ:**<br>1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം,) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>2. പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായ്മ സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്നു |

**കരുതേണ്ട സാമഗ്രികൾ**- സചിത്രപ്രവർത്തനപുസ്തകം, ക്രയോൺസ്.

**പ്രതീക്ഷിത സമയം** - നാല്പത് മിനിറ്റ്

**പ്രക്രിയാവിശദാംശങ്ങൾ**

പാട്ട് എല്ലാവരും ഏറ്റുപാടി രസിക്കുന്നു. താളമിടാം? രണ്ടു സംഘമായി ചോദ്യോത്തരപ്പാട്ടായി അവതരിപ്പിക്കാം.

എവിടെനിന്നു പാറി വന്നു സുന്ദരിക്കിളീ
ഇവിടെയെങ്ങും ഇതിനു മുമ്പു കണ്ടതില്ലല്ലോ?
ദുരെയൊരു നാട്ടിൽനിന്നു വന്നതാണേ
മലകടന്നു കടൽ കടന്നു വന്നതാണേ
എവിടെനിന്നു പാറി വന്നു സുന്ദരിക്കിളീ
ഇവിടെയെങ്ങും ഇതിനു മുമ്പു കണ്ടതില്ലല്ലോ?
ദേശങ്ങൾ പലതു കണ്ടു വന്നതാണേ
ദേശാടനക്കിളികൾ ഞങ്ങളാണേ
വന്ന നാട്ടിൽ മഞ്ഞുരുകും പൂക്കൾ ചിരിക്കും
അക്കാലം ഞങ്ങളും തിരിച്ചു പറക്കും

മഞ്ഞക്കിളികളുടെ കുഞ്ഞുങ്ങൾ വളർന്നു. സ്വന്തം നാട് മക്കൾക്ക് കാണണം. മഞ്ഞക്കിളികൾ തിരിച്ചുപോകാൻ തീരുമാനിച്ചു. നാട്ടുകിളികൾ യാത്രയയപ്പ് നൽകി. ( കുട്ടികൾക്ക് ഈ രംഗം അഭിനയിക്കാം). എല്ലാ മഞ്ഞക്കിളികളും വിളഞ്ഞ പാടത്തെ കതിരുകൾ കൊത്തിയെടുത്തു പറന്നോളൂ. പോകുന്ന വഴിക്ക് തിന്നാം. കുറച്ചുമഞ്ഞക്കിളികൾ താഴേക്ക് പറന്നു. സചിത്ര പുസ്തകത്തിലെ നിറം താ എന്ന പേജിലെ സൂചന അനുസരിച്ച് മഞ്ഞ നിറം നൽകുന്നു. നാട്ടു കിളികൾ പല വഴിക്ക് പോയി. എങ്ങോട്ടൊക്കെയാണ് പോയത്? നിറസൂചന അനുസരിച്ച് നിറം നൽകൂ. അതിനു മുമ്പ് പക്ഷികൾ പറഞ്ഞത് എഴുതണം. എന്താ എഴുതേണ്ടത്? നിറം താ.

- ലേഖന പ്രക്രിയ ( ചാർട്ടെഴുത്തു മുതൽ തെളിവെടുത്തെഴുത്ത് വരെ )
- വായനപ്രക്രിയ ( കണ്ടെത്തൽ വായന, തുടക്കം മുതലുള്ള ചാർട്ടുകളുടെ വായന)
- ബോർഡ് എഡിറ്റിംഗ് ( ഇതുവരെ പരിചയപ്പെട്ട ഏതു വാക്യവും എഴുതാം)
- തുടർന്ന് നിറം നൽകൽ

ഏതു നിറമുള്ള കിളികളാണ് കൂടുതൽ?
ഏതു വശത്തേക്ക് പറന്നവരാണ് കുറവ്?
വലത്തോട്ട് പറന്നവരും ഇടത്തോട്ടു പറന്നവരും തുല്യ എണ്ണമാണോ? തുല്യമാക്കാൻ എന്തു ചെയ്യും?

**പ്രതീക്ഷിത ഉല്പന്നം**

- നിറം നൽകിയ ചിത്രം
- നിറം താ എന്നെഴുതി പൂർണമാക്കിയ ചിത്രം

**വിലയിരുത്തൽ**

- ചോദ്യോത്തരപ്പാട്ട് കുട്ടികൾ ആസ്വദിച്ചുവോ?
- ദേശാടനക്കിളികൾ വന്നതുമുതലുള്ള സംഭവങ്ങൾ ക്രമമായി പറയാൻ അവസരം നൽകിയോ?
- നിർദേശം പാലിച്ച് നിറം നൽകിയവരെത്രപേർ?
- നിറം നൽകിയത് പരസ്പര വിലയിരുത്തലിന് വിധേയമാക്കിയോ?
-